ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൧൮.

# കേരളചരിതം

ആക്ടിങ് ക്യൂറേട്ടർ

കെ. മഹാദേവശാസ്ത്രികൾ

പരിശോധിച്ചു്

മഹോന്നതമഹാമഹിമശ്രീ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതു്.

---

ദ്വിതീയസംസ്കരണം

---

തിരുവനന്തപുരം:
തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു്,
൧൧൧൨.

6055

ŚRĪ VAÑCI SETU LAKṢMĪ SERIES.
No. XVIII.

THE

# KERALACARITAM

EDITED BY

K. MAHĀDEVA ŚĀSTRĪ

*Ag. Curator for the Publication of Oriental Manuscripts*

---

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF
HIS HIGHNESS THE MAHARAJA OF TRAVANCORE.

---

**Second Edition.**

---

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1939.

REDUCED PRICE

*All Rights Reserved.*]

ശ്രീഃ

ചിത്രാപദാനരമണീയകലാവിലാസീ
ചിത്രാവതാരപരമാദ്ഭുതപൂർണ്ണചന്ദ്രഃ
ചിത്രോത്തരേണ മഹസാ സഹസാ പ്രവൃദ്ധ-
ശ്ചിത്താംബുജാനി വികസന്തി കരോത്യജസ്രം.

തസ്യാസ്യ വഞ്ചിവസുധോദയസങ്ഗതസ്യ
രാജ്ഞഃ കൃപാമൃതഝരീപരിപോഷിതേയം
ഗ്രന്ഥാവലീ വിവിധരമ്യകൃതിപ്രശസ്താ
മുക്താവലീവ കൃതിനാം ഹൃദയേ ചകാസ്തു.

കെ. മഹാദേവശാസ്ത്രീ.

# പ്രസ്താവന.

കേരളചരിത്രം, അനേകം പ്രകാരത്തിൽ പ്രകാശിതമായിട്ടുണ്ടെങ്കിലും, ഇനിയും അന്ധകാരക്കല്ലറയ്ക്കടിയിൽപെട്ടുകിടക്കുന്നതു് എത്രയാണെന്നു കണക്കില്ല. കാൎയ്യസാമ്യത്തിൽ നാമഭേദങ്ങൾപോലെ, നാമസാമ്യത്തിൽ കാൎയ്യഭേദങ്ങൾ ശ്രദ്ധേയങ്ങളല്ലാതെവരുവാൻ തരമില്ലല്ലൊ. ശ്രീപരശുരാമന്റെ സൃഷ്ടിയും ചേഷ്ടയും കേരളത്തെ എത്രകണ്ടു വിഷയീകരിച്ചിട്ടുണ്ടെന്നുള്ളതു വിശദപ്പെടുത്തുവാനുള്ള പ്രകാശങ്ങൾ മതിയാകുന്നില്ല. ഇതുവരെ പ്രകടമാകാത്ത പല സങ്ഗതികളും അന്തർഭവിച്ചിട്ടുള്ള പ്രസ്തുത കേരളചരിത്രം, വേഷംകൊണ്ടും, ഭാഷകൊണ്ടും, കാൎയ്യംകൊണ്ടും, കൈകാൎയ്യംകൊണ്ടും ഒരു പുതുമയുള്ള പഴമകൊള്ളുകയാൽ, ചരിത്രഗവേഷണപരായണന്മാൎക്കു വളരെ വകയുള്ള ഒന്നാണെന്നു പ്രത്യക്ഷത്തിൽ കാണാം. ഇതുതന്നെയാണു്, പ്രസാധനീയകോടിയിൽ പരിഗണിക്കാൻ ഇടയാക്കിയതെന്നു്, ഇതുകൊണ്ടു വ്യക്തമാണല്ലോ.

6055

ശ്രീപരശുരാമസൃഷ്ടിമുതൽ, സുപ്രസിദ്ധനായ ചേരമാൻ പെരുമാൾ അശ്രുവിനെഴുന്നള്ളിയശേഷം, കരിപ്പത്തുകോവിലകത്തു ഉദയവൎമ്മകോലത്തിരിവടക്കൻ പെരുമാളെ കിരീടപതിയാക്കി കേരളപതിയായി കല്പിച്ചതുവരെയുള്ള ചരിത്രഭാഗമാണു് ഇതിൽ പ്രാധാന്യേന സങ്ഘടിതമായി കാണുന്നതു്. ആദിചരിത്രത്തിലെ പല ആവരണങ്ങളും ഇതുകൊണ്ടു നീങ്ങിയിരിക്കുകയാൽ, ജിജ്ഞാസുക്കൾക്കു് ഒരു പൎയ്യാലോചനാപദ്ധതി തുറന്നിരിക്കുന്നു എന്നുള്ളതാണു് ഈ പ്രസിദ്ധീകരണത്തിന്റെ മുഖ്യഫലം.

ഇതിന്റെ കൎത്താവാരാണെന്ന അഭ്യൂഹത്തിനുപോലും അവകാശം കാണുന്നില്ല. 'എങ്കിലോ പണ്ടു' ഇത്യാദി ചാക്യാർ ഭാഷകൊണ്ടും, അഭ്യാസബലത്തിനായുള്ള അൎത്ഥാവൃത്തിക്കുവേണ്ടി ഇടമുറികൾ തൊട്ടുത്തു തിങ്ങിവിങ്ങിക്കൂടിയിരിക്കുന്ന വാക്യഖണ്ഡങ്ങൾകൊണ്ടും, ഭാഷാഗതിയിൽ പരമനവീനമല്ലെങ്കിലും, അതിപ്രാചീനമാകാത്ത ഒരു മട്ടാണു കാണുന്നതു്. ഇതുകൊണ്ടു് ഒരു മുന്നൂറു കൊല്ലത്തിൽ കുറയാത്ത പഴക്കം ഉണ്ടെന്നു പറഞ്ഞാൽ വലിയ അപാകം തോന്നുന്നതല്ല.

കിട്ടുന്നിടത്തോളം പ്രാചീനചരിതഗ്രന്ഥങ്ങൾ പ്രകാശിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാൽ, അസമ്പൂൎണ്ണമാണെങ്കിലും, ഈ കേരളചരിതം പ്രസിദ്ധീകരണത്തിൽ അങ്ഗീകരിക്കപ്പെട്ടുവാൻ ഇടയായി. ഇത്രയും ഭാഗം പ്രസാധനംചെയ്യുന്നതിൽ അവലംബമായിത്തീൎന്നിട്ടുള്ള മാതൃക തന്നു സഹായിച്ചിട്ടുള്ള മഹാമഹിമശ്രീ, ചിറയ്ക്കൽ; വലിയരാജാവവർകളോടുള്ള കൃതജ്ഞതയെ പ്രകടിപ്പിച്ചുകൊണ്ടു്, തത്കാലം കേരളചരിതത്തെ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൩൦-൧൨-൧൧൦൩. }

കെ. സാംബശിവശാസ്ത്രി

---

ശ്രീ

## അവതാരിക

കേരളചരിതത്തിൻെറ ദ്വിതീയസംസ്കരണം അവതരിപ്പിച്ചുകൊള്ളുന്നു. നമ്മുടെ ജന്മഭൂമിയായ കേരളദേശത്തിൻെറ ചരിതത്തെ പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളിൽ ഇതും ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്നു. ഇതിൽ പല ഭാഗങ്ങളും പ്രമാണാന്തരങ്ങൾ കൊണ്ടു സാധൂകരിക്കേണ്ടുന്നവയായിരിക്കുന്നു. എങ്കിലും വിമർശകരുടെ സൂക്ഷ്മദൃഷ്ടിക്കു വിഷയമാകാവുന്ന പല സംഗതികളും നമ്മെ ആകർഷിക്കുന്നുണ്ട്.

കേരളം പുരാണകാലത്തിനു മുമ്പുതന്നെ എല്ലാംകൊണ്ടും സുപ്രസിദ്ധമായ ഒരു ദേശമാകുന്നു. വാല്മീകിരാമായണം കിഷ്കിന്ധാകാണ്ഡത്തിൽ സുഗ്രീവൻ സീതാന്വേഷണത്തിനായി പുറപ്പെട്ട വാനരന്മാരോടു ദക്ഷിണദിക്കിലുള്ള ദേശങ്ങളെപ്പററി പറയുമ്പോൾ:—

> "നദീം ഗോദാവരീം ചൈവ
> സർവ്വമേവാനുപശ്യത,
> തഥൈവാന്ധ്രാംശ്ച പുണ്ഡ്രാംശ്ച
> ചോളാൻ പാണ്ഡ്യാംശ്ച കേരളാൻ."
>
> (സർഗ്ഗം ൪൧. ശ്ലോ. ൧൨.)

എന്നു കേരളത്തേയും സ്മരിച്ചിരിക്കുന്നതിനാൽ വാല്മീകിരാമായണോൽപത്തിക്കു മുൻപുതന്നെ കേരളദേശം ഉള്ളതായി സ്പഷ്ടമാകുന്നു. അതിൽ പിന്നീടുണ്ടായ മഹാഭാരതത്തിലും ഇതു സ്മരിക്കപ്പെടുന്നുണ്ട്. ഭാരതയുദ്ധത്തിൽ പാണ്ഡവപക്ഷത്തിൽ ചേൎന്ന കേരളയോദ്ധാക്കൾ വളരെ പരാക്രമങ്ങൾ നടത്തിയെന്നു വേദവ്യാസൻ പോലും ശ്ലാഘിച്ചു പറയുന്നു. കാളിദാസൻ രഘുവംശത്തിൽ രഘുവിൻെറ ദിഗ്വിജയത്തെപ്പററി വർണ്ണിക്കുമ്പോൾ:—

> "ഭയോത്സൃഷ്ടവിഭൂഷാണാം
> തേന കേരളയോഷിതാം

അളകേഷു ചമൂരേണു-
ശ്ചൂർണ്ണപ്രതിനിധീകൃതഃ."
(സർഗ്ഗം ൪. ശ്ലോ. ൫൪.)

എന്നു കേരളത്തെ അനുസ്മരിക്കുന്നു. അദ്ദേഹത്തിൻെറ പിൽക്കാലമുള്ള കവികളിലും ചിലർ നമ്മുടെ കേരളത്തെ പ്രശംസിക്കുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ വളരെക്കാലം മുൻപുമുതൽക്കു തന്നെ കേരളദേശം അവിച്ഛിന്നമായും സുപ്രതിഷ്ഠിതമായുമിരിക്കുന്നു എന്നു തെളിയിക്കാം.

എന്നാൽ ഈ കേരളത്തിൻെറ അതിർത്തി ഏതാണെന്നു ചോദിച്ചാൽ അതിൽ പല മതഭേദങ്ങൾ ഉണ്ടെങ്കിലും എല്ലാത്തിലും അനുഗതമായ ഒരു സ്ഥിതിയെ പുരസ്കരിച്ചു നോക്കുകയാണെങ്കിൽ പശ്ചിമസമുദ്രതീരത്തിലുള്ള ദേശം എന്നു പറയുന്നതിൽ വിരോധമില്ല. അതിപ്രാചീനകാലത്തു കൊങ്കണം, തുളുനാടു മുതലായ സ്ഥലങ്ങളേയും കേരളശബ്ദവ്യാപ്തിയിൽ ഉൾപ്പെടുത്തിയാണ് വ്യവഹരിച്ചുപോന്നത്. കേരളം എന്നു പേരു സിദ്ധിച്ചതിലും പല വഴക്കുകളും ഇല്ലെന്നില്ല. അവയെല്ലാം ആധുനികവാദകോലാഹലത്തിലുൾപ്പെട്ടവയല്ലാതെ മുൻപുണ്ടായിരുന്നവയല്ല.

ഇതിനു 'പരശുരാമഭൂമി' എന്നുള്ള പേരു കാണുന്നതിൻെറ സ്ഥിതി എന്താണെന്നു സ്വല്പം ചിന്തിച്ചുനോക്കാം. ഈ ഗ്രന്ഥത്തിൽ തന്നെ ഒന്നാംപുറത്തു "മുടിയ ക്ഷത്രിയരെക്കൊന്ന വീരഹത്യാദിദോഷം പോകണമെന്നു കല്പിച്ച് കർമ്മം ചെയ്യ്വാൻതക്കവണ്ണം ഗോകർണ്ണം പുക്കു കൽമലമേലിരുന്നു തപസ്സുചെയ്ത് വരുണനെ സേവിച്ച് വാരാന്നിധിയെ നീക്കം ചെയ്തു ഭൂമിദേവിയെ വന്ദിച്ച് നൂററുപത്തു കാതം ഭൂമിയുണ്ടാക്കി" എന്നു കാണുന്നു. ഇതിൽ നിന്നു ഗോകർണ്ണത്തിനും കന്യാകുമാരിക്കും ഇടയ്ക്കുള്ള ഭൂമിയാണ് വരുണനിൽനിന്നു വീണ്ടെടുത്തതെന്നറിയാവുന്നതാണ്. പരശുരാമനും കേരളത്തിനും ഏതാണ്ടൊരു ബന്ധമുണ്ടെന്നു മാത്രം വാദിക്കുന്നവരും നമ്മുടെ ഇടയിലുണ്ട്. അവർ,

"അവകാശം കിലോദന്വാൻ
രാമായാഭ്യർത്ഥിതോ ദദൌ
അപരാന്തമഹീപാല-
വ്യാജേന രഘവേ കരം."

(രഘുവം- സ. ൪. ശ്ലോ. ൫൮.)

എന്ന കാളിദാസവചനത്തെ പ്രമാണമാക്കി സമാധാനപ്പെട്ടുകൊള്ളട്ടെ. ഇവിടെ രഘുവിന്റെ മുമ്പിലുള്ള രാമൻ ഭാൎഗ്ഗവരാമനാണെന്നുള്ളതു നിസ്സന്ദിഗ്ദ്ധമാണ്. അതുകൊണ്ടു 'പരശുരാമഭൂമി' എന്നതു പരിമിതമായ ഭൂമിക്കും, 'കേരളം' എന്നതു പശ്ചിമസമുദ്രത്തിൽ അതിനെക്കാൾ വലുതായ ഭൂമിക്കും പേരായിരിക്കണം എന്നാണു തോന്നുന്നതു്. ഈ അഭിപ്രായം അംഗീകരിക്കുന്നപക്ഷം മാത്രമല്ലാതെ പ്രകൃതഗ്രന്ഥത്തിൽ പറയുന്ന സംഗതികളെ സാധൂകരിക്കുവാൻ സാധിക്കുന്നതല്ല. എന്തെന്നാൽ, പരശുരാമൻ ഭൂമി വീണ്ടെടുത്ത സമയം എപ്പോഴാണു? വീണ്ടെടുത്തഉടൻ ബ്രാഹ്മണരെ ഉത്തരദേശത്തിൽനിന്നു കൊണ്ടുവന്നുവോ? അതോ കുറെക്കാലം കഴിഞ്ഞിട്ടു കൊണ്ടുവന്നുവോ? കുറെക്കാലം കഴിഞ്ഞിട്ടാണെങ്കിൽ അദ്ദേഹത്തിന്റെ ഉദ്ദേശം തെററും. വീണ്ടെടുത്ത ഉടൻ ബ്രാഹ്മണരെ കൊണ്ടുവന്നതാണെങ്കിൽ നാഗന്മാർ അവിടെ കുറെക്കാലം താമസിക്കുവാൻ ആരു അനുവദിച്ചു? ആരു് അവരെ കൊണ്ടുവന്നു പാർപ്പിച്ചു? എന്നും മററുമുള്ള പല അനുപപത്തികളും ഉത്ഭവിക്കുകയും അവയ്ക്കു തക്കതായ സമാധാനം പറയുവാൻ സാധിക്കാതെ ആകയും ചെയ്യും. അതുകൊണ്ടു കേരളം എന്നൊരു ഭൂമി മുൻപുതന്നെയുണ്ടു. പരശുരാമനും ദാനം ചെയ്യാൻ കുറെ ഭൂമി വീണ്ടെടുത്തു. പില്ക്കാലങ്ങളിൽ എല്ലാ ഭൂമികൾക്കും കേരളം എന്നു പേർ സിദ്ധിച്ചു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പരശുരാമൻ ചെയ്തതായി പറയുന്ന പരിഷ്കാരങ്ങൾ ആദ്യം "പരശുരാമഭൂമി"യെ സംബന്ധിക്കയും കാലക്രമത്തിൽ അതു കേരളത്തിലെങ്ങും വ്യാപിക്കുകയും ചെയ്തു എന്നു ഊഹിക്കണം. അങ്ങനെയല്ലെങ്കിൽ ഭിന്നഭിന്നാചാരങ്ങൾ മുൻപുതന്നെ ഉണ്ടായിട്ടുള്ളതായി വരുവാൻ ന്യായമില്ല. ഉദാഹരണത്തിനു ഒന്നുപറയാം.— പരശുരാമൻ തന്റെ മാതാവിന്റെ പ്രീതിക്കായി തായ്വഴി അനുസരിക്കണമെന്നു കല്പിച്ചുപോൽ. ഈ അനുസരണം "പരിശുരാമഭൂമി"യിൽ പോലും എല്ലായിടത്തുമില്ല എന്നു സ്പഷ്ടമാണു്. ഇല്ലാത്തതു് ആഗന്തുകന്മാൎക്കാണെന്നു വാദിക്കുന്നവരും, പരശുരാമൻ കൊണ്ടുവന്നു പ്രതിഷ്ഠിച്ച നമ്പൂരിബ്രാഹ്മണൎക്കുപോലും ഉണ്ടായിരുന്നോ എന്നാലോചിക്കേണ്ടതാണു്. ക്ഷത്രിയൎക്കും ഈ ആചാരം മുൻപുണ്ടായിരുന്നില്ലെന്നുള്ള സംഗതിയും ഈ അവസരത്തിൽ സ്മരിക്കേണ്ടതാകുന്നു. പരശുരാമൻ ഭൂമിവീണ്ടെടുത്തതു്

എപ്പോഴാണ് എന്നു ചിന്തിച്ചാൽ ഭാരതയുദ്ധം കഴിഞ്ഞതിൽ പിന്നീടായിരിക്കണമെന്നു പറയുന്നതിനു പല യുക്തികളും ഉണ്ട്.

ഇത് അങ്ങനെയിരിക്കട്ടെ, പ്രമേയത്തിൽ ദൃഷ്ടി പതിപ്പിക്കാം. പരശുരാമൻ ബ്രാഹ്മണരെക്കൊണ്ടുവന്നത് "അഹിച്ഛത്ര"ത്തിൽ നിന്നാണെന്നു ഗ്രന്ഥകാരൻ പറയുന്നു. ഈ "അഹിച്ഛത്രം" ഏതാണെങ്കിൽ, കുരുക്ഷേത്രത്തിനടുത്തുള്ള പാഞ്ചാലദേശം ഉത്തരപാഞ്ചാലമെന്നും ദക്ഷിണപാഞ്ചാലമെന്നും രണ്ടു വിഭാഗമായിട്ടുള്ളതിൽ ഉത്തരപാഞ്ചാലത്തിന്റെ രാജധാനിയായിട്ടുള്ളതാണെന്നു അറിയുന്നു. മററു നാട്ടുകളെ വിട്ട് അവിടെനിന്നു ബ്രാഹ്മണരെ കൊണ്ടുവരാൻ എന്തുപപത്തി എന്നാലോചിച്ചാൽ "അഹിച്ഛത്ര" ത്തിനടുത്തുള്ള "സമന്തപഞ്ചകം" എന്ന പുണ്യക്ഷേത്രം പരശുരാമസൃഷ്ടമാണ്. അവിടെ കുടിപാക്കുന്ന ബ്രാഹ്മണർ പരശുരാമനിൽ ഭക്തിയുള്ളവരായിരിക്കാവുന്നതിനാൽ അദ്ദേഹത്തിന്റെ നിദേശപ്രകാരം അവർ പരശുരാമഭൂമിയിൽ വന്നതായിരിക്കണം. കുരുക്ഷേത്രത്തിൽ ഒരു മഹിമയേറിയ ശിവാലയം ഉണ്ട്. അതിന്റെ ചുററും അഞ്ചു കുളങ്ങൾ തീൎത്ഥങ്ങളായി വിലസുന്നു. ആ അഞ്ചു കുളങ്ങൾക്കും ചേൎന്നു "സമന്തപഞ്ചകം" എന്ന പേരുണ്ടായി. മുൻപു പരശുരാമൻ വധിച്ച ക്ഷത്രിയരെക്കൊന്ന രക്തംകൊണ്ടു അഞ്ചു കുളങ്ങളുണ്ടാക്കി എന്നും, അത് അദ്ദേഹത്തിന്റെ പ്രാഭവത്താൽ ശുദ്ധജലമായും തീൎത്ഥമായും പരിണമിച്ചു എന്നുമാണ് പുരാണപ്രസിദ്ധി. ഇന്നും തീൎത്ഥാടനം ചെയ്യുന്നവർ അതിൽ സ്നാനം ചെയ്താൽ തങ്ങളുടെ ബ്രഹ്മഹത്യാദിപാപങ്ങൾ ക്ഷയിക്കും എന്നു വിശ്വസിക്കുന്നു.

ഈ "പരശുരാമഭൂമി"യെ ഒരുകാലത്തു ബ്രാഹ്മണർ ഭരിച്ചിരുന്നിരിക്കാം. "ശ്രീമാൎത്താണ്ഡമാഹാത്മ്യം" എന്ന കിളിപ്പാട്ടിൽ ഇതിനു കൊടുത്തിരിക്കുന്ന പേർ "വൈപ്രാവനം" എന്നാണ്. "വൈപ്രാവനം" എന്നതിനു വിപ്രർ രക്ഷിച്ചുപോന്നത് എന്നൎത്ഥം. ഇവർ നൂര ഗ്രാമക്കാരുടെയും ആലോചനസഭ തിരുനാവായ് മണൽപ്പുറമായിരുന്നു. ആദ്യം ചില പ്രത്യേകം ഗ്രാമങ്ങളിൽനിന്നു ഓരോരുത്തർ മുമ്മൂന്നു കൊല്ലം വീതം രാജ്യം ഭരിക്കണം എന്നായിരുന്നു നിബന്ധന. കാലക്രമത്തിൽ ആ വ്യവ

സ്ഥയിൽ ചില ദൃഷ്യങ്ങൾ കണ്ടുതുടങ്ങിയതിനാൽ ഭരിപ്പാൻ പരദേശത്തുനിന്നു പെരുമാക്കന്മാരെ (രാജാക്കന്മാരെ) പന്തീരാണ്ടു കാലാവധി നിശ്ചയിച്ചു വരുത്തി. ആ കാലം "ദലദ്ധാരാം" എന്ന കലിവർഷമാണെന്നു പലരും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇങ്ങനെ കേരളത്തിൽ വന്നിട്ടുള്ള പെരുമാക്കന്മാർ താഴെ പറയുന്ന ൧൮ പേരാകുന്നു. അവരുടെ പേരും വാഴ്ചക്കാലവും ഇപ്രകാരമാണ്:—

| | | |
|---|---|---|
| (൧) | കേയപ്പെരുമാൾ | ൮ വർഷം |
| (൨) | ചോഴപ്പെരുമാൾ | ൧൦ വർഷം ൨ മാസം |
| (൩) | പാണ്ടിപ്പെരുമാൾ | ൯ വർഷം |
| (൪) | ബാണപ്പെരുമാൾ | ൪ വർഷം |
| (൫) | തുളുഭൻപെരുമാൾ | ൬ വർഷം |
| (൬) | ഇന്ദ്രപ്പെരുമാൾ | ൧൨ വർഷം |
| (൭) | ആര്യപ്പെരുമാൾ | ൧൨ വർഷം |
| (൮) | കുന്ദൻപെരുമാൾ | ൧൨ വർഷം |
| (൯) | കോട്ടിപ്പെരുമാൾ | ൧ വർഷം |
| (൧൦) | മാടപ്പെരുമാൾ | ൧൨ വർഷം |
| (൧൧) | ഏഴിപ്പെരുമാൾ | ൧൨ വർഷം |
| (൧൨) | കൊമ്പൻപെരുമാൾ | ൩ വർഷം ൬ മാസം |
| (൧൩) | വിജയൻപെരുമാൾ | ൧൨ വർഷം |
| (൧൪) | വല്ലഭൻപെരുമാൾ | ൧൧ വർഷം |
| (൧൫) | ഹരിശ്ചന്ദ്രപ്പെരുമാൾ | (കാലം പറഞ്ഞിട്ടില്ല) |
| (൧൬) | മല്ലപ്പെരുമാൾ | ൧൨ വർഷം |
| (൧൭) | കുലശേഖരപ്പെരുമാൾ | ൧൮ വർഷം |
| (൧൮) | ചേരമാൻപെരുമാൾ | ൩൬ വർഷം |

ഈ കണക്കനുസരിച്ചു പെരുമാക്കന്മാരുടെ വാഴ്ചക്കാലം ൨൦൦ വർഷത്തിനു മേലുണ്ടായിരുന്നുവെന്നു സിദ്ധിക്കുന്നു. ഇവരിൽ ചിലർ കാലാവധി തീരുംമുമ്പെ തിരിച്ചുപോയവരും ചിലർ സ്വർഗ്ഗത്തിലേയ്ക്കു പോയവരും ആകുന്നു. ബാണപ്പെരുമാളുടെ വാഴ്ചക്കാലത്തു ബൌദ്ധരുടെ ആക്രമണം ഉണ്ടാകനിമിത്തം അദ്ദേഹം ബൌദ്ധമതത്തെ സ്വീകരിക്കുകയും, പിന്നീടു പരദേശത്തുനിന്നു വന്ന ആറു ശാസ്ത്രിമാരുടെ മിടുക്കുകൊണ്ടു ബൌദ്ധനിഷ്കാസനം ചെയ്യുകയും ചെയ്തുവെങ്കിലും ആര്യ. ആ മതം സ്വീക

രിക്കകൊണ്ട് വീണ്ടും സ്വമതത്തിൽ ചേരുവാൻ അദ്ദേഹത്തിനു സാധിക്കാതെവന്നു. പള്ളിക്കു പോയതിനാൽ അദ്ദേഹത്തിനു "പള്ളിബാണപ്പെരുമാൾ" എന്ന പേരു സിദ്ധിച്ചു. ഹരിശ്ചന്ദ്ര പ്പെരുമാൾ ഒരു മഹായോഗി ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വസതിയായ ഹരിശ്ചന്ദ്രൻകോട്ടയിൽ ഒരിക്കൽ ചെന്നന്വേഷിച്ചതിൽ അദ്ദേഹത്തിനെ കണ്ടില്ല. മഹാവിഷ്ണു ഭക്തനായ കുലശേഖരപ്പെരുമാൾ കൂട്ടോടെ സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളി.

ഇവരുടെ കാലങ്ങളിൽ കേരളത്തിൽ പല മാററങ്ങളും സംഭവിച്ചിട്ടുണ്ട്. ആര്യപ്പെരുമാളുടെ വാഴ്ചക്കാലത്തു പരശുരാമഭൂമി (ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ഭൂമി) നാലു ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവ:— (൧) ഗോകർണ്ണം തുടങ്ങി തുളുനാട്ടിൽ പെരുമ്പുഴയോളം തുളുരാജ്യം. (൨) അവിടെനിന്നു പുതുപ്പട്ടണത്തഴിയോളം കേരളരാജ്യം. (൩) അതിൽനിന്നു കന്നേററിയോളം മൂഷകരാജ്യം. (൪) കന്നേററിയിൽനിന്നു കന്യാകുമാരിയോളം കൂപകരാജ്യം എന്നിങ്ങനെയുള്ളവയാണ്. കുലശേഖരപ്പെരുമാൾ പല സ്ഥലങ്ങളിൽ നിന്നും നല്ല ക്ഷത്രിയരെ കേരളത്തിൽ കൊണ്ടുവന്നു പാർപ്പിച്ച് അവക്ക് ഓരോ ദേശവഴിയും കൊടുത്തു. അപ്പോൾ ഇവിടെ അഞ്ചുവഴി ക്ഷത്രിയരും എട്ടുവഴി സാമന്തരും ഉണ്ടായിരുന്നുപോൽ. ഓരോ പെരുമാക്കന്മാരും ഓരോ കോട്ടകൾ തീർത്തിട്ടുണ്ട്. അതിന്റെ വിവരണം പ്രകൃതഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ പകർത്തുന്നില്ല.

കുലശേഖരപ്പെരുമാൾ തപതീസംവരണം, സുഭദ്രാധനഞ്ജയം എന്നിങ്ങനെ രണ്ടു നാടകങ്ങളും "ആശ്ചര്യമഞ്ജരി" എന്നൊരു ഗദ്യകാവ്യവും നിർമ്മിച്ചിട്ടുണ്ട്. അമരകോശവ്യാഖ്യാതാവായ സർവാനന്ദൻ (ടീകാസർവ്സ്വകാരൻ) ആശ്ചര്യമഞ്ജരിയെ സ്മരിച്ചിരിക്കുന്നു. ടീകാകാരന്റെ ജീവിതകാലമാകട്ടെ കാലവർഗ്ഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇക്കണക്കിന് ഇപ്പോൾ ൮൯൨ കൊല്ലത്തോളം ആകുന്നു അതിനാൽ കുലശേഖരപ്പെരുമാളുടെ കാലം ഉദ്ദേശം ൧൦൦൦ വർഷം മുൻപു ആയിരിക്കണമെന്നൂഹിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിനടുത്ത വാഴ്ചക്കാരനായ ചേരമാൻപെരുമാളുടെ വാഴ്ചക്കാലം ഇന്നതാണെന്നു വ്യക്തമാകുന്നുണ്ട്. ചേരദേശ

(കോയമ്പത്തൂർ ഉൾപ്പെട്ട പ്രദേശ)ത്തുനിന്നും ചേരമാൻപെരുമാളെ കൂട്ടിക്കൊണ്ടുവരുമ്പോൾ ആര്യപുരത്തുനിന്ന ഒരു ക്ഷത്രിയസ്ത്രീയേയും ബ്രാഹ്മണർ കൂട്ടിക്കൊണ്ടുപോന്നിരുന്നു. സ്മൃതിപ്രകാരം ഒരു ബ്രാഹ്മണനെക്കൊണ്ട് ആ സ്ത്രീയെ വേളികഴിപ്പിച്ചു അവളിൽനിന്നുണ്ടാകുന്ന പുത്രനെ ക്ഷത്രിയരാജാവായി സ്വീകരിക്കാമെന്നു എല്ലാപേരും ഉറച്ചു. ജനിച്ച പുത്രനു ഉദയവർമ്മനെന്നു പേരു കൊടുത്തു. ചേരമാൻപെരുമാൾ അദ്ദേഹത്തെ വളർപട്ടണത്തു കോട്ടയിൽ താമസിപ്പിച്ചിരുന്നു. അദ്ദേഹം രാജ്യഭാരം ഏററു ചില പരിഷ്കാരങ്ങൾ നാട്ടിൽ വരുത്തുവാനാരംഭിച്ചു. ഇത്രയും ഭാഗമാണു പ്രസ്തുതഗ്രന്ഥത്തിൽ നിന്നു അറിയപ്പെടുന്നതു്. മേലുള്ള ഭാഗം ലുപ്തമായിരിക്കുന്നു. "ഉദയവർമ്മചരിതം" ചേരമാൻെറ പില്ക്കാലമുള്ള സംഗതികളെ കുറിക്കുന്നതായിരിക്കണം. "കിരീടപതി" എന്ന സ്ഥാനം ഈ തമ്പുരാനു ചേരമാൻ കൊടുത്തതാകുന്നു. ചേരമാൻപെരുമാളുടെ കാലത്തു സംഭവിച്ച പല രാജ്യവിഭാഗങ്ങളും പല ഇടപ്രഭുക്കന്മാരും പല ചട്ടങ്ങളും ഏർപ്പാടുകളും രാജ്യഭരണരീതിയും വിവാദം വന്നാൽ തീർക്കേണ്ടുന്ന ക്രമങ്ങളും മററും ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്. ചരിത്രപ്രസ്ഥാനത്തിൽ അദ്ദേഹം രാജ്യത്തെ സാമന്തർക്കു വിഭജിച്ചുകൊടുത്തതു "ഭൂവിഭാഗഃ" എന്ന കലിവർഷത്തിലാണെന്നറിയുന്നു. ഈ കലിവർഷത്തെ "ഗുരുധീസമാശ്രയഃ" (പുറം നഫ) എന്ന കലിദിനസംഖ്യകൊണ്ടു ഗ്രന്ഥകാരനും പ്രകടമാക്കിയിരിക്കുന്നു. "ഉരുധീസമാശ്രയഃ" എന്നും ഒരു പാഠം ഉണ്ടു്.

ചരിത്രദൃഷ്ട്യാ ഇത്രയും വിവരങ്ങളടങ്ങിയ ഈ പ്രാചീനഗ്രന്ഥം കേരളത്തിലുള്ളവർക്കു ബഹുമാന്യമായിത്തീരാതെയിരിക്കയില്ലെന്നാണു് എൻെറ വിശ്വാസം. പ്രമേയങ്ങളിലുള്ള ഉത്തരവാദിത്വത്തെക്കുറിച്ചു നിശ്ചയിക്കുവാൻ ഇതിനെ വിദഗ്ദ്ധജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
വ ൦-വ-ഫഫ ൧.

കെ. മഹാദേവശാസ്ത്രി,
ആക്ടിങ്ങ് ക്യൂറേട്ടർ.

# കേരളചരിതം

6055

എങ്കിലോ പണ്ടു കൃതത്രേതാദ്വാപരകലി എന്നിങ്ങനെ നാലു യുഗത്തിങ്കലുമനേകമനേകം രാജാക്കന്മാർ ഭൂമി വഴിപോലെ വാണു രക്ഷിച്ചതിൻെറ അനന്തരം ക്ഷത്രിയകുലത്തിങ്കൽ ദുഷ്ട രാജാക്കന്മാരായുണ്ടായവരെ മുടിച്ചുകളവാനായിക്കൊണ്ടു ശ്രീനാരായണൻ ശ്രീപരശുരാമനായവതരിച്ചു. എങ്കിലോ പണ്ടു ശ്രീപരശുരാമൻ ഇരുപത്തൊന്നുവട്ടം മുടിയക്ഷത്രിയന്മാരെക്കൊന്ന വീരഹത്യാദിദോഷം പോക്കേണമെന്നു കല്പിച്ചു. കർമ്മംചെയ്വാൻ തക്കവണ്ണം ഗോകർണ്ണംപുക്കു കൽമലമേലിരുന്നു തപസ്സുചെയ്തു വരുണനെ സേവിച്ചു വാരാന്നിധിയെ നീക്കംചെയ്തു ഭൂമിദേവിയെ വന്ദിച്ചു നൂററരുപതുകാതം ഭൂമിയുണ്ടാക്കി, മലയാളം ഭൂമിക്കു രക്ഷ വേണമെന്നു കല്പിച്ചു നൂറെറട്ടു് ഈശപരപ്രതിഷ്ഠചെയ്തു. എന്നിട്ടും ഭൂമിക്കു് ഇളക്കം മാറിയില്ലെന്നു കണ്ടതിൻെറശേഷം അനന്തരം ശ്രീപരശുരാമൻ കേരളത്തിങ്കൽ ബ്രാഹ്മണരെയുണ്ടാക്കി. പല ദിക്കീന്നും ബ്രാഹ്മണരെക്കൊണ്ടുവന്നു വച്ചതിൻെറശേഷം അവരാരുമുറച്ചിരുന്നില്ല. അവരൊക്കെ തൻെറതൻെറ ദിക്കിൽതന്നെ പൊയ്ക്കളഞ്ഞു. അതിൻെറ ഹേതു, കേരളത്തിങ്കൽ സർപ്പങ്ങൾ വന്നു നീങ്ങാതേയായിപ്പോയി. അവരുടെ പീഡകൊണ്ടാക്കും ഉറച്ചുനില്പാൻ വശമില്ലാഞ്ഞു് അവരൊക്കെ താന്താൻെറ ദിക്കിൽതന്നെ പോയിക്കളഞ്ഞതിൻെറശേഷം കുറേക്കാലം നാഗത്താന്മാർതന്നെ കേരളം രക്ഷിച്ചു. എൻെറ പ്രയത്നം നിഷ്ഫലമായി വരരുതെന്നു കല്പിച്ചു ശ്രീപരശുരാമൻ ഉത്തരഭൂമിയിങ്കൽ ചെന്നു് ആര്യപുരത്തിങ്കേന്നു് ആര്യബ്രാഹ്മണരെ കൊണ്ടുപോന്നു. ആര്യബ്രാഹ്മണർ അഹിച്ഛത്രമാകുന്ന ദിക്കീന്നു പുറപ്പെട്ടു സമന്തപഞ്ചകമാകുന്ന ക്ഷേത്രത്തിങ്കലിരുന്നു. ആ ക്ഷേത്രത്തിനിന്നും കുരുക്ഷേത്രമെന്നു് പേരുണ്ടു്. അവിടെനിന്നു പരശുരാമൻ നിരൂപിച്ചു "പരദേശത്തു് ഓരോരോ അകരങ്ങൾ എന്നു ചൊല്ലി ഞായം. അതു വേണ്ട" എന്നു കല്പിച്ചു് അറുപത്തിനാലു ഗ്രാമമാക്കിക്കല്പിച്ചു് അറുപത്തിനാലിനും പേരുമിട്ടു. അതാകുന്നതു്:—ഗോകർണ്ണം ഗോമകുടം കരവല്ലി മല്ലൂർ എപ്പന്നൂരം ചെപ്പന്നൂരം കാടല്ലൂരം കല്ലനൂർ ആര്യഞ്ചെറ വാര്യഞ്ചെറ ഇങ്ങനെ

G. P. T. 768. 2000. 30-3-1115.

ഗ്രാമം പത്ത്. തൃക്കണ്ണി തൃത്താടം തൃക്കണ്ണാലം തൃച്ചാല കൊല്ലൂർ കോമളം വെള്ളര വെങ്ങാട വെത്തട ചെങ്ങൊടം ഇങ്ങനെ ഗ്രാമം പത്ത്. കോടീശപരം മഞ്ജീശപരം ഉട്ടപ്പ് ശങ്കരനാരായണം കോട്ട ശിവള്ളി മൊറ പഞ്ച ഇട്ടലി കുമാരമങ്ഗലം അനന്തപുരം കഞ്ചുപുരം ഇങ്ങനെ പന്തിരണ്ടു ഗ്രാമം. ഇങ്ങനെ മുപ്പത്തിരണ്ടു ഗ്രാമമെന്നു കല്പിച്ചു. പയ്യന്നൂരു പെരിഞ്ചെല്ലൂരു കരിക്കാടം ഈശാനമങ്ഗലം ആലത്തൂരു കരിങ്കൊളം തൃശ്ശിവപേരൂർ മാണിയൂരു ചൊവ്വരം പറപ്പൂരു ഇങ്ങനെ ഗ്രാമം പത്ത്. ഐരാണിക്കളം മൂഷികക്കളം ഇരിങ്ങാലക്കുട അടപ്പൂരു ചെങ്ങനാട്ടു ഉളിയന്നൂരു കഴതനാട്ടു കുഴയൂർ ഇളിഭ്യം ചെമ്മുണ്ടു? ആവട്ടി പുത്തൂരു് ഇങ്ങനെ പന്തിരണ്ടു തട്ടമാക. കിടങ്ങൂർ കാരനല്ലൂർ കവിയൂർ എറ്റുമാനിയൂർ കാടമുറി നീർമണ്ണ് ആമണി ആള്ളളം തിരുവല്ലായി ചെങ്ങനിയൂർ ഇങ്ങനെ പത്ത്.

ഇങ്ങനെ അറുപത്തിനാലുഗ്രാമമെന്നു കല്പിച്ചു അവരെക്കൊണ്ടുപോന്നു ഗോകർണ്ണത്തിങ്കൽവച്ചു തലമുടികളഞ്ഞു മുൻകുടുമ വച്ചു. ശ്രീപരദേശത്തു നിഷിദ്ധം മുങ്കുടുമ്മ വച്ചാൽ. പിന്നെയങ്ങു ചെന്നാൽ സ്വജാതികൾ അങ്ഗീകരിക്കയില്ല എന്നു കല്പിച്ചു മുൻപിൽ കുടുമ്മ വച്ചു. അതിൻെറശേഷം ശ്രീപരശുരാമൻ അറുപത്തിനാലിന്നും പൂവും നീരും കൂടെ "ബ്രഹ്മക്ഷത്രമായി നിങ്ങളനുഭവിച്ചുകൊള്ളുക" എന്നരുളിച്ചെയ്തുകൊടുക്കുകയും ചെയ്തു. അക്കൊടുത്തതു ഏകോദകം. അതിൻെറശേഷം "ഭൂമി രക്ഷിക്കേണമെന്നുവരുകിൽ ആയുധപ്രയോഗം വേണം. അതിനു നിങ്ങളെന്നോട് ആയുധം വാങ്ങിക്കൊള്ളണം" എന്നു ശ്രീപരശുരാമൻ അറുപത്തിനാലിലുമുള്ളവരോടരുളിച്ചെയ്തതിൻെറശേഷം അറുപത്തിനാലിലുള്ളവരുംകൂടി നിരൂപിച്ച്; "ആയുധം വാങ്ങിയാൽ രാജാംശമാവരും; തപഃശക്തിയില്ലാതെപോം; വേദോച്ചാരണത്തിനു യോഗ്യമില്ല; ബ്രാഹ്മണർ ചെയ്യേണ്ടുന്ന കർമ്മങ്ങൾക്കൊക്കെയുംവൈകല്യമുണ്ട്" എന്നു കല്പിച്ചു. അറുപത്തിനാലുഗ്രാമത്തിൽ പെരിഞ്ചെല്ലൂർ പയ്യന്നൂർ പന്നിയൂർ പറപ്പൂർ ചെങ്ങല്ലൂർ ആലത്തൂർ ഉളിയന്നൂർ ചെങ്ങനോട ഐരാണിക്കളവും മൂഷികക്കളവും കഴതനാട്ടു പാതിയും ഇങ്ങനെ പത്തു ഗ്രാമത്തിൽ പതിന്നാലു ഗോത്രത്തിൽ ചിലരവരോധിച്ചു മുപ്പത്താറായിരം ബ്രാഹ്മണരെ കല്പിച്ച് അവരു(ടെ?)കൂടെച്ചെന്ന് അറുപത്തിനാലുഗ്രാമത്തിൻെറ

കുറവു തീൎത്ത് അവരുടെ സമ്മതത്താൽ ശ്രീപരശുരാമനോടു ആയുധം വാങ്ങുകയുംചെയ്തു. അവൎക്കു ശ്രീപരശുരാമൻ ആയുധ പ്രയോഗങ്ങളും ഗ്രഹിപ്പിച്ചുകൊടുത്തു. "കുമാരീഗോകൎണ്ണപൎയ്യന്തം കേരളം നൂററുപത്തുകാതം ഭൂമി വാണുരക്ഷിച്ചുകൊള്ളുക" എന്നുപറഞ്ഞു വാളിന്മേൽ നീർ പകൎന്നുകൊടുക്കുകയുംചെയ്തു. അവർ മൂന്നുവട്ടം കൈകാട്ടി നീർ വാങ്ങുകയുംചെയ്തു.

ശ്രീപരശുരാമന്റെ അരുളപ്പാടാൽ വാളും ഭൂമിയും വാങ്ങുക ഹേതുവായി വാഴുരു എന്ന് അവരെ പേരുമിട്ടു. അവരെ ഒരുത്തരെ കൊല്ലുവാൻ ഒരുത്തരസ്തമിക്കണം. അങ്ങനെ പരശുരാമൻ കല്പിച്ചിരിക്കുന്നു. പതിന്നാലുഗോത്രത്തിൽ മുപ്പത്താറായിരം ബ്രാഹ്മണരിൽ ആയുധം വാങ്ങിയതു പെരുഞ്ചെല്ലൂർ മൂവായിരം, പയ്യന്നൂരു രണ്ടായിരം, പന്നിയൂരു നാലായിരം, പറപ്പൂരു അയ്യായിരം, ആലത്തൂരു ഏഴായിരം, ചെങ്ങന്നൂരു അയ്യായിരം, ഐരാണിക്കുളം നാലായിരം, ചെങ്ങനോടയ്യായിരം, മൂഷികക്കുളമായിരം, കഴുതനാടായിരം ഇങ്ങനെ മുപ്പത്താറായിരം(?)ബ്രാഹ്മണരു ശ്രീപരശുരാമനോട് ആയുധം വാങ്ങിയതു്.

മുൻപിനാൽ വാങ്ങിയത് എടപ്പള്ളിനമ്പിയാതിരി എളമ്പയിൽ പണ്ടാല പൂനത്തുരുനമ്പി; പിന്നെ വേമനാട്ടു നമ്പിയാതിരി കുന്നിത്തലപ്പണ്ടാല പുതുമനക്കാട്ടു നമ്പിയാതിരി തലയൂർ മൂസ്സത് പിലാന്തോളിമൂസ്സത ചോഴത്ത് എളയത് കുഴിമണ്ണമൂസ്സത് കല്ലാടി എളയത് പൊന്നിനിലത്തുംലോർ(?) ഇങ്ങനെ പന്തിരണ്ടാളു മുൻപാക്കിക്കല്പിച്ച് അവരോടുകൂടെ മുപ്പത്താറായിരം ബ്രാഹ്മണരെക്കല്പിച്ചു. അതിന്റെശേഷം ഇടപ്പള്ളിനമ്പിയാതിരിക്കു വെട്ടിജ്ജയിപ്പാനായിക്കൊണ്ടു വാളും കൊടുത്തു, തോററാൽ പട്ടിണി കഴിപ്പാനായിട്ടു ചമതയും കൊടുത്തു. വെമ്മനാട്ടുനമ്പിയാതിരിക്കു യാഗാദികൎമ്മം കഴിപ്പാനായിട്ടു ചമതയും കൊടുത്തു. ഇങ്ങനെ മുപ്പത്താറായിരം ബ്രാഹ്മണൎക്ക് ആയുധം കൊടുത്തു്, ഭൂമി രക്ഷിപ്പാൻ കല്പിച്ചതിന്റെശേഷം പെരിഞ്ചെല്ലൂരുഗ്രാമത്തിങ്കേന്നു മൂവായിരം ബ്രാഹ്മണരു ആയുധം വാങ്ങിയവരിൽ രണ്ടുതാവഴിയായിക്കല്പിച്ച് അവൎക്കു പതിന്നാലു കഴകവും കല്പിച്ചുകൊടുത്തു. അപ്പതിന്നാലു കഴകവും പെരുഞ്ചെല്ലൂരുഗ്രാമത്തോടുകൂടെക്കല്പിച്ച് അതിൽ രണ്ടുഗോത്രത്തിൽ

ബ്രാഹ്മണരെ വേറെ കല്പിച്ച് അവക്കു രണ്ടൂരിൽ കഴകവും കല്പിച്ചുകൊടുത്തു. അവക്കു പതിന്നാലു കഴകത്തെ സംബന്ധം കൊടുത്തു. അതിന്റെശേഷം മുപ്പത്തിമൂവായിരത്തിലുള്ളവക്കും പലദിക്കിലും പലക്ഷേത്രങ്ങളും തീൎത്തുകൊടുത്തു; പല സ്ഥാനങ്ങളും കല്പിച്ചുകൊടുത്തു.

മൂവായിരംതൊട്ടു മുപ്പത്താറായിരം ബ്രാഹ്മണരേയും ഒരു നിലയിൽകൂട്ടി രാജാംശം നീരുപകൎന്നു കൊടുക്കുകയും ചെയ്തു. അവരു മുമ്മൂന്നുവട്ടം കൈകാട്ടി നീരുവാങ്ങുകയുംചെയ്തു. മുൻപിലറുപത്തിനാലു ഗ്രാമത്തിന്നുമൊരുമിച്ചു ഫലവും നീരും കൊടുത്തത് അനുഭവിപ്പാൻ ജന്മമെന്നു പറയുന്നു. അക്കൊടുത്തത് ഓരോരോ ഗ്രാമത്തിലുള്ള തറവാട്ടുകാൎക്ക് ഒരുമിച്ചു കൊടുത്തതു് ഏകോദകം. പിന്നെ ആറും നാലും പത്തുഗ്രാമത്തിൽ പതിന്നാലുഗോത്രത്തിൽ മുപ്പത്താറായിരം ബ്രാഹ്മണൎക്കു വാളിന്മേൽ നീരു പകൎന്നുകൊടുത്തതു രാജാംശം. അവൎക്കു എന്റെ ജന്മമെന്നുചൊല്ലി വിരൽമുക്കാം. മററവൎക്ക് എന്റെ ജന്മമെന്നുചൊല്ലി വിരൽമുക്കിയാൽ വിരൽ നേരെവരികയില്ല. അവൎക്ക് അനുഭവത്തിന്നേ മുക്കുള്ളൂ. അവർ അന്യോന്യം മുക്കുമ്പോൾ എനിക്കു് അനുഭവമെന്നു ചൊല്ലി വിരൽമുക്കണം. മുപ്പത്താറായിരത്തിലുള്ളവൎക്കു കൊടുത്തതു് ഏകോദകമല്ല. ഭൂമി രക്ഷിപ്പാൻ മുപ്പത്താറായിരം ബ്രാഹ്മണരേ ആയുധപാണികളായിക്കല്പിച്ച് അവൎക്ക് ആയിരത്തെട്ടു നാല്പത്തീരടി സ്ഥാനമുണ്ടാക്കി. അവിടെ അനേകം പരദേവതമാരെ സങ്കല്പിച്ചു; വിളക്കും പൂജയും കല്പിച്ചു. സമുദ്രതീരത്തിങ്കൽ ദുൎഗ്ഗാദേവിയേയും പ്രതിഷ്ഠിച്ചു; മലയരുവിൽ ശാസ്താവിനേയും പ്രതിഷ്ഠിച്ചു. നാഗവും ഭൂതവും പ്രതിഷ്ഠിച്ചു; കനകചൂൎണ്ണം വിതറി; രാശിപ്പണം അടിപ്പിച്ചു നിധിവച്ചു ഭൂമിയിളക്കം തീൎത്തിരിക്കുന്നതിന്റെശേഷം ആൎയ്യബ്രാഹ്മണരു മലയാളത്തിലുറച്ചിരുന്നുപോൽ, എന്നുകേട്ടിട്ടു മുൻപിൽ സൎപ്പഭീതിയുണ്ടായിട്ടു പൊയ്ക്കുളഞ്ഞ ബ്രാഹ്മണരു പോന്നുവന്നു. അവരൊക്കെയും പയന്നൂരുള്ളവരായിപ്പോയി. അവരെല്ലൂനാട്ടിൽ തുളുനമ്പിമാരെന്നു ചൊല്ലുന്നു. അവർ അറുപത്തിനാലുഗ്രാമത്തിൽ കൂടിയവരല്ല.

അതിന്റെശേഷം ശ്രീപരശുരാമൻ അവൎക്ക് നാലുഗ്രാമത്തേയും വെള്ളുനാട്ടിൽ കൊണ്ടുവച്ച് അറുപത്തിനാലു ഗ്രാമ

ത്തിനും അറുപത്തിനാല്ല മാടവും തീൎത്ത് അറുപത്തിനാല്ല ദേശവും തിരിച്ചു കല്പിച്ചുകൊടുത്തു. ഓരോരോ ഗ്രാമത്തിന് ഓരോരോ ദേശവും വസ്തുവും വെവ്വേറെ തിരിച്ചു കല്പിച്ചുകൊടുത്തു. അറുപത്തിനാല്ലഗ്രാമത്തിനും വെള്ളനാട്ട പ്രധാനമെന്നു കല്പിച്ചു. അറുപത്തിനാല്ലഗ്രാമത്തിനും അറുപത്തിനാല്ല സഭയും കല്പിച്ചു. അറുപത്തിനാല്ലഗ്രാമത്തിനും ഇരിങ്ങാലക്കൊടഗ്രാമത്തിൽ തരണനല്ലൂക്ക കൈവട്ടക എടുത്തുകൊടുത്തു. തന്ത്രിപ്രവൃത്തിയും കല്പിച്ചുകൊടുത്തു. പിന്നെ പെരിഞ്ചെല്ലൂരുഗ്രാമത്തിൽ വട്ടവൃത്തി കല്പിച്ചുകൊടുത്തു. പെരുമനഗ്രാമത്തിന്നു പുരാണവൃത്തി കല്പിച്ചുകൊടുത്തു. അറുപത്തിനാല്ലഗ്രാമത്തിനും തന്ത്രിവൃത്തി കല്പിച്ചിട്ടില്ല. ഭട്ടവൃത്തി ആറു ഗ്രാമത്തിന്നു കല്പിച്ചിരിക്കുന്നു. പയ്യന്നൂർ ഗ്രാമത്തിന്നു നമ്പിക്കൂറ് എല്ലാടവും കല്പിച്ചുകൊടുത്തു. അനുഗ്രഹവും കടാക്ഷവും പയ്യന്നൂരു ഗ്രാമത്തിന്നു വളരെ വളരെയുണ്ട്.

അതിന്റെശേഷം നടേ പ്രതിഷ്ഠിച്ച സൎപ്പങ്ങൾക്ക് എല്ലാവരുടെ വസ്തുവിന്മേലും ഓരോരോ ഓഹരി എല്ലാടവും ബ്രാഹ്മണസ്വത്താൽ കൊടുക്കനിങ്ങൾ എന്നു ശ്രീപരശുരാമനരുളിച്ചെയ്തതു. അവരു സ്ഥാനദേവതമാരായിരുന്നു രക്ഷിക്കണമെന്നു കല്പിച്ചു. സൎപ്പങ്ങൾക്ക് ഓരോരോ ഓഹരി ബ്രാഹ്മണസ്വത്താൽ കൊടുത്ത് അവരുടെ പ്രസാദംവരുത്തി. അവരെ സ്ഥാനദൈവമാക്കിയിരുന്നതിന്റെശേഷം അറുപത്തിനാലില്ലുള്ളോരോടുമരുളിച്ചെയ്തു:—

ഇക്കേരളത്തിൽ ദേവതകൾ പോന്നുവന്നു മനുഷ്യരേ പീഡിപ്പിച്ചാൽ തീരാത ഉപദ്രവവും വൎദ്ധിച്ചാൽ അപമൃത്യുവും അനുഭവിക്കും. അതു വരരുതെന്നു കല്പിച്ചിട്ട് അറുപത്തിനാല്ലഗ്രാമത്തിൽ ആറുഗ്രാമത്തിൽ പന്തിരണ്ടാളെ കല്പിച്ചു; പന്തിരണ്ടാൾക്ക മന്ത്രോപദേശവുംചെയ്തു. അതാകുന്നതു മുൻപിനാൽ പെരുഞ്ചെല്ലൂർഗ്രാമത്തിങ്കേന്നു കല്പിച്ച് അടികച്ചേരി കാളക്കാട്ട് അങ്ങനെ രണ്ടാളെ കല്പിച്ചു. മലയീന്നുവരുന്ന ദുൎദ്ദേവതകളെ തടുപ്പാൻ ദുൎമ്മന്ത്രം സേവിച്ചു ദുൎദ്ദേവതകളെ തടുത്തുനിറുത്തുക എന്നും അരുളിച്ചെയ്തു. ആപത്കാലത്തിങ്കൽ ഭദ്രനെ സേവിച്ച് ആപത്തുകളെ നീക്കുകയെന്നുമരുളിച്ചെയ്തു. ബ്രാഹ്മണരുടെ കൎമ്മങ്ങൾക്ക വൈകല്യമുണ്ട് എന്നു കല്പിച്ചു. പിന്നെ രണ്ടാമതു കാളക്കാ

ട്ടിനേ കല്പിച്ചതു് സമുദ്രത്തിങ്കേന്നു വരുന്ന ജലദേവതകളെ തടുത്തുനിറുത്തുക എന്നുമരുളിച്ചെയ്തു. സന്മന്ത്രങ്ങളെ സേവിച്ചു സത്കർമ്മമൂർത്തിയെ പ്രസാദിപ്പിച്ചു് ആപത്കാലത്തിങ്കൽ ദുർഗ്ഗയെ സേവിച്ചാലാപത്തു നീങ്ങുമെന്നുമരുളിച്ചെയ്തു.

പിന്നെ കരിക്കാട്ടുഗ്രാമത്തിൽ രണ്ടാളെ കല്പിച്ചു. അതാകുന്നതു കാണിയാടം, കാട്ടുമാടം. കാണിയാടിനു ദുർമ്മന്ത്രമൂർത്തിയെ സേവിച്ചു ദുർദ്ദേവതകളെ തടുക്ക എന്നും കാട്ടുമാടത്തിനു സന്മന്ത്രമൂർത്തിയെ സേവിച്ചു ജലദേവതകളെ തടുക്ക എന്നും കല്പിച്ചു. അവക്കും ആപത്കാലത്തിങ്കൽ ദുർമ്മന്ത്രമൂർത്തിയെ സേവിച്ചും സന്മന്ത്രമൂർത്തിയെ സേവിച്ചും ആപത്തിങ്കൽ പോക്കുകയെന്നു കല്പിച്ചു പിന്നെ. ആലത്തൂർഗ്രാമത്തിങ്കൽ രണ്ടാളെ കല്പിച്ചു. അതാകുന്നതു്, കക്കാട്ട് കുഴിമന ഇങ്ങനെ രണ്ടാളെ കല്പിച്ചു. കക്കാടിന്നു ദുർമ്മന്ത്രമൂർത്തിയെ സേവിപ്പാനും, കുഴിമനയ്ക്കു സന്മന്ത്രമൂർത്തിയെ സേവിപ്പാനും കല്പിച്ചു. അവരും ദുർമ്മന്ത്രംകൊണ്ടും സന്മന്ത്രംകൊണ്ടും ജയിച്ചുകൊള്ളുക എന്നും കല്പിച്ചു. പിന്നെ ചൊവ്വരഗ്രാമത്തിനു രണ്ടാളെ കല്പിച്ചു. അതാകുന്നതു്, പുതുക്കോടൻ പുതുമന ഇങ്ങനെ രണ്ടാളെ കല്പിച്ചു. പുതുക്കോടിനു ദുർമ്മന്ത്രമൂർത്തിയെ സേവിപ്പാനും, പതുമനയ്ക്കു സന്മന്ത്രമൂർത്തിയെ സേവിപ്പാനും കല്പിച്ചു. അവരും ദുർമ്മന്ത്രംകൊണ്ടും സന്മന്ത്രംകൊണ്ടും ജയിച്ചുകൊള്ളുക എന്നും കല്പിച്ചു. പിന്നെ പെരുമനഗ്രാമത്തിങ്കേന്നു രണ്ടാളെ കല്പിച്ചു. അതാകുന്നതു കല്ലാക്കാട്ട് കക്കാട്ടുകുളം. കല്ലാക്കാടിന്നു ദുർമ്മന്ത്രമൂർത്തിയെ സേവിപ്പാനും, കക്കാട്ടുകുളത്തിനു സന്മന്ത്രമൂർത്തിയെ സേവിപ്പാനും കല്പിച്ചു. അവരും ദുർമ്മന്ത്രമൂർത്തിയെക്കൊണ്ടും സന്മന്ത്രമൂർത്തിയെക്കൊണ്ടും ജയിച്ചുകൊള്ളുക എന്നും കല്പിച്ചു.

പിന്നെ ഇരിങ്ങാലിക്കൊടഗ്രാമത്തിങ്കേന്നു രണ്ടാളെ കല്പിച്ചു. അതാകുന്നതു ചുണ്ടക്കാട്ട് മൂത്തമന ഇങ്ങനെ രണ്ടാളെ കല്പിച്ചു. ചുണ്ടക്കാടിന്നു ദുർമ്മന്ത്രമൂർത്തിയെ സേവിപ്പാനും മൂത്തമനയ്ക്കു സന്മന്ത്രമൂർത്തിയെ സേവിപ്പാനും കല്പിച്ചു. ദുർമ്മന്ത്രസേവകൊണ്ടും സന്മന്ത്രസേവകൊണ്ടും ജയിച്ചുകൊള്ളുക എന്നും കല്പിച്ചു. ഇക്കേരളത്തിൽ മലയിന്നു വരുന്ന ദുർദ്ദേവതകളെ തടുത്തുനിറുത്തുവാൻ ആറാളു ദുർമ്മന്ത്രമൂർത്തിയെ സേവിപ്പാനും കല്പിച്ചു. പിന്നെ

സമുദ്രത്തിങ്കേന്നു വരുന്ന ജലദേവതകളെ തടുത്തുനിറുത്തുവാൻ ആറാളു സന്മന്ത്രമൂർത്തിയെ സേവിപ്പാനും കല്പിച്ചു.

ഇങ്ങനെ ഉത്തമത്തിലും മദ്ധ്യമത്തിലും പന്ത്രണ്ടാളെ കല്പിച്ചു. അവരു കേരളത്തിൽ സമ്പ്രദായികളെന്നും കല്പിച്ചു. അവൎക്കു പലദിക്കിലും പലസ്ഥാനങ്ങളും കല്പനയും കല്പിച്ചു കൊടുത്തു. അതിന്റെശേഷം ശ്രീപരശുരാമനരുളിച്ചെയ്തു:—"എന്റെ വീരഹത്യാദിദോഷം ആരു കൈയേല്ക്കുന്നു" എന്നു. അറുപത്തിനാലിലുള്ളവരോടരുളിച്ചെയ്തതിന്റെ ശേഷം ഭരദ്വാജഗോത്രത്തിൽ ചിലർ വീരഹത്യാദിദോഷം കൈയേൽപ്പൂതും ചെയ്തു. അവരെ രാവണനാട്ടുകരഗ്രാമമെന്നും അരുളിച്ചെയ്തു. അവൎക്കു ഊരിലെ പ്പരിഷയെന്നു പേരുമിട്ടു. "നിങ്ങൾക്ക് ഒരു ഈശ്വരൻ പ്രധാനമായി വരണമല്ലോ. അതിന്നു നിങ്ങൾ സുബ്രഹ്മണ്യനെ സേവിച്ചുകൊള്ളുക. എന്നാൽ നിങ്ങൾക്കു വരുന്ന അല്ലലും മഹാവ്യാധിയും ദാരിദ്ര്യാദിസങ്കടങ്ങളും നീങ്ങുകയും ചെയ്യും. ഐശ്വൎയ്യവും വംശവും വളരെ വർദ്ധിക്കും. വാളുനമ്പിയായവരു വിശേഷിച്ചു സേവിച്ചുകൊൾക" എന്നും അരുളിച്ചെയ്തു. അതിന്റെ ശേഷം ശ്രീപരശുരാമനരുളിച്ചെയ്തു:—"ഇക്കേരളത്തിൽ എല്ലാവരും മാതൃപാരമ്പൎയ്യമനുസരിക്കണം; എന്നേ എനിക്കു മാതൃപ്രീതിയുള്ളു;" എന്ന് അറുപത്തിനാലിലുള്ളോരോടരുളിച്ചെയ്തതിന്റെ ശേഷം എല്ലാവൎക്കും മനഃപീഡയുണ്ടായി.

അതിന്റെശേഷം പയ്യന്നൂരുഗ്രാമത്തിലുള്ളവർ നിരൂപിച്ചു കല്പിച്ചു. പരശുരാമനരുളിച്ചെയ്തപോലെ അനുസരിക്കാമെന്നു നിശ്ചയിച്ചു മാതൃപാരമ്പൎയ്യമനുഭവിക്കയുംചെയ്തു. ചില ഗ്രാമത്തിങ്കേന്നുംകൂടെ അനുസരിക്കണമെന്നു കല്പിച്ചതിന്റെ ശേഷം ആരും അനുസരിച്ചതുമില്ല. അതിന്റെശേഷം പരദേശത്തിങ്കേന്നു പലവകയിലുള്ള ശൂദ്രരേ വരുത്തി മാതൃപാരമ്പൎയ്യമവരേപ്പോലെ അനുസരിപ്പിക്കുകയും ചെയ്തു. അവർ അറുപത്തിനാലുഗ്രാമത്തിന്നു അകമ്പടി നടക്കണമെന്നു കല്പിച്ചു. അവൎക്കു രക്ഷ ബ്രാഹ്മണരുതന്നെ എന്നു കല്പിച്ചു. ഇങ്ങനെ പരശുരാമൻ കൎമ്മഭൂമിയുണ്ടാക്കി അറുപത്തിനാലുഗ്രാമത്തിൽ ബ്രാഹ്മണൎക്ക് ഉദകദാനംചെയ്തതിന്റെ ശേഷം, ഇക്കേരളത്തിൽ വാഴുന്ന മനുഷ്യർ സ്വൎഗ്ഗാനുഭൂതിയനുഭവിക്കണം ദേവലോകത്തിന്നു തുല്യമായി വരണമെന്നു കല്പിച്ചു ദേവേന്ദ്രനെ ഭരമേല്പിച്ചു. അറു

മാസം വഷം വേണം. രാജ്യത്തിങ്കലനേകമനേകം സസ്യാദികളു ണ്ടാകണം. അന്നവും പൂവും നീരും വഴിപോലെ ഉണ്ടാകേണം. ദാനധമ്മം വദ്ധിക്കണം. ഐശ്വയ്യം വദ്ധിക്കണം. ഐശ്വയ്യമു ണ്ടായിട്ട് അതുകൊണ്ട് ഈശ്വരസേവ വഴിപോലെ കഴിക്കണം. ദേവപൂജയും പിതൃപൂജയും വഴിപോലെ കഴിക്കണം. അതിന്ന് പശുക്കളെ വളരെയുണ്ടാക്കണമെന്നും കല്പിച്ചു ദേവേന്ദ്രനെ ഭര മേല്പിച്ചു. അതുകൊണ്ട് ആറുമാസം വഷമാകുന്നതും. ആറുമാ സം വേനലെന്നും കല്പിച്ചു. ദേവാലയത്തിങ്കലും ദൈവത്തിൻകാവു കളിലും ഭദ്രകാളിവട്ടത്തും ഗണപതിക്കാവിലും ഇങ്ങനെ ഓരോ രോ സ്ഥാനങ്ങളിൽ ഊട്ടും പാട്ടും ആറാട്ടു കളിയാട്ടം പൂരവേല തണ്ണീരമൃത് താലപ്പൊലി എന്നിങ്ങനെ ഓരോരോ വേലകഠം കഴിച്ചു ഭൂതഗണങ്ങളെ പ്രസാദിപ്പിച്ച് ഭൂലോകസുഖം വരുത്തേ ണമെന്നു കല്പിച്ചു ആറുമാസം വേനലും വെളിച്ചവും കല്പിച്ചു.

അതിൻെറശേഷം കമ്മഭൂമിയിൽ ഭൂദേവന്മാർ പുലർകാ ലേ കുളിച്ചു നന്നായിരുന്നു തങ്ങഠക്കുള്ള സത്ക്രിയകളും കഴിച്ചു ക്ഷേത്രങ്ങളിലും കാവിലും പുക്കു ബലിപൂജാദികളും കഴിച്ചു മററുമ ഹാലോകരുടെ അല്ലലും മഹാവ്യാധികളും ഒഴിപ്പാൻ ഹോമം ധ്യാനം ഭഗവത്സേവ പുഷ്പാഞ്ജലി അന്തിനമസ്കാരം ത്രികാലപൂജ ഗണപതിഹോമം മൃത്യുഞ്ജയം മൂന്നുലക്ഷം സഹസ്രനാമം ധ്യാനാ ന്തരം എന്നിങ്ങനെ ഓരോരോ ഈശ്വരസേവകഠംകഴിച്ചു സുകൃതം വദ്ധിപ്പിക്കുക എന്നു ശ്രീപരശുരാമൻ വേദബ്രാഹ്മണരോട് അരു ളിച്ചെയ്തു. അവ്വണ്ണംതന്നെ വേദബ്രാഹ്മണർ കൈയേല്ക്കുകയും ചെ യ്തു. അങ്ങിനെയിരിക്കുമ്പോഠം കേരളത്തിൽ വാഴുന്ന മനുഷ്യർ സ്വ ഗ്ഗവാസികഠക്കു തുല്യംപോലെന്നു കേട്ടു പല ദിക്കിന്നും പലവക യിലുള്ള ബ്രാഹ്മണർ കേരളത്തിങ്കൽ പോന്നുവന്നതിൻെറശേഷം ശ്രീപരശുരാമൻ അവരെ പല ദിക്കിലും കല്പിച്ചിരുത്തി അവ ക്ക് പലദേശത്തും പലസ്ഥാനങ്ങളും കല്പിച്ചുകൊടുത്തു.

ഇനിമേലിൽ ബ്രാഹ്മണർ തങ്ങളിൽ അന്യോന്യം ഓരോ ക്രൂരചൊല്ലിയും സ്ഥാനം ചൊല്ലിയും വിവാദിച്ചു കമ്മവൈകല്യം വരുത്തി കമ്മഭൂമി ക്ഷയിച്ചുപോകരുതെന്നു കല്പിച്ച് അറുപത്തി നാലുഗ്രാമത്തേയും മൂവായിരംതൊട്ടു മുപ്പത്താറായിരത്തിലുള്ളവ

രേയും പലദിക്കിന്നും പലപരിഷയിൽ പോന്നുവന്ന ബ്രാഹ്മണ രേയും ഒരുനിലയിൽക്കൂട്ടി അവരോടരുളിച്ചെയ്തു.

ഇനി സ്വല്പകാലം ചെല്ലുമ്പോളന്യോന്യം പിണങ്ങി കർമ്മ വൈകല്യം വരുത്തിയെന്നാൽ കർമ്മഭൂമി ക്ഷയിക്കും. അതു വരരു തു്; എന്നു കല്പിച്ചു അറുപത്തിനാലു ഗ്രാമത്തിന്റെ കുറവു തീർത്തു നടപ്പാൻ നാലു കഴകത്തെ കല്പിച്ചു. മുൻപിനാൽ പെരുഞ്ചെല്ലൂ രും പിന്നെ പന്നിയൂരും പിന്നെ പറപ്പൂരും ചെങ്ങന്നൂരും; ഇന്നാലു കഴകവും കൂടിയാൽ മതിയെന്നു വ്യവസ്ഥ വരുത്തി; നാലുകഴകവും കൈകൊണ്ടു; കൈയെഴുത്തിനു കാലവാളംബനം കല്പിച്ചു; നാലു കഴകത്തിന്റെ കുറവും തീർത്തു നടപ്പാൻ കല്പിച്ചു് അറുപത്തി നാലുഗ്രാമം പെരിഞ്ചെല്ലൂർഗ്രാമത്തെ കല്പിച്ചു. അവിടെ നാലു ദേശത്തു നാലാളു് നാലു കഴകത്തിന്റെ കുററം തീർത്തു നടപ്പാൻ കല്പിച്ചു അറുപത്തിനാലു ഗ്രാമത്തിന്റെ കുറവും തീർപ്പാൻ പെരുഞ്ചെല്ലൂർ ഗ്രാമത്തിൽതന്നെ കല്പിച്ചു. പെരിഞ്ചെല്ലൂരു ഗ്രാമത്തിന്റെ കുറവു തീർപ്പാൻ പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ തന്നെ കല്പിച്ചു. അതിന്റെശേഷം ഗ്രാമങ്ങളുടെ വകഭേദങ്ങളെ തിരിച്ചു കല്പിച്ചു. അറുപത്തിനാലു ഗ്രാമത്തിലും ആറുഗ്രാമം— പെരിഞ്ചെല്ലൂരു കരിക്കാട്ട് ആലത്തൂരു പെരുമനം ചൊവ്വര ഇര ങ്ങാലിക്കൊട—പ്രധാനമായി കല്പിച്ചു് അവർക്കു സോമാഹൂതിക്കു മുമ്പെന്നും കല്പിച്ചു, പെരിഞ്ചെല്ലൂരു ഗ്രാമത്തിൽ രാജാംശം കൂടെക്കല്പിച്ചു. പിന്നെ പല പരിഷയിൽ പോന്നുവന്നുള്ള ബ്രാഹ്മ ണരുടെ വകഭേദങ്ങളെ കല്പിച്ചു. ഇവരെ ചിലദിക്കിൽ ഗ്രാമ മെന്നും കല്പിച്ചു. ചിലരെ ചിലദിക്കിൽ ചേരിലെ പരിഷ എന്നും കല്പിച്ചു. ചിലരെ ദേശത്തിങ്കലുള്ളവരെന്നു കല്പിച്ചു. ചിലരെ ഗ്രാമണി എന്നു കല്പിച്ചു. ചിലരെ സഭയുള്ളവരെന്നു കല്പിച്ചു. പിന്നെ ചേരിലുള്ളവർക്കു മുഖ്യതയുണ്ടെന്നുണ്ടു്. അവരെ ആറുഗ്രാ മത്തോടു ചേർത്തു. അവരും ആറുഗ്രാമം തന്നെ അവലംബമായിട്ടു സോമാഹൂതിയെന്നു കല്പിച്ചു.

പിന്നെ ദേശത്തിലുള്ളവർക്ക് അധ്യയനവും അയനവും ഓത്തും ഭിക്ഷയും ദാനവും പ്രതിഗ്രഹവും കല്പിച്ചു ഷട്കർമ്മ ങ്ങളെ കല്പിച്ചുകൊടുത്തു. പിന്നെ സഭയിലുള്ളവർക്കു കന്യാകുമാരി ഗോകർണ്ണത്തോടിടയിൽ പ്രധാനമായ ക്ഷേത്രങ്ങളിൽ മേല്ശാന്തി

സ്ഥാനം കല്പിച്ചുകൊടുത്തു; പെരിയനമ്പിസ്ഥാനവും കൊടുത്തു. പിന്നെ മുൻപിനാൽ വരുത്തിയിരുത്തിയ പരിഷ പോന്നുവന്നവൎക്ക് അമ്പലസംബന്ധം കല്പിച്ചുകൊടുത്തു; ക്ഷേത്രം പ്രധാനമായി ദേശികളെന്നു പേരുമിട്ടു. അവൎക്ക് ഒരു കൎമ്മം കല്പിച്ചുകൊടുത്തു. കേരളത്തിങ്കൽ പിതൃകൎമ്മത്തിന്നു മുൻപെന്നു കല്പിച്ചു. പിന്നെയും പലദിക്കിന്നു ബ്രാഹ്മണർ പോന്നുവന്നവൎക്ക് അരങ്ങും അടുക്കളെയും ശാന്തിനമസ്കാരവും പലദിക്കിൽ പാൎക്കും കല്പിച്ചുകൊടുത്തു.

അതിന്റെശേഷം അറുപത്തുനാലു ഗ്രാമത്തിന്റെ വിധികൎത്തൃത്വത്തിന്നു രണ്ടാളെ കല്പിക്കയെന്നു നിശ്ചയിച്ചു. പെരിഞ്ചെല്ലൂർഗ്രാമത്തിൽ പുളിയപ്പടമ്പുഗൃഹത്തിങ്കൽ ഒരാളു് അറുപത്തിനാലു ഗ്രാമത്തിന്നും പ്രഭുവെന്നു കല്പിച്ചു. നായറക്കൂറ് എന്നു പേരുകൊടുത്തു അറുപത്തുനാലുഗ്രാമത്തിന്നും അടക്കവും ഒടുക്കവും കല്പിച്ചു. പിന്നെ അറുപത്തുനാലുഗ്രാമത്തിന്നും കല്പിച്ച നിലയ്ക്കും നിഷ്ഠയ്ക്കും തങ്ങളിൽ വിവാദമുണ്ടായാൽ വിവാദം തീൎത്തുനടത്തുവാൻ ആലത്തൂർഗ്രാമത്തിങ്കൽ ആഴാഞ്ചേരിസാമ്രാജ്യം കഴിപ്പിച്ചു. സമ്രാക്കളെന്നു പേരുമിട്ടു. ബ്രാഹ്മണൎക്കു വിധികൎത്താവെന്നും കല്പിച്ചു. ഇവരിരുവരും കേരളത്തിങ്കൽ ബ്രാഹ്മണശ്രേഷ്ഠന്മാരെന്നും കല്പിച്ചു.

പിന്നെ പലദിക്കിൽനിന്നും പോന്നുവന്ന പല പരിഷയിലുള്ള ബ്രാഹ്മണൎക്കു വകഭേദങ്ങളും തിരിച്ചു കല്പിച്ചു. ആ കല്പിച്ചതാകുന്നതു ബലികൎമ്മം; ആയുഷ്കരാദി; ബലികൎമ്മങ്ങളെ കഴിപ്പിക്ക എന്നു കല്പിച്ചു. അവൎക്കു അറുപത്തുനാലു ഗ്രാമം തന്നെ രക്ഷയെന്നും കല്പിച്ചു. പിന്നെ മുപ്പത്താറായിരം ബ്രാഹ്മണൎക്ക് ആയുധവും കൊടുത്തു ഭൂമി രക്ഷിപ്പാൻ കല്പിച്ചു. അവരെക്കൊണ്ടു വകഭേദം തിരിച്ചുകല്പിച്ചു. മുൻപിനാൽ പെരിഞ്ചെല്ലൂർഗ്രാമത്തിങ്കേന്നു മൂവായിരം ബ്രാഹ്മണർ ആയുധം വാങ്ങി അവൎക്ക് വാളുനമ്പി മുൻപെന്നും കല്പിച്ചു. പിന്നെ വേദബ്രാഹ്മണൎക്ക് ശംഖും കുടയും കൊടുത്തു; പട്ടിണിനമ്പിയെന്ന പേരും കൊടുത്തു. ശംഖും കുടയും കൂടാതെ ദണ്ഡായുധം അരുതെന്നു കല്പിച്ചു. ശംഖും കുടയുമല്ലാതെ ഒരു ആയുധവും അരുതെന്നും കല്പിച്ചു. പട്ടിണിനമ്പിക്കു ഒരു സങ്കടമുണ്ടായാൽ കുളക്കടവിൽ ചെന്നു ശംഖും കുടയും വച്ചു പാൎക്കയെന്നും കല്പിച്ചു. വാളുനമ്പിയെ

സമീപത്തിങ്കൽ നിറുത്തുക എന്നും കല്പിച്ചു. മൂവായിരം തൊട്ടു മുപ്പത്താറായിരത്തേയും എന്നെയും സങ്കല്പിച്ചുകൊള്ളുക. ഇപ്രകാരമൊക്കെ ഓരോരോ രക്ഷയും ശിക്ഷയും കല്പിച്ചു ബ്രാഹ്മണരെ ഭരമേല്പിച്ചു ശ്രീ പരശുരാമൻ തപസ്സിനായിക്കൊണ്ടു എഴുന്നള്ളുകയുംചെയ്തു.

അതിനുശേഷം ബ്രാഹ്മണർ കല്പിച്ച് ഓരോരോ ദേശത്തുനിന്നും പല ദിക്കിൽനിന്നും ശൂദ്രരെ വരുത്തി അവൎക്കു പല മൎയ്യാദയും കല്പിച്ചുകൊടുത്തു. കുടിയിരിപ്പാൻ ഭവനവും തീൎത്തു കൊടുത്തു. വാടയുമടിമയും ഉണ്ടാക്കി കുടിയാരെയും അടിയാരെയും രക്ഷിച്ചു. തറയും തറവാട്ടുകാരെയും അവരേ കല്പിച്ചു അവരെക്കൊണ്ട് ഓരോരോ കണ്ണും കയ്യും കല്പനയും കല്പിച്ചു. കുടിയാൎക്കു കീഴായ്ക്കൂറും തങ്ങൾക്കു മേലായ്ക്കൂറും കല്പിച്ചു. കുടിയാൎക്കു കാണവും തങ്ങൾക്കു ജന്മവും കല്പിച്ചു. കാണജന്മമൎയ്യാദയും നടത്തി. ബ്രാഹ്മണാചാരമെന്നും ശൂദ്രമൎയ്യാദയും കല്പിച്ചു. ഊരിൽ ബ്രാഹ്മണരുടെ ഇല്ലവും തീൎത്തു തങ്ങൾക്കുള്ള കൎമ്മങ്ങൾ—ദേവബലിയും പിതൃപൂജയും—കല്പിച്ചു. നേരും ന്യായവും നടത്തി വേദബ്രാഹ്മണരെ ആനന്ദിപ്പിച്ചു ദാനധൎമ്മങ്ങളും ചെയ്തു. അങ്ങനെ മുപ്പത്താറായിരത്തിലുള്ളവർ വളരെക്കാലം രാജ്യം രക്ഷിച്ചതിന്റെ അനന്തരം രാജ്യത്തിങ്കൽ ശിക്ഷാരക്ഷകൾ കുറഞ്ഞുതുടങ്ങി. അതു ഹേതുവായിട്ട് അറുപത്തിനാലു ഗ്രാമത്തിൽ ഉള്ള ബ്രാഹ്മണർകൂടി തിരുനാവായ് മണൽപ്പുറത്തു ഒരു സഭയായി നിരൂപിച്ചു തുടങ്ങി.

മലയാളത്തിൽ ഓരോരോ പെരുമാക്കന്മാർ വാണു നാട്ടു പരിപാലിച്ചുപോന്നപ്രകാരമുള്ള പഴമ പറയുന്നു. എങ്കിലോ പണ്ടു പരശുരാമനാൽ പടയ്ക്കപ്പെട്ടോരു കൎമ്മഭൂമി കേരളം നൂററുപതുകാതം നാട്ടു പരിപാലിപ്പാനായിക്കൊണ്ട് അറുപത്തുനാലു ഗ്രാമത്തിന്റെ കുറവും തീൎത്തു. അറുപത്തുനാലു ഗ്രാമത്തിൽ ആറും നാലും ഗ്രാമത്തിൽ പതിന്നാലുഗോത്രത്തിൽ മുപ്പത്താറായിരം ബ്രഹ്മണരെ കല്പിച്ചു. അവൎക്കു ഭൂമി ദാനംചെയ്തു ആയുധവും കൊടുത്തു ശ്രീപരശുരാമൻ നാട്ടു രക്ഷിപ്പാനായി കല്പിച്ചതിന്റെ ശേഷം അവർ നാട്ടു പരിപാലിക്കുമ്പോൾ ഓരോരോക്കൂറു ചൊല്ലിയും ദേശംചൊല്ലിയും തങ്ങളിൽ തങ്ങളിൽ വിവാദിച്ചു നാട്ടിൽ ശിക്ഷാരക്ഷകൾ കുറഞ്ഞുകാണുക ഹേതുവാ

യിട്ട ശേഷം ബ്രാഹ്മണരെല്ലാപേരും കൂടി നിരൂപിച്ചു കല്പിച്ചു. ശ്രീപരശുരാമൻ നാട്ടിൽ കല്പിച്ച കഴകം നാലു; പെരിഞ്ചെല്ലൂര, പന്നിയൂര്, പറപ്പൂര്, ചെങ്ങനിയൂര് ഇങ്ങനെ. നാലു കഴകത്ത് ഓരോരുത്തർ മൂവാണ്ട മൂവാണ്ട രാജ്യം ഭരിക്ക എന്നു വ്യവസ്ഥ വരുത്തി. മൂവാണ്ടമൂവാണ്ട രാജ്യം രക്ഷിപ്പാനായിട്ട ഓരോരുത്തരെ അവരോധിച്ചതിന്റെ ശേഷം തനിക്കുതനിക്കു മൂവാണ്ടേയ്ക്കല്ലൊ ഉള്ളൂ എന്നു കല്പിച്ചു നാട്ടിലുള്ള പ്രജകളെ ഉപദ്രവിക്കയും കോഴകൊള്ളുകയും നിധി സൂക്ഷിക്കയും ചെയ്തുതുടങ്ങി.

ഇങ്ങനെ കുറേക്കാലം ചെല്ലുമ്പോൾ ഈ അവരോധിച്ച പരിഷയ്ക്കാസ്ഥരും നാട്ടിലുള്ള വസ്തുവൊക്കെയും. അതു വരരുത് എന്നു കല്പിച്ചു ബ്രാഹ്മണരെല്ലാവരുംകൂടി തിരുനാവായി മണൽപ്പുറത്തു ഒരു സഭയായി നിന്നു നിരൂപിച്ചു കല്പിച്ചു. ഇനിമേൽ പത്തരഗ്രാമത്തിൽ ഓരോരുത്തർ പന്തീരാണ്ട പന്തീരാണ്ട നാട്ട പരിപാലിക്ക എന്നു നിശ്ചയിച്ചു, പത്തരഗ്രാമത്തിൽ ഓരോരുത്തരെ അവരോധിച്ചു. തൃക്കാരിയൂരും തൃക്കോട്ടും ആറു രക്ഷാപുരുഷന്മാരായി വാളെടുപ്പാൻതക്കവണ്ണം കല്പിച്ചു. അതിന്റെ ശേഷം തൃക്കാരിയൂരും തൃക്കോട്ടും ചെന്നപ്പോൾ ഞാനെന്നും ഞാനെന്നും തങ്ങളിൽ വിവാദിച്ചതിന്റെ ശേഷം ബ്രാഹ്മണരെല്ലാവരുംകൂടി അവിടുന്നു പുറപ്പെട്ട തിരുനാവായിമണൽപ്പുറത്തുചെന്നു ഒരു സഭയായിക്കൂടിയിരുന്നു നിരൂപിച്ചു കല്പിച്ചു. ഇനിമേൽ ബ്രാഹ്മണർ നാട്ട പരിപാലിച്ചാൽ നാട്ടിൽ ശിക്ഷാരക്ഷകൾ ഉണ്ടാകയില്ല. ഇനിമേൽ നാട്ട പരിപാലിപ്പാൻ രാജാവുവേണം, എന്നു നിശ്ചയിച്ചു രാജാവിനെയുണ്ടാക്കുവാൻ തക്കവണ്ണം അറുപത്തുനാലു ഗ്രാമത്തിന്റെ കുറവും തീർത്തു നാലു കഴകത്തെ കല്പിച്ചു; പെരുഞ്ചെല്ലൂരും പന്നിയൂരും പറപ്പൂരും ചെങ്ങന്നൂരും; അറുപത്തുനാലു ഗ്രാമത്തിന്റെ കുറവും തീർത്തു നാലു കഴകവും കൂടിയിരുന്നു ഒരു സഭയായി കൂടിനിരൂപിച്ചു കല്പിച്ചു പുറപ്പെട്ട് പരദേശത്തു ചെന്നു കേയപുരത്തിങ്കൽനിന്നു (ഫ) "കേയപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്ന്, കേരളമെന്ന പ്രദേശത്തു ഇരുത്തി വാഴിച്ചു കഴിച്ചു കേരളരാജാവെന്നും ചൊല്ലി കൈപിടിച്ചിരുത്തിയതു് മുൻപിൽ പെരിഞ്ചെല്ലൂർ ഗ്രാമത്തിലുള്ളവരാകുന്നതു്. രാജാവിനെ മലനാട്ടിൽ കൂട്ടിക്കൊണ്ടുപോരുമ്പോൾ രാജാവും ബ്രാഹ്മണരുമായി പല സമയവും സഖ്യവും ചെയ്തിട്ടത്രേ നാട്ട വാഴാൻ കല്പിച്ചതു്.

പിന്നെ മലനാട്ടിൽ പെരുമാൾക്കു രാജഭോഗവും വിരുത്തിയും കല്പിച്ചുകൊടുത്തു. പിന്നെ അപ്പെരുമാൾക്ക് എഴുന്നള്ളിയിരിപ്പാൻ തളിപ്പറമ്പിന്നു വടക്കു വടതലയൂർ എന്ന പ്രദേശത്ത് ഒരു കോവിലകവും തീർത്ത് അവിടെ എഴുന്നള്ളിയിരിക്കയും ചെയ്തു.

ഇങ്ങനെ പരശുരാമഭൂമി (കേരളം) നൂററുപതുകാതംനാട്, പന്തീരാണ്ടു പരിപാലിപ്പാൻ "കേയപ്പെരുമാളെ" കൈപിടിച്ചിരുത്തിയതിന്റെശേഷം അപ്പെരുമാളും ബ്രാഹ്മണരുമായി കൂടി അടിയന്തിരമിരുന്ന്, എട്ടുസംവത്സരം നാടുപരിപാലിച്ചതിന്റെശേഷം കേയപ്പെരുമാളു് സ്വർഗ്ഗാരോഹണം പ്രാപിച്ചു.

അതിൽപിന്നെ ബ്രാഹ്മണർ നിരൂപിച്ചു കല്പിച്ച്, ചോഴമണ്ഡലത്തിങ്കൽചെന്ന് (൨) "ചോഴപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു കേരളത്തിൽ പന്തീരാണ്ടു നാടുവാഴാൻ കല്പിച്ചു. ചോഴപ്പെരുമാളെ കൈപിടിച്ചിരുത്തി വാഴിച്ചുകഴിച്ചതും പെരുഞ്ചെല്ലൂർ ഗ്രാമത്തിങ്കലുള്ളവരാകുന്നതു്. പെരുമാൾക്കു് എഴുന്നള്ളിയിരിപ്പാൻ ചോഴക്കരയെന്നൊരു കോവിലകം തീർത്തു. അപ്പെരുമാളും ബ്രാഹ്മണരുമായിക്കൂടി പലദേശത്തും അടിയന്തിരമിരുന്നു നിരൂപിച്ചു കല്പിച്ചു നാടുപരിപാലിച്ചതിന്റെ ശേഷം അപ്പെരുമാളാകട്ടേ പത്തുസംവത്സരവും രണ്ടുമാസവും ചെല്ലുമ്പോൾ ചോഴമണ്ഡലത്തിങ്കൽത്തന്നെ എഴുന്നള്ളുകയുംചെയ്തു.

അതിന്റെശേഷം ബ്രാഹ്മണർ നിരൂപിച്ചു കല്പിച്ചു പാണ്ടിമണ്ഡലത്തിങ്കൽനിന്നു (൩) "പാണ്ടിപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു. പാണ്ടിപ്പെരുമാളെ പാണ്ടിപ്പുരപ്പെന്ന പ്രദേശത്തു കൈപിടിച്ചിരുത്തി പന്തീരാണ്ടു വാണു നാടുപരിപാലിപ്പാൻ കല്പിച്ചു. അതും പെരുഞ്ചെല്ലൂർഗ്രാമത്തിങ്കലുള്ളവരാകുന്നതു്. അതിന്റെശേഷം പാണ്ടിപ്പെരുമാളാകട്ടേ അവിടെ ഒരു കോട്ടപ്പടിയും തീർത്ത് അടിയന്തിരമിരുന്നു നിരൂപിച്ചു കല്പിച്ച് ഒൻപതുസംവത്സരം നാടുപരിപാലിച്ചതിന്റെ ശേഷം പാണ്ടിമണ്ഡലം രക്ഷിപ്പാൻ ആളില്ലെന്നു കല്പിച്ചു പാണ്ടിമണ്ഡലത്തിൽനിന്നും ആൾ പോന്നുവന്നതിന്റെശേഷം പാണ്ടിമണ്ഡലം രക്ഷിപ്പാനായിക്കൊണ്ട് അവിടുത്തേയ്ക്കുതന്നെ എഴുന്നള്ളുകയും ചെയ്തു.

അതിൻെറശേഷം ബ്രാഹ്മണർ പരദേശത്തു ചെന്നു ബാണപുരത്തുനിന്നു (ർ) "ബാണപ്പെരുമാളെ" കൂട്ടിക്കൊണ്ടു പോന്നു് അല്ലൂരെന്നപ്രദേശത്തു കൈപിടിച്ചിരുത്തി പന്തീരാണ്ടു നാടു പരിപാലിപ്പാൻ കല്പിച്ചു. അപ്പെരുമാളെ കൈപിടിച്ചിരുത്തിയതു പറപ്പൂർഗ്രാമത്തിലുള്ളവരാകുന്നതു്. അല്ലൂർ പെരുങ്കോവിലകവും തീർത്തു. ഇങ്ങനെ ബാണപ്പെരുമാൾ വാഴുന്നകാലത്തു ബൌദ്ധന്മാർ പോന്നുവന്നു ബൌദ്ധശാസ്ത്രത്തിൻെറ പ്രാമാണ്യമാകെ കേൾപ്പിച്ചശേഷം ഇതത്രേ നേരാകുന്നതെന്നു പെരുമാൾക്കു ബോധിച്ചു. അപ്പെരുമാളാകട്ടേ ബൌദ്ധമാർഗ്ഗം അനുഷ്ഠിക്കയും ചെയ്തു. അതിൻെറശേഷം പല ഗ്രാമത്തിങ്കലുള്ള ബ്രാഹ്മണരേയും വരുത്തി ബ്രാഹ്മണരോടു ചോദ്യം ചെയ്തു തുടങ്ങി. ഈ മലനാട്ടിൽ എല്ലാവരും ബൌദ്ധമാർഗ്ഗം അനുഷ്ഠിക്കണമെന്നു പെരുമാൾ കല്പിച്ചതിൻെറ ശേഷം ബ്രാഹ്മണർ ബുദ്ധിയും കെട്ടു തൃക്കാരിയൂരു വാങ്ങുകയുംചെയ്തു. അനന്തരം ബ്രാഹ്മണർ ഒരു സഭയായി കൂടി നിരൂപിച്ചു കല്പിച്ചു. മലനാട്ടിൽ എല്ലാവരും ബൌദ്ധമാർഗ്ഗമനുഷ്ഠിക്കേണമെന്നല്ലോ പെരുമാൾ കല്പിച്ചതു് അതിൻെറശേഷം ബ്രാഹ്മണർ തർക്കിക്കയല്ലോ ചെയ്തതു്! ഇപ്രകാരം പെരുമാൾക്കു മനസ്സുവന്നാൽ ബ്രാഹ്മണർക്കു ശുദ്ധാശുദ്ധി വർദ്ധിച്ചുകൊള്ളുവാൻ വശമല്ലാതെവരുമല്ലോ; എന്നു മനഃപീഡ പാരമുണ്ടായതിൻെറശേഷം പലഗ്രാമങ്ങളിലുള്ള വലിയ പരിഷകളെ എല്ലാവരെയും വരുത്തി നിരൂപിക്കുമ്പോൾ ഈശ്വരാനുഗ്രഹംകൊണ്ടു ജങ്ഗമനെന്നു പേരായ ഒരു മഹർഷി അവിടേയ്ക്കു എഴുന്നള്ളുകയുംചെയ്തു. അമ്മഹർഷിയോടു് അവിടെയുള്ള ബ്രാഹ്മണരെല്ലാപേരുംകൂടിച്ചെന്നു സങ്കടമുണർത്തിച്ചതിൻെറശേഷം മഹർഷി അരുളിച്ചെയ്തു:—

"ഈ വച്ചൂട്ടുന്നിടത്തുണ്ടായ അശുദ്ധിയുടെ ദോഷം പോകാൻ ഒരു പ്രായശ്ചിത്തം നിങ്ങൾക്കു ഗ്രഹിപ്പിച്ചുതരാം. അതാകുന്നതു്: അസ്തമിച്ചാൽ ഒരു വിളക്കുവച്ചു ബ്രാഹ്മണർ ദീപപ്രദിക്ഷണം ചെയ്തുകൊൾക. ആയതിന്നു് ഒരു ഗാനമുപദേശിച്ചുകൊടുത്തു. ഗാനം ബ്രഹ്മസ്തുതിയാകുന്നതു് എന്നരുളിച്ചെയ്തു. ഇനി നിങ്ങൾക്കു് ഒരു ദേവൻ പ്രധാനമായി ഗാനം ചെയ്തുകൊള്ളുവാൻ തൃക്കാരിയൂരപ്പൻ തന്നെ പരദേവതയെന്നരുളിച്ചെയ്തു. "നിത്യം ഇതു ഗാനംചെയ്തുകൊണ്ടാൽ ഇനിമേൽ നിങ്ങ

ളുടെ സങ്കടങ്ങളൊക്കെയും പോകാൻ സങ്ഗതിവരും'' എന്നിങ്ങനെ അരുളിച്ചെയ്തു മഹർഷി എഴുന്നള്ളുകയുംചെയ്തു.

അതിൻെറശേഷം ബ്രാഹ്മണർ അസ്തമിച്ചാൽ ഒരു വിളക്കുവച്ച് ആ ദീപപ്രദക്ഷിണം ചെയ്തുതുടങ്ങുമ്പോൾ പരദേശത്തുനിന്നും ആറു ശാസ്ത്രികൾ പോന്നുവന്നു. ഒന്നു ഭട്ടാചാൎയ്യൻ, ഒന്നു ഭട്ടാവാരണൻ, ഒന്നു ഭട്ടാവിജയൻ, ഒന്നു ഭട്ടമയൂരൻ, ഒന്നു ഭട്ടഗോപാലൻ, ഒന്നു ഭട്ടനാരായണൻ. ഇങ്ങനെ പരദേശത്തുനിന്നും പോന്നുവന്ന ആറു ശാസ്ത്രികളും ബ്രാഹ്മണരുമായി നിരൂപിച്ചു ഒരുത്തക്കപ്പുറപ്പെട്ടു മക്കത്തുചെന്നു പെരുമാളെ കണ്ടു. ശാസ്ത്രികൾ പറഞ്ഞുവല്ലോ:—

''പെരുമാൾ എന്തു് ഈ അബദ്ധം കാട്ടിയതു്? ഈവണ്ണം പെരുമാൾ കല്പിച്ചാൽ ബ്രാഹ്മണരു നാടുപുറപ്പെട്ടു പോകേണ്ടിവരുമല്ലോ. അതു് അരുതെന്നു കല്പിച്ചിട്ടല്ലോ ബ്രാഹ്മണർ പലരക്ഷയും ശിക്ഷയും കല്പിപ്പാൻ കാരണം.'' ഇങ്ങനെ പലവഴിയും ശാസ്ത്രികൾ പെരുമാളെ കേൾപ്പിച്ചതിൻെറശേഷം പെരുമാൾ ശാസ്ത്രികളോടു കല്പിച്ചു. 'ഇതത്രേ നേരാകുന്നതു്' എന്നു കല്പിച്ചതിൻെറശേഷം ശാസ്ത്രികൾ പെരുമാളെ കേൾപ്പിച്ചു. ''ബൌദ്ധന്മാരും ഞങ്ങളുമായി ശാസ്ത്രംകൊണ്ടു വിവാദിച്ചാൽ ഞങ്ങളത്രേ തോററുപോയെന്നുവരുകിൽ ഞങ്ങളുടെ നാവു പറിച്ചു ഞങ്ങളെ നാട്ടിൽനിന്നു കളവൂ. ബൌദ്ധന്മാർ തോററുവെന്നുവരുകിൽ ബൌദ്ധന്മാരെ നാട്ടിൽനിന്നു കളവൂ.'' എന്നിങ്ങനെ ശാസ്ത്രികൾ പെരുമാളെ കേൾപ്പിച്ചതിൻെറശേഷം അങ്ങനെ തന്നെയെന്നു പെരുമാൾ കല്പിച്ചു.

അതിൻെറ ശേഷം ശാസ്ത്രികളും ബൌദ്ധന്മാരുമായി വിവാദിച്ചു ശാസ്ത്രംകൊണ്ടിടഞ്ഞാറേ, ബൌദ്ധന്മാർ തോല്ക്കയും ചെയ്തു. അതിൻെറശേഷം പെരുമാളാകട്ടേ ബൌദ്ധന്മാരുടെ നാവു മുറിച്ച് അവരെ ശിക്ഷിച്ചു. ശേഷമുള്ള ബൌദ്ധന്മാരെ നാട്ടിൽനിന്നു കളയുകയും ചെയ്തു. അതിൻെറശേഷം പെരുമാൾ ബ്രാഹ്മണരോടു കല്പിച്ചു. ''ഇനിമേൽ ബൌദ്ധന്മാർ പോന്നുവന്നു വിവാദിക്കുമ്പോൾ നിങ്ങൾതന്നെ ബൌദ്ധന്മാരെ ശിക്ഷിച്ചുകൊൾക'' എന്നു്. അതിൻെറശേഷം പെരുമാൾക്കു വസ്തുവും

തിരിച്ചുകൊണ്ടു വേറേ കല്പിക്കയുംചെയ്തു. തദനന്തരം പെരുമാൾ മനസ്സുകൊണ്ടു നിരൂപിച്ചു കല്പിച്ചു.

ബൌദ്ധശാസ്ത്രം ഞാൻ അനുസരിക്കകൊണ്ട് എനിക്കു മറെറാന്നിലും നിവൃത്തിയില്ല. എന്നു കല്പിച്ചു പെരുമാൾ മറെറാരുത്തരെ വാഴിപ്പാൻ കല്പിച്ചു മക്കത്തിൽതന്നെ എഴുന്നള്ളുകയും ചെയ്തു. ആ പെരുമാളെ "പള്ളിബാണപ്പെരുമാൾ" എന്നു പറയുന്നു.

അതിൻെറശേഷം പരദേശത്തുനിന്നും ആരുശാസ്ത്രികൾ പോന്നുവന്നു. അവരേയും ആരുശാസ്ത്രവും ഗ്രഹിക്കണമെന്നു കല്പിച്ചു. ശാസ്ത്രികളേയും ബ്രാഹ്മണസമീപത്തിൽതന്നെ ഇരുത്തുകയുംചെയ്തു. പിന്നെ ബാണപ്പെരുമാളാകട്ടെ നാലുസംവത്സരം നാടു പരിപാലിച്ചു മക്കത്തിന്ന് എഴുന്നള്ളി.

അതിൻെറശേഷം ബ്രാഹ്മണർ പരദേശത്തുചെന്ന് ഉത്തരഭൂമിയിങ്കൽനിന്ന് (൫) "തുളുഭൻപെരുമാളെ" കൂട്ടിക്കൊണ്ടുവന്നു. തുളുഭൻപെരുമാളാകട്ടേ ഗോകർണ്ണത്തിങ്കൽനിന്നുതുടങ്ങി പെരുമ്പുഴയോളമുള്ള നാടു കണ്ടപ്പോൾ ഈ രാജ്യംതന്നെ നല്ലു എന്നു കല്പിച്ച്, കോടീശ്വരമെന്ന ഗ്രാമത്തിങ്കൽ എഴുന്നള്ളി. ആ ഗ്രാമത്തിലുള്ള ബ്രാഹ്മണർ തുളുഭൻപെരുമാളെ പന്തിരണ്ടു നാടുപരിപാലിപ്പാൻ തക്കവണ്ണം കല്പിച്ചു; കോടീശ്വരമെന്ന പ്രദേശത്തു കൈപിടിച്ചിരുത്തി വാഴ്ച്ച കഴിച്ചു. ആ പെരുമാൾ അവിടെ വാഴുകകൊണ്ട് ആ രാജ്യം തുളുനാടെന്നു പറവാൻ കാരണം. തുളുഭൻപെരുമാൾ ആറുസംവത്സരം നാടു പരിപാലിച്ചതിൻെറശേഷം അപ്പെരുമാൾ സ്വർഗ്ഗാരോഹണം കഴിഞ്ഞുപോകയുംചെയ്തു.

അതിൻെറശേഷം ബ്രാഹ്മണർ പരദേശത്തുനിന്നും (൬) "ഇന്ദ്രപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്ന്, വാഴിച്ചുകഴിച്ചു. അതുവും പെരിഞ്ചെല്ലൂർഗ്രാമത്തിലുള്ളവരാകുന്നു. ആ പെരുമാൾക്ക് അരിക്കസ്ഥാനം കല്പിച്ചുകൊടുത്തു. അല്ലൽപ്പെരുംകോവിലകമെന്നു പേരും കല്പിച്ചു. അവിടെ സമീപത്തിങ്കൽ നാലു കഴകവുമായിക്കൂട്ടി അടിയന്തിരമിരുന്നു. നാലു കഴകത്തിനും നാലു കഴിയും തീർത്തു. പെരിഞ്ചെല്ലൂരും പന്നിയൂരും ചെങ്ങന്നൂരും ഈ മൂന്നു കഴകവും അകലത്താകകൊണ്ട്, മൂന്നു കഴകത്തിൻെറ കുറവും

തീൎത്തു നാലുകഴകത്തെ കല്പിച്ചു. അതിൽ നാലുകഴകത്തിൽ പറപ്പൂരു നടേത്തതു്. പറപ്പൂരുടെ സമീപത്തിങ്കൽ അതിരാണിക്കോട്ടു്, മൂഷികക്കളം, ഇരിങ്ങാടിക്കുട ഇങ്ങനെ പറപ്പൂരോടുകൂടെ നാലു കഴകമെന്നു കല്പിച്ചു. അറുപത്തുനാലു ഗ്രാമത്തിന്റെ കുറവും തീൎത്തു നാലുകഴകത്തെ കല്പിച്ചു; നാലുകഴകത്തു നാലു തളിതീൎത്തു. തളി രക്ഷിപ്പാൻ നാലു കഴകത്തിന്നും നാലു തളിയാതിരിമാരെ കല്പിച്ചു. നാലു തളിയാകുന്നതു മേൽത്തളി, കീഴ്ത്തളി, നിടിയതളി, ചിങ്ങപുരം തളി. അതിൽ മേൽത്തളി മൂഷികക്കളം, കിഴ്ത്തളി ഐരാണിക്കോട്ടു്, നിടിയതളി പറപ്പൂരു്, ചിങ്ങപുരം തളി ഇരിങ്ങാടിക്കുട; ഇങ്ങനെ നാലുതളിയാകുന്നതു്.

പെരുഞ്ചെല്ലൂരും പന്നിയൂരും ചെങ്ങന്നൂരും അകലത്താകകൊണ്ടു പറപ്പൂരോടുകൂടെ നാലുകഴകമെന്നു പേരുണ്ടായി. ഈ നാലുകഴകം പെരുമാൾകാലത്തു കല്പിച്ചതു്. മറേറക്കഴകം പരശുരാമൻ കല്പിച്ചതു്. മുൻപിൽ എല്ലാവരുടേയും വസ്തുവിന്മേലും രക്ഷാപുരുഷന്മാൎക്കു ഷഡ്ഭാഗം കല്പിച്ചുകൊടുത്തതു രണ്ടാമതു തളിയാതിരിമാൎക്കു കല്പിച്ചുകൊടുത്തു. പിന്നെ പെരുമാളും തളിയാതിരിമാരുമായി പല തളിയിലും അടിയന്തിരമിരുന്നു നാടു പരിപാലിക്കുമ്പോൾ ബ്രാഹ്മണർ എല്ലാവരുംകൂടി കല്പിച്ചു. ഇനിമേൽ ഓരോരോ ആപത്തുകൾ ഉണ്ടാകുന്നതിനു് ആപച്ശാന്തിക്കായിക്കൊണ്ടു ജങ്ഗമനെന്ന മഹൎഷി ബ്രാഹ്മണൎക്കുപദേശിച്ചുകൊടുത്ത ഗാനം ചൊല്ലി ദീപപ്രദക്ഷിണംചെയ്യാൻ തക്കവണ്ണം ബ്രാഹ്മണരെല്ലാവരുംകൂടി കല്പിച്ചു് പതിനെട്ടു ബ്രാഹ്മണരെ കല്പിച്ചു. ആ പതിനെട്ടാളെയും പതിനെട്ടു സംഘമാക്കി കല്പിച്ചു. അവൎക്കു പതിനെട്ടു ദേശവും കല്പിച്ചു. അവർ നിത്യം ഈ ജങ്ഗമനാടകമാകുന്ന ഗാനം ചൊല്ലി ദീപപ്രദക്ഷിണം ചെയ്യണമെന്നു കല്പിച്ചു. അവൎക്കു ശാസ്ത്രികളെന്നു പേരു്. ഈ പതിനെട്ടു സംഘത്തിനും തൃക്കാരിയൂരപ്പൻതന്നെ പരദേവത. ഈ പതിനെട്ടു സംഘത്തിനും തൃക്കാരിയൂരപ്പൻ ഈ അറുപത്തുനാലു ഗ്രാമത്തിങ്കലും അരങ്ങും അടുക്കളയും ആവണയും നാക്കിലയും ചുരുളയും കൈയും കല്പിച്ചുകൊടുത്തു. പിന്നെ അവൎക്കു പല അടുക്കും ആചാരവും കല്പിച്ചുകൊടുത്തു. ഈ പതിനെട്ടു സംഘവും പതിനെട്ടു ദേശത്തിനും ദീപപ്രദക്ഷിണം തുടങ്ങിയതിന്റെ ശേഷം, ഇന്ദ്രൻപെരുമാളാകട്ടെ, ഇനിമേൽ ബ്രാഹ്മണൎക്കൊരു

സങ്കടവുമുണ്ടാകരുതെന്നു കല്പിച്ചു അവൎക്കു പല രക്ഷയും ശിക്ഷയും കല്പിച്ചു. ബ്രാഹ്മണരുമായി പല തളിയിലും അടിയന്തിരമിരുന്നു നിരൂപിച്ചു കല്പിച്ചു. പന്തീരാണ്ടു നാടുപരിപാലിച്ചതിന്റെശേഷം ഇന്ദ്രൻപെരുമാൾ മറെറാരുത്തനെ വാഴിപ്പാൻ കല്പിച്ചു; പരദേശത്തുതന്നെ എഴുന്നള്ളുകയും ചെയ്തു.

അതിന്റെശേഷം ബ്രാഹ്മണർ നിരൂപിച്ചുകല്പിച്ച്, ഉത്തരഭൂമിയിങ്കൽനിന്നു(൭)"ആൎയ്യപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു പന്തീരാണ്ടു നാടുപരിപാലിപ്പാൻ തക്കവണ്ണം കല്പിച്ചു. പെരിഞ്ചെല്ലൂർഗ്രാമക്കാർ കൈപിടിച്ചിരുത്തിയശേഷം ഗോകൎണ്ണംതുടങ്ങി കന്യാകുമാരിയോളം പരശുരാമഭൂമി കേരളം നൂററുപത്തുകാതം നാട്ടിൽ ഗോകൎണ്ണത്തുനിന്നു തുടങ്ങി തുളുനാട്ടിൽ പെരുമ്പുഴയോളം തുളുരാജ്യമെന്നു കല്പിച്ചു. പെരുമ്പുഴയിന്നു തുടങ്ങി പുതുപട്ടണത്തഴിയോളം കേരളരാജ്യമെന്നു കല്പിച്ചു. പുതുപട്ടണത്തഴിയ്ക്കൽനിന്നു കന്നാററിയോളം മൂഷികരാജ്യമെന്നു കല്പിച്ചു. കന്നാററിങ്കേന്നു കന്യാകുമാരിയോളം കൂവള(?പക)രാജ്യമെന്നു കല്പിച്ചു. ഇങ്ങനെ ഗോകൎണ്ണംതുടങ്ങി കന്യാകുമാരിയോളം നൂററുപത്തുകാതം നടന്നുനോക്കിക്കണ്ടു് ആ നാടുകൊണ്ടു നാലു ഖണ്ഡമാക്കി. അതുകൊണ്ടു ശ്രീനാടാക്കി. പതിനേഴു നാടുകൊണ്ടു പതിനെട്ടു ഖണ്ഡമാക്കി. പിന്നെ അതുകൊണ്ടോരോരോ ദേശമാക്കി. ഓരോരോദേശത്തിന്നു് ഓരോരോ പേരുമിട്ടു. അവിടവിടെ ദാനധൎമ്മവും കല്പിച്ചു. നാലുകഴകവുംകൂടി നിരൂപിച്ചു പെരുമാളുമായി കൂടിയടിയന്തിരമിരുന്നു കല്പിപ്പാൻ നാലുകഴകത്തും നാലു തളി തീൎത്തു. തളി രക്ഷിപ്പാൻ നാലു തളിയാതിരിമാരെയും കല്പിച്ചു. തളിയാതിരിമാരുമായി നാലു തളിയിലും അടിയന്തിരമിരുന്നു കല്പിച്ചു നാടു പരിപാലിച്ചിരിക്കുമ്പോൾ കലിയുഗം മുഴുത്തു. അക്കാലം തുളുനാട്ടിൽ പെരുമ്പുഴയ്ക്കു തെക്കു മുപ്പത്തിരണ്ടു ഗ്രാമവും, വടക്കു മുപ്പത്തിരണ്ടു ഗ്രാമവുംതമ്മിൽ കൊള്ളക്കൊടുക്കയും മുറിച്ചു. പെരുമ്പുഴയ്ക്കു വടക്കു മുപ്പത്തിരണ്ടു ഗ്രാമമുള്ളതിൽ കരുമാമ്പുഴയ്ക്കു വടക്കു ഗ്രാമം പത്തു്. അതാകുന്നതു്; പെരിഞ്ചെല്ലൂർ പയ്യന്നൂരു് കരിക്കാടു ഈശാനമംഗലം ആലത്തൂർ കരിന്തോളം തൃശ്ശിവപേരൂരു് പെരുമനം പന്നിയൂർ ചൊവ്വരം ഇങ്ങനെ ഗ്രാമംപത്തു്. കരുമാമ്പുഴയ്ക്കു തെക്കു കന്നാററിന്നുവടക്കുഗ്രാമം പത്തു്. അതാകുന്നു:—പറപ്പൂരു്, അതിരാണിക്കുളം, മൂഷികക്കുളം,

ഇരിങ്ങാടിക്കുട, അടമ്പൂര്, ചെങ്ങനാട്ട്, ഉളിയന്നൂർ, കഴതനാട്ട, കഴയൂര്, ഇളിഭ്യം, ചമ്മുണ്ട, ആവട്ടിപുത്തൂര, കട്ടുമറുക്, കിടങ്ങൂര്, കാരനല്ലൂർ, കവിയൂർ, ഏററുമാന്നൂർ, നീർമ്മണ്ണ, ആണ്മണി, അമണി, ചെങ്ങന്നൂർ, തിരുവല്ല ഇങ്ങനെ ഗ്രാമം പന്ത്രണ്ടു പരശുരാമൻ കല്പിച്ചതാകുന്നു.

പിന്നെ ആയ്യപ്പെരുമാൾ വാഴുന്ന കാലത്ത് ഈ മുപ്പത്തുരണ്ടിൽ സംബന്ധിപ്പിച്ചു പല ദിക്കിൽനിന്നും പോന്നുവന്ന പരിഷയിലുള്ള ബ്രാഹ്മണരെ പല ദിക്കിലും പല ഗ്രാമമാക്കിക്കല്പിച്ചിട്ടുണ്ട്. അവൎക്കു പരശുരാമൻതന്നെ ആ കാലത്തു കല്പിച്ചു ഗ്രാമം ആശ്രയമായിത്തന്നെ കല്പിച്ചു. ശ്രീപരശുരാമൻ അറുപത്തുനാലു ഗ്രാമത്തെ കല്പിച്ചതുകൂടാതെ അറുപത്തുനാലിൽ സംബന്ധിപ്പിച്ചു പല ദിക്കിലുമുള്ള ബ്രാഹ്മണരേയും ഓരോരോ ദിക്കിൽ ഓരോരോ പേരുമിട്ടു പല ഗ്രാമത്തിൽ കല്പിച്ചു. ആയ്യപ്പെരുമാൾ വാഴുന്നകാലത്തു പെരുമാളും ബ്രാഹ്മണരും കൂടി പലദേശത്തും തളിയിലും അടിയന്തിരമിരുന്നു നിരൂപിച്ചു കല്പിച്ചു, പന്തീരാണ്ടു നാട്ടു പരിപാലിച്ചതിന്റെ ശേഷം സ്വർഗ്ഗത്തിൽനിന്നും ദേവേന്ദ്രൻ വിമാനം താഴ്ത്തി. പെരുമാൾ സ്വർഗ്ഗത്തിന്ന് എഴുന്നള്ളി.

അതിന്റെശേഷം ബ്രാഹ്മണൎക്കു മനഃപീഡ വളരെയുണ്ടാകകൊണ്ടു പലരുംകൂടി നിരൂപിച്ചു പരദേശത്തുചെന്നു (വ്യ) "കുന്ദൻപെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു വാഴ്ചകഴിപ്പിച്ചു. അപ്പെരുമാൾ കന്നാററിന്നടെ സമീപത്തിൽ കന്നിവരകോവിലകവും തീൎത്തു. കുന്ദൻപെരുമാൾ പന്തീരാണ്ടു നാട്ടു പരിപാലിച്ചതിന്റെശേഷം അപ്പെരുമാൾ മറെറാരുത്തരെ വാഴിച്ചു പരദേശത്തുതന്നെ എഴുന്നള്ളുകയും ചെയ്തു.

അതിൽപിന്നെ ബ്രാഹ്മണർ പരദേശത്തുചെന്ന് (ൻ) "കോട്ടിപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു വാഴ്ചകഴിപ്പിച്ചു. ആ പ്രദേശത്തിന്നു കോട്ടിക്കൊല്ലമെന്നു പേരുണ്ടായി. അവിടെ ഒരു കോട്ടപ്പടി തീൎക്കണമെന്നു കല്പിച്ചു. ഒരു സംവത്സരം നാട്ടു ഭരിച്ചതിന്റെ ശേഷം അപ്പെരുമാൾ സ്വർഗ്ഗാരോഹണം കഴികയും ചെയ്തു.

അതിന്റെശേഷം ബ്രാഹ്മണർ (ഫ ം) "മാടപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു വാഴ്ച കഴിപ്പിച്ചു. അപ്പെരുമാളും ബ്രാഹ്മണരുമായി പലദേശത്തും അടിയന്തിരമിരുന്നു കല്പിച്ച് പന്തീരാണ്ടു

നാട്ടു പരിപാലിച്ചതിന്റെ ശേഷം അവിടെ ഒരു കോട്ടപ്പടി തീൎപ്പാനും കല്പിച്ചു. ബ്രാഹ്മണരുമായിക്കൂടി നിരൂപിച്ചു തന്റെ അനുജനെ(ഏഴിപ്പെരുമാളെ)വരുത്തി പന്തീരാണ്ടു നാട്ടു പരിപാലിപ്പാൻ കൈയേല്പിച്ചു. മാടപ്പെരുമാൾ പരദേശത്തു തന്നെ എഴുന്നള്ളുകയും ചെയ്തു.

അതിന്റെശേഷം (൧൧) 'ഏഴിപ്പെരുമാളാ'കട്ടെ അവിടെ ഒരു കോട്ടപ്പടിയും തീൎത്തു. മാടപ്പെരുമാൾ കല്പിക്കകൊണ്ടും ഏഴിപ്പെരുമാൾ തീൎക്കകൊണ്ടും "മാടായിക്കോട്ട" എന്നു പേരുമിട്ടു. അങ്ങനെ ഏഴിപ്പെരുമാളും ബ്രാഹ്മണരുമായിക്കൂടി പലദേശത്തും തളിയിലും അടിയന്തിരമിരുന്നു കല്പിച്ച്, പന്തീരാണ്ടു നാട്ടു പരിപാലിച്ചശേഷം അപ്പെരുമാളും പരദേശത്തിലേയ്ക്ക് എഴുന്നള്ളുകയും ചെയ്തു.

പിന്നെയും ബ്രാഹ്മണർ പരദേശത്തുചെന്നു (൧൨) "കൊമ്പൻപെരുമാളെ" കൂട്ടിക്കൊണ്ടുവന്നു വാഴ്ച കഴിപ്പിച്ചു. കൊമ്പൻ പെരുമാളാകട്ടെ തയിരേ എന്ന പുഴയുടെ കരമേൽ മൂന്നു സംവത്സരവും ആറുമാസവും കൂടാരം കെട്ടി വാണതിന്റെ ശേഷം അപ്പെരുമാൾ അവിടുന്നു സ്വൎഗ്ഗം പ്രാപിക്കയും ചെയ്തു.

ബ്രാഹ്മണർ പിന്നെയും പരദേശത്തു ചെന്നു (൧൩) വിജയൻപെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു വാഴ്ച കഴിപ്പിച്ചു. അപ്പെരുമാളാകട്ടെ വിജയൻകൊല്ലത്തു കോട്ടയും തീൎത്തു. അവിടെ പാണ്ഡവന്മാരിൽ അൎജ്ജുനൻ വളരെക്കാലം ആ പ്രദേശത്തിരിക്കകൊണ്ട് ആ പ്രദേശം സത്യഭൂമിയെന്നു കല്പിച്ചിട്ടാകുന്നു; വിജയൻപെരുമാൾ അവിടെ കോട്ടപ്പടി തീൎപ്പാൻ കാരണം. പിന്നെ ബ്രാഹ്മണരും പെരുമാളുമായി അടിയന്തിരമിരുന്നു; കല്പിച്ചു പന്തീരാണ്ടു വാണതിന്റെശേഷം ആ സ്ഥാനത്തു മറെറാരുത്തരെ വാഴിപ്പാൻ കല്പിച്ചു വിജയൻപെരുമാൾ പരദേശത്തു തന്നെ എഴുന്നള്ളുകയും ചെയ്തും.

പിന്നെയും ബ്രാഹ്മണർ പരദേശത്തുചെന്നു(൧൪) "വളഭൻപെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു. കേരളത്തിൽ പെരിഞ്ചെല്ലൂർ ഗ്രാമത്തിലുള്ളവർ കൈപിടിച്ചിരുത്തി കേരളാധിപതിയെ വാഴ്ച കഴിപ്പിച്ചു. അപ്പെരുമാളാകട്ടെ കന്യാകുമാരിഗോകൎണ്ണപൎയ്യന്തം നൂററവുപതുകാതം നാടും നടന്നുനോക്കിക്കണ്ടതിന്റെശേഷം

നൈതരേയെന്ന പുഴയുടെ കരയിൽ ശിവശൃങ്ഗനെന്ന പേരുടയ മഹർഷി പ്രതിഷ്ഠിച്ച ശിവപ്രതിഷ്ഠയും കണ്ടു; മററും പല ഈശ്വരത്വവും കണ്ട് ആ പ്രദേശം സത്യഭൂമിയെന്നു കല്പിച്ചു. അവിടെ ക്ഷേത്രവും പണിതീൎത്തു. അവിടെ മററും പല പരദേവതമാരെയും കല്പിച്ചു. അവിടെ ഒരു കോട്ടപ്പടിയും തീൎത്തു. സിംഹമുഖംകൊണ്ടു കോട്ടപ്പടിയെന്നു പേരുമിട്ടു. ശിവശൃങ്ഗപ്രതിഷ്ഠയായതുകൊണ്ടു ക്ഷേത്രത്തിനു ശിവേശ്വരമെന്നു പേരുമിട്ടു. പിന്നെ വളഭൻപെരുമാൾ കല്പിച്ചുതീൎക്കകൊണ്ടു വളർപട്ടണമെന്നും പേരുണ്ടായി. ഇനിമേൽ കേരളത്തിങ്കൽ വാഴുന്ന രാജാക്കന്മാൎക്കു കുലരാജധാനി വളർപട്ടണമാകട്ടെയെന്നും കല്പിച്ചു. അവിടെ പല അടുക്കും ആചാരവും കല്പിക്കാമെന്നും തിരുമനസ്സാൽ നിരൂപിച്ചു. പതിനൊന്നു സംവത്സരം നാടു പരിപാലിച്ചതിന്റെ ശേഷം വളഭൻ പെരുമാളും സ്വൎഗ്ഗം പ്രാപിക്കയും ചെയ്തു.

എന്നതിന്റെശേഷം ബ്രാഹ്മണർ പരദേശത്തുചെന്ന്, (൧൨) "ഹരിശ്ചന്ദ്രൻപെരുമാളെ" കൂട്ടികൊണ്ടുപോന്നു നാടുവാഴ്ച കഴിച്ചു. അപ്പെരുമാളാകട്ടെ പുരളിമലയുടെ മുകളിൽ ഹരിശ്ചന്ദ്രൻകോട്ടയും തീൎത്ത്, അവിടെ ആ കോട്ടയ്ക്കു പല ദേവതമാരേയും സങ്കല്പിച്ചു. ആ കോട്ട ഈശ്വരമയമായി കല്പിച്ചു. അങ്ങനെയിരിക്കുമ്പോൾ വനദേവതമാരുടെ സഞ്ചാരം ആ കോട്ടയ്ക്കകത്തു വളരെ കാണുകകൊണ്ടു ശേഷം മനുഷ്യൎക്കു കോട്ടയിൽ ചെന്നു പെരുമാളെക്കണ്ടു ഗുണദോഷം വിചാരിച്ചുപോരുവാൻ വശമില്ലാതെയായി. അതിന്റെശേഷം കോട്ടയിൽ മനുഷ്യസഞ്ചാരം ഇല്ലെന്നുകണ്ടപ്പോൾ ഹരിശ്ചന്ദ്രൻപെരുമാളാകട്ടെ തന്റെ തിരുമനസ്സിൽ നിശ്ചയിച്ച്, ഒക്കെയും ഈശ്വരമയമെന്നു കല്പിച്ചു. അങ്ങനെ കുറേക്കാലം അപ്പെരുമാൾ ഹരിശ്ചന്ദ്രൻകോട്ടയിൽ വാണതിന്റെ ശേഷം ഈശ്വരത്വം ഏറെ കല്പിക്കകൊണ്ടു അപ്പെരുമാളെ പിന്നെ ആരും കണ്ടതുമില്ല.

ഹരിശ്ചന്ദ്രപ്പെരുമാളെ കാണാത്തതിന്റെശേഷം ബ്രാഹ്മണർ പരദേശത്തുചെന്നു (൧൩) "മല്ലപെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു വാഴ്ച കഴിച്ചു. അപ്പെരുമാളും ബ്രാഹ്മണരുമായി പല ദേശത്തും പലതളിയിലും അടിയന്തിരമിരുന്നു കല്പിച്ചു. പന്തീരാണ്ടു തികഞ്ഞതിന്റെ ശേഷം അപ്പെരുമാൾ മൂഷികരാജ്യത്തിങ്കൽ മല്ലൂർ മല്ലകോട്ട എന്നൊരു കോട്ടപ്പടിയും തീൎത്തു. അപ്പെ

രുമാൾ മററൊരുത്തരെ വാഴിപ്പാൻ കല്പിച്ച പരദേശത്തുതന്നെ എഴുന്നള്ളുകയും ചെയ്തു.

അതിൻെറശേഷം ബ്രാഹ്മണർ പരദേശത്തുചെന്നു (൫ ൭) "കുലശേഖരപ്പെരുമാളെ" കൂട്ടിക്കൊണ്ടുപോരുമ്പോൾ മഹാഭാരതഭട്ടതിരിയാകുന്ന വാസുദേവഭട്ടേരി പെരുമാളെക്കണ്ടു ബഹുമാനിച്ചു പെരുമാൾക്ക് അനുഗ്രഹം കൊടുത്തു. അപ്പെരുമാൾ മൂഷികരാജ്യത്തിങ്കൽ ചിത്രകൂടം തീൎത്ത് ചിത്രകൂടത്തിങ്കൽ എഴുന്നള്ളിയിരിക്കയുംചെയ്തു. അപ്പെരുമാൾ വ്യാപാരിച്ച അവസ്ഥകൾ:- നല്ല ക്ഷത്രിയർ വേണമെന്നു കല്പിച്ചു. പല ദിക്കിൽ നിന്നും ക്ഷത്രിയരേയും സാമന്തന്മാരേയും വരുത്തി അവൎക്കു ഐങ്കാതം നാടു ഖണ്ഡിച്ചു. അവൎക്ക് അനുഭവത്തിന്നായിട്ടു വസ്തുവും തിരിച്ചുകൊടുത്തു. ആ പെരുമാൾ വരുത്തിയതു് അഞ്ചുവഴി ക്ഷത്രിയരേയും എട്ടുവഴി സാമന്തന്മാരേയും ആകുന്നതു്. അങ്ങനെ കുലശേഖരപ്പെരുമാളാകട്ടേ പതിനെട്ടു സംവത്സരം നാടു പരിപാലിച്ചതിൻെറശേഷം അപ്പെരുമാൾ ഉടലോടേ സ്വൎഗ്ഗത്തിന്നെഴുന്നള്ളുകയുംചെയ്തു.

ഇങ്ങനെ കുലശേഖരപ്പെരുമാളുടെ വാഴ്ച കഴിഞ്ഞതിൻെറശേഷം ബ്രാഹ്മണർ നിരൂപിച്ചുകല്പിച്ചു. ഇനിമേൽ ഈവണ്ണം തന്നെ കല്പിച്ചാൽ മതിയല്ല. ബ്രാഹ്മണർ നാടുപുറപ്പെട്ടുപോകേണ്ടിവരും. അതു വരുത്തരുതെന്നു കല്പിച്ച് അറുപത്തുനാലു ഗ്രാമത്തിൻെറ കൂറവും തീൎത്ത് നാലുകഴകത്തെ കല്പിച്ച് നാലു കഴകവും—പെരിഞ്ചെല്ലൂരും പന്നിയൂരും പറപ്പൂരും ചെങ്ങന്നൂരും; ഇങ്ങനെ പരശുരാമൻ കല്പിച്ച കഴകം നാലും—ഒരു നിലയായി കൂടിയിരുന്നു കല്പിച്ചു. പത്തരഗ്രാമത്തിൽ ആളയച്ചു പത്തു ഗ്രാമത്തിലുള്ളവരേയും വരുത്തി. പെരുമനം, ഇരിങ്ങാടിക്കുട, ചൊവ്വരം, ആലത്തൂർ, കരിക്കാട്ടു, പയ്യന്നൂർ, തിരുവല്ല, തൃശ്ശിവപേരൂർ, അയിരാണിക്കളം, മൂഷികക്കളം, കഴുതനാട്ടു പാതിയും ഇവ പത്തരഗ്രാമവും നാലുകഴകവും തിരുനാവായിമണല്പുറത്തു തലതികഞ്ഞു ഒരു നിലയായിക്കൂടിയിരുന്നു നിരൂപിച്ചു കല്പിച്ചു. ഇനിമേൽ ഈവണ്ണം കല്പിച്ചാൽ മതിയല്ല. നാട്ടിൽ ശിക്ഷാരക്ഷകൾ ഇല്ലാതെ പോം. ബ്രാഹ്മണർ നാടുപുറപ്പെട്ടു പോകേണ്ടിവരും. അതു വരരുതെന്നു കല്പിച്ചു. ബ്രാഹ്മണരെല്ലാരുമായി ഐകമത്യപ്പെട്ടു തിരുനാവായ്മണല്പുറത്തു തലതികഞ്ഞു ഒരു നില

യായി കൂടിയിരുന്നു നിരൂപിച്ചു കല്പിച്ച്, എല്ലാവരുമായൊക്കെ പുറപ്പെട്ടു പരദേശത്തു ചെന്നു കൃഷ്ണരായരെ കണ്ടു.

പരശുരാമഭൂമി തെക്കുവടക്കു കന്യാകുമാരീഗോകർണ്ണത്തിന്നിടയിൽ നൂററുപത്തുകാതം നാടു പരിപാലിപ്പാൻ ഓരോരുത്തനു പന്തിരാണ്ടു കാലത്തേയ്ക്കു കല്പിച്ചയപ്പാൻ തക്കവണ്ണം അവധി പറഞ്ഞു പന്തിരാണ്ടു നാടു ഭരിപ്പാൻ ചേരമാൻപെരുമാളെയും കല്പിച്ചു. പിന്നെ ഇനിമേൽ ഓരോരുത്തരെ പന്തിരാണ്ടു പന്തിരാണ്ടു നാടു പരിപാലിപ്പാൻ കല്പിയ്ക്കയെന്നു കൃഷ്ണരായരും ബ്രാഹ്മണരുമായി പറഞ്ഞു നിശ്ചയിച്ചു. പല സമയവും, സഖ്യവും ചെയ്തു. ഒരു പന്തിരാണ്ടു വാഴവാൻ തക്കവണ്ണം കല്പിച്ചുനിശ്ചയിച്ചു ചേരമാൻപെരുമാളെ കൂട്ടിക്കൊണ്ടുപോരുകയുംചെയ്തു.

ഇങ്ങനെ ബ്രാഹ്മണർ (ഫ വ്യ) "ചേരമാൻപെരുമാളെ" കൂട്ടിക്കൊണ്ടുപോന്നു തൃക്കാരിയൂർ പൊന്മാടത്തിൻകീഴിൽ അറുപത്തുനാലുഗ്രാമത്തിന്റെ കുറവും തീർത്ത് അറുപത്തുനാലുഗ്രാമത്തിലും രാജാംശം പെരിഞ്ചെല്ലൂർഗ്രാമത്തിലാകുന്നതെന്നു കല്പിച്ചു. പെരിഞ്ചെല്ലൂർഗ്രാമത്തിലുള്ളവർ ചേരമാൻപെരുമാളെ തൃക്കാരിയൂർ പൊന്മാടത്തിൻകീഴിൽ കൈപിടിച്ചിരുത്തി പിന്നെ ശേഷമുള്ള ബ്രാഹ്മണരുമായിക്കൂടിക്കല്പിച്ചു കന്യാകുമാരീഗോകർണ്ണത്തിന്റെ ഇടയിൽ കേരളം—കിഴക്കു പതിനെട്ടു ചിരത്തിൻകണ്ടിവാതലും, പടിഞ്ഞാറു പതിനെട്ട്അഴിമുഖവും ഇങ്ങനെ പരശുരാമഭൂമി— നൂററുപത്തുകാതം നാടും, നാലായിരത്തിനാനൂററിനാല്പത്തെട്ടു ദേവപ്രതിഷ്ഠയും നൂറെറട്ടു ദുർഗ്ഗാലയവും മൂന്നൂററുപത്തു ഭൂതപ്രതിഷ്ഠയും ആയിരത്തെട്ടു നാല്പത്തീരടിസ്ഥാനവും അറുപത്തുനാലുഗ്രാമവും രക്ഷിച്ചു ഏകച്ഛത്രാധിപതിയായി വാണുകൊൾകയെന്നു പറഞ്ഞു; ബ്രാഹ്മണർ വാളിന്മൽ നീർപകർന്നു കൊടുക്കയുംചെയ്തു.

ചേരമാൻപെരുമാളാകട്ടേ, തൃക്കാരിയൂർ പൊന്മാടത്തിൻകീഴിൽനിന്ന്, പരശുരാമഭൂമി കേരളം തെക്കുവടക്കു നൂററുപത്തുകാതം വഴി നാടു കിഴക്കു പതിനെട്ടു ചിരത്തിൻകണ്ടിവാതലും പടിഞ്ഞാറു പതിനെട്ട് അഴിമുഖവും തെക്കുവടക്കു കന്യാകുമാരീ

ഗോകൎണ്ണത്തിനിടയിൽ പരശുരാമപ്രതിഷ്ഠ നാലായിരത്തിനാന്ത റററിയറുപത്തെട്ടു ദേവപ്രതിഷ്ഠയും തൊററെട്ടു ദുൎഗ്ഗാലയവും ആയിരത്തെട്ടു നാല്പത്തീരടിസ്ഥാനവും മുന്നൂറററുപതു ഭൂതപ്രതിഷ്ഠയും അറുപത്തുനാലു ഗ്രാമവും രക്ഷിപ്പാനായിട്ടു ചേരമാൻപെരുമാൾ ബ്രാഹ്മണരോടു നീരു വാങ്ങുകയും ചെയ്തു.

പിന്നെ; ചേരമാൻ പെരുമാളെ കൂട്ടിക്കൊണ്ടു പോരുമ്പോൾ ബ്രാഹ്മണർ ആൎയ്യപുരത്തുനിന്നും ഒരു ക്ഷത്രിയസ്ത്രീയെ കൂട്ടിക്കൊണ്ടുപോന്നു. ആ ക്ഷത്രിയസ്ത്രീയെ കൂട്ടിക്കൊണ്ടുപോരുമ്പോൾ അവിടെയുള്ള ക്ഷത്രിയരും ബ്രാഹ്മണരുമായി സമയം ചെയ്തപ്രകാരം ഈ ക്ഷത്രിയസ്ത്രീയെ ബ്രാഹ്മണനെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. അതിലുണ്ടാകുന്ന സന്തതിയേയും ആ ക്ഷത്രിയസ്ത്രീയേയും മൂഷികരാജ്യത്തിങ്കൽ കുലശേഖരപ്പെരുമാൾ വാണു രക്ഷിച്ചുപോന്ന ചിത്രകൂടത്തിൻെറ സമീപത്തിങ്കൽ ഒരു കോവിലകം തീൎത്ത് അവിടെയിരുത്തിയേക്കുന്നുണ്ട്. അതുഹേതുവായിട്ടു ബ്രാഹ്മണരെല്ലാവരും ചേരമാൻ പെരുമാളും കൂടി നിരൂപിച്ചു കല്പിച്ചു ഒരു ബ്രാഹ്മണനെക്കൊണ്ടു വിവാഹവും കഴിപ്പിച്ചു. അനുഭവത്തിന്നു വസ്തുവും കല്പിച്ച് അവിടെത്തന്നെ ഇരുത്തുകയും ചെയ്തു. ഇക്കേരളത്തിങ്കൽ നല്ല ക്ഷത്രിയർ വേണമെന്നുകല്പിച്ചിട്ടാകുന്നു അതു കല്പിപ്പാൻ കാരണം.

ചേരമാൻപെരുമാൾക്കു മുൻപു പതിനേഴു പെരുമാൾ വാണതിൽ ആൎയ്യപ്പെരുമാൾ, വിജയപ്പെരുമാൾ, വല്ലഭൻപെരുമാൾ, ഹരിശ്ചന്ദ്രപ്പെരുമാൾ, കുലശേഖരപ്പെരുമാൾ ഈ അഞ്ചു പെരുമാക്കന്മാരും സൂൎയ്യക്ഷത്രിയരാകുന്നതു്. പിന്നെ ചേരമാൻ പെരുമാളുണ്ടായ പരമ്പര വളരെ പറവാനുണ്ട്. ഇക്കേരളത്തിൽ മുൻപിനാൽ വാണതു കേയപ്പെരുമാൾ; പിന്നെ ചോഴപ്പെരുമാൾ; പിന്നെ പാണ്ടിപ്പെരുമാൾ; പിന്നെ ഏഴിപ്പെരുമാൾ; കൊമ്പൻപെരുമാൾ, വിളയൻപെരുമാൾ; പിന്നെ വല്ലഭൻപെരുമാൾ; ഹരിശ്ചന്ദ്രപ്പെരുമാൾ; കുലശേഖരപ്പെരുമാൾ, ഇങ്ങനെ കേരളത്തിങ്കൽ പതിനേഴു? പെരുമാക്കന്മാർ വാണതിൻെറശേഷം പിന്നെ ചേരമാൻപെരുമാളെ കല്പിച്ചു, ചേരമാൻ പെരുമാളാകട്ടേ കന്യാകുമാരീഗോകൎണ്ണത്തിൻെറ ഇടയിൽ തെക്കുവടക്കു നൂറററുപതു കാതം നാടും നടന്നു നോക്കിക്കണ്ടു

തൃക്കാരിയൂരും തിരുനാവായിമണല്പുറവും വളർഭട്ടണത്തുകോട്ടയും ഈ ദേശങ്ങൾ സത്യഭൂമിയെന്നു കല്പിച്ചു.

വളർഭട്ടണത്തുകോട്ടയിൽ രാജാംശം ഏറെക്കാണ്കകൊണ്ടു വളർഭട്ടണത്തു കോട്ടയുടെ വലതുഭാഗത്തു ചേരമാൻകോട്ടയും തീർത്തു. പിന്നെ പതിനെട്ടു് അഴിമുഖവും നോക്കിക്കണ്ടേടത്തു തിരുവഞ്ചിറ അഴിമുഖം പ്രധാനമെന്നു കണ്ടു. അവിടെ ഒരു ക്ഷേത്രവും പണി തീർത്തു. ഈശ്വരപ്രതിഷ്ഠയും ചെയ്തു. അങ്ങനെ തിരുവഞ്ചിറ അഴിമുഖത്തു തിരുവഞ്ചിറക്കുളം പ്രധാനമാക്കി കല്പിച്ചു. ആ ക്ഷേത്രത്തിൽ ബ്രാഹ്മണരുമായിക്കൂടി അടിയന്തിരമിരുന്നു നിരൂപിച്ചു കല്പിച്ചു തുടങ്ങി.

പിന്നെ, മുൻപിൽ വാണ പെരുമാക്കന്മാരും ബ്രാഹ്മണരുമായി പല ദേശത്തും കൂടിയിരുന്നു സമയംചെയ്തപ്രകാരം:— മുൻപിൽ പെരുഞ്ചെല്ലൂർ തൃശ്ശിവപേരൂർ; പിന്നെ തൃക്കളൂർ; തിരുനാവായിയും തൃപ്പറങ്ങോട്ടും തിരുവനന്തപുരത്തും തൃച്ചമ്മരത്തും തിരുവില്വാമലയിലും ഗുരുവായൂരും തിരുവഞ്ചിറ അഴിമുഖത്തും ആലത്തൂരും മണ്ണൂരും പേരൂരും പന്നിയൂരും പറപ്പൂരും പെരുമണ്ണു പെരുമനത്തും തളിയിലും തളിപ്പറമ്പത്തും ഉമയൂരും കരിമ്പുഴയും തൃക്കാവിലും തൃക്കണ്ടിയൂരും നെല്ലൂരും അരിരാണിക്കരയും തിരുമണ്ണൂരും പന്തലൂരും പന്നിയങ്കരയും, തൃക്കണ്ണവാപുരത്തും തിരുവല്ലായും, തൃക്കേക്കോട്ടും തിരുവങ്ങാട്ടും, വളർഭട്ടണത്തും കോട്ടിക്കൊല്ലത്തും വിജയൻകൊല്ലത്തും, മഞ്ചീശ്വരം കോടീശ്വരം ഉഡുപ്പു ശങ്കരനാരായണം.— ഇങ്ങനെ മഹാക്ഷേത്രങ്ങളിൽനിന്നു പല പെരുമാക്കന്മാരും ബ്രാഹ്മണരുമായി കൂടി അടിയന്തിരമിരുന്നു സമയവും സഖ്യവും ചെയ്തുപോന്ന ക്ഷേത്രങ്ങളിൽനിന്നു ചേരമാൻപെരുമാളും ബ്രാഹ്മണരുമായി അടിയന്തിരമിരുന്നു കല്പിച്ചു പന്തീരാണ്ടു നാട്ടു വഴിപോലെ പരിപാലിച്ചതിന്റെശേഷം പെരുമാളുടെ ഗുണാധിക്യം വളരെ കാണ്കകൊണ്ടു ബ്രാഹ്മണരുടെ മനസ്സിൽ വളരെ പ്രസാദമുണ്ടായി. പന്തീരാണ്ടു നാട്ടു പരിപാലിപ്പാൻ തക്കവണ്ണം അവധി പറഞ്ഞല്ലോ കൃഷ്ണരായർ ചേരമാൻപെരുമാളെ കല്പിച്ചയച്ചതു്, അതു പ്രമാണമല്ല; എന്നു ബ്രാഹ്മണർ കല്പിച്ചു. പിന്നെയും പന്തീരാണ്ടു നാട്ടു പരിപാലിപ്പാൻ തക്കവണ്ണം ചേരമാൻപെരുമാളെത്തന്നെ ഏല്പിക്കയും ചെയ്തു.

അതിന്റെശേഷം ചേരമാൻപെരുമാളാകട്ടെ തിരുമനസ്സു കൊണ്ടു് നിരൂപിച്ചു കല്പിച്ചു തിരുനാവായിമണല്പുറവും തൃക്കാരിയൂരും തിരുമഞ്ചക്കളവും വളർഭട്ടണത്തുകോട്ടയും—കേരളത്തിങ്കൽ ഇന്നാലു പ്രദേശവും സത്യഭൂമിയെന്നു കണ്ടതിൽ വളർഭട്ടണത്തുകോട്ടയിൽ രാജലക്ഷ്മിയും വിദ്യലക്ഷ്മിയും ഏറെ പ്രകാശിച്ചിരിക്കുന്നുവെന്നു കണ്ടു് അവിടെ മററും പലഗുണാധിക്യം കാൺകകൊണ്ടു വളർഭട്ടണത്തുകോട്ടയുടെ വലത്തുഭാഗത്തു ചേരമാൻ കോട്ടയിൽത്തന്നെ എഴുന്നള്ളിയിരിക്കയും ചെയ്തു. ഇനിമേൽ കേരളത്തിൽ ഇതിൽ വലുതായിട്ടൊരു രാജധാനിയരുതെന്നു കല്പിച്ചു കോട്ടയിൽ പല ശിക്ഷയും കല്പിച്ചു. ഒരു കട്ടില നാട്ടി "ചേരമാൻകട്ടില" എന്നു പേരു കല്പിച്ചു. ചേരമാൻകട്ടിലയ്ക്കകത്തു പല അടുക്കും ആചാരവും കല്പിച്ചു. ചേരമാൻ കട്ടിലയ്ക്കകത്തു കല്പിച്ച അടുക്കും ആചാരവും കല്പിച്ചു. കുമാരിഗോകർണ്ണപര്യന്തം ഒരുപോലെ നടക്കണമെന്നും കല്പിച്ചു.

അതിന്റെശേഷം മലയാളത്തിൽ പതിനെട്ടഴിമുഖത്തിനും കച്ചവടം ചെയ്യണമെന്നു കല്പിച്ചു പതിനെട്ടഴിമുഖത്തും പല വർത്തകന്മാരേയും ചോനകരേയും വരുത്തിയിരുത്തി. പിന്നെ ചേരമാൻപെരുമാൾ പിറന്നുണ്ടായ ഭൂമി ആര്യപുരത്തു വേളാപുരമെന്ന നഗരത്തിങ്കൽനിന്നു് ഒരു ചോനകനേയും ചോനകസ്ത്രീയേയും വരുത്തി ആര്യപ്പടിയ്ക്കലിരുത്തി. ആര്യപ്പെരുമാൾ വാഴുന്ന കാലത്തു തീർത്തിരിക്കുന്ന കോട്ടയാകകൊണ്ടു് ആര്യപ്പടി. ചോനകനേയും ചോനകസ്ത്രീയേയും ആര്യപുരത്തുനിന്നു വരുത്തുകകൊണ്ടു് ആര്യപ്പടിക്കൽ ഇരുത്തുവാൻ കാരണം.

പിന്നെ ചേരമാൻപെരുമാൾ തന്റെ തിരുമനസ്സുകൊണ്ടു നിരൂപിച്ചു കല്പിച്ചു. ഇവരെ നല്ലൊരു പ്രദേശത്തു് ഇരുത്തണമെന്നും കല്പിച്ചു്, ഈ നാട്ടിന്നു് ഒരു കണ്ണാകകൊണ്ടു കണ്ണനൂർ പ്രദേശത്തു ഒരു പീടികയും പണിതീർത്തു വേളാപുരമെന്നു പേരുമിട്ടു. ഇങ്ങനെ കണ്ണനൂർ വേളാപുരമെന്നു കല്പിപ്പാനുള്ള പരമ്പര വളരെ പറവാനുണ്ടു്. പിന്നെ ആ ചോനകനെ ആഴി രാജാവെന്നു കല്പിച്ചു അരിയുമിട്ടു. ചോനകസ്ത്രീയ്ക്കു് ഉമ്മ എന്നു കല്പിച്ചു് അരിയുമിട്ടു. ആര്യപ്പടിക്കു് അന്നീവണ്ണം കല്പിച്ചവരെ കണ്ണനൂർ വേളാപുരത്തു ഇരുത്തുകയും ചെയ്തു. മററു പലക്കും പല അടുക്കും ആചാരവും കല്പിച്ചുകൊടുത്തു.

അതിൻെറശേഷം ചേരമാൻപെരുമാാം ചേരമാൻകോട്ട യിൽ വാഴുന്ന കാലത്ത് ഉത്തരഭൂമിയിങ്കൽ യമുനാനദീതീരത്ത് ഇരുവർ വെള്ളാളസ്ത്രീകളും ഒരു രാജസ്ത്രീയും കൂടെ നീരാട്ടത്തിന്നു പോന്നതിൻെറ ശേഷം പുഷ്പത്തിൻെറ സുഗന്ധം കേട്ടു പുഷ്പം പറിപ്പാനായിട്ട് ഒരു തോണിയിൽ കരയേറി. അതിൻെറ ശേഷം തോണിയുടെ തല തെററി സമുദ്രത്തിൽ അകപ്പെട്ട് ഏഴി മലയുടെ താഴെ വന്നടുക്കുകയും ചെയ്തു. ആ വൎത്തമാനം ചേരമാൻ പെരുമാളോടുണൎത്തിച്ചതിൻെറ ശേഷം അവരെക്കൂട്ടിക്കൊണ്ടു വരുവാൻ ചേരമാൻപെരുമാളരുളിച്ചെയ്തു. അതിൻെറശേഷം ചേരമാൻകോട്ടയിൽ പരവതാനിക്കൊട്ടിൽ ഒരു വിളക്കുംവച്ച് ഒരു പൊന്നിൻതളികയിൽ അരിയുമിട്ട് മരു പലകയും വച്ചു ചേരമാൻപെരുമാാം അവിടെ എഴുന്നള്ളിയിരിക്കയും ചെയ്തു.

അങ്ങനെയിരിക്കുമ്പോാം അവർ മൂവരേയും കൂട്ടിക്കൊണ്ടു ചേരമാൻകോട്ടയ്ക്കകത്തു കടന്നതിൻെറശേഷം അതിൽ ഒരു സ്ത്രീ ആസ്ഥാനമണ്ഡപത്തിന്നു നേരുപെട്ടു ചെന്നു പരവതാനിക്കൊട്ടിൽ ഒരു കാലെടുത്തുവയ്പാൻ ഭാവിച്ചു. പരവതാനിക്കൊട്ടിൽ കരേറാതെ തമ്പുരാൻ എഴുന്നള്ളിയിരുന്നതിൻെറ വലത്തുഭാഗത്തു ചെന്നു നില്ക്കയുംചെയ്തു. മറേറസ്ത്രീ തമ്പുരാൻ എഴുന്നള്ളി നിന്നിരുന്നതിൻനേർവിടാതെ ചുഴന്നുവന്ന് എഴുന്നള്ളിയിരുന്ന തിൻെറ ഇടത്തുഭാഗത്തു ചെന്നുനിന്നു. മൂന്നാമതുരാജസ്ത്രീ തമ്പുരാനെഴുന്നള്ളിയതിൻെറ നേരെ വന്നു പരവതാനിക്കൊട്ടിൽകരേറി വിളക്കിനേയും ചേരമാൻപെരുമാളേയും പ്രദക്ഷിണം വച്ച് അവിടെ വഴിപോലെ വന്ദിച്ചു വിളക്കുവച്ചതിൻെറ സമീപത്തു പലകമേൽ കരേറിയിരിക്കയുംചെയ്തു. അങ്ങനെ കണ്ടപ്പോാം ചേരമാൻപെരുമാളാകുന്ന തമ്പുരാൻെറ തിരുമനസ്സിൽ വളരെ പ്രസാദമുണ്ടായി. തമ്പുരാൻ പോന്നുവന്നു തളികയിൽവച്ച അരി വാരി മൂന്നുവട്ടം തൂക്കിക്കൊണ്ടു പഴയരിയും ചാൎത്തി, അതിലുണ്ടാകുന്ന സന്തതി ഏഴിഭൂപനെന്നും കല്പിച്ചു. അവൎക്ക് ഈ രാജ്യത്തിന്നവകാശമെന്നും കല്പിച്ചു. അതിൻെറശേഷം ഏഴിമലയുടെ മുകളിൽനിന്നും എഴുന്നള്ളിയ തമ്പുരാട്ടിക്ക് എഴുന്നള്ളിയിരിപ്പാൻ ഏഴിമലയുടെ താഴത്ത് ഏഴൊത്തകോലകവും പണിതീൎത്തു. തമ്പുരാട്ടി ഏഴൊത്തകോവിലകത്ത് എഴുന്നള്ളിയിരിപ്പാൻ ചേരമാൻ പെരുമാളരുളിച്ചെയ്കയും ചെയ്തു. പിന്നെ മറേറ സ്ത്രീകാംക്ക്

ഇരുവൎക്കും ഇരിപ്പാൻ കോട്ടയിൽത്തന്നെ രണ്ടിടവും തീൎത്തു് അവിടെത്തന്നെ ഇരിപ്പാൻ കല്പിച്ചശേഷം, ചേരമാൻപെരുമാൾ കോട്ടയിൽ പന്തിരാണ്ടു വാണു നാടു പരിപാലിച്ചു. അങ്ങനെ നിത്യവും ഓരോരോ ഈശ്വരപ്രതിഷ്ഠയും കഴിച്ചു് അറുപത്തുനാലു ഗ്രാമത്തിലുള്ള ബ്രാഹ്മണരേയും ആനന്ദിപ്പിച്ചു. കള്ളരേയും ദുഷ്ടരേയും ശിക്ഷിച്ചു. പശുക്കളേയും ബ്രാഹ്മണരേയും രക്ഷിച്ചു. നേരും ന്യായവും നടത്തി ഇരുപത്തുനാലുസംവത്സരം വാണു രക്ഷിച്ചിരിക്കുമ്പോൾ ചേരമാൻപെരുമാളുടെ ഗുണാധിക്യം ഏറെ കാണ്കകൊണ്ടു ബ്രാഹ്മണർ പെരുമാൾ പിരിഞ്ഞുകൂട എന്നു കല്പിച്ചു പിന്നെയും പന്തിരാണ്ടു നാടു പരിപാലിപ്പാൻ ചേരമാൻപെരുമാളെത്തന്നെ കല്പിക്കയും ചെയ്തു. അങ്ങനെ മുപ്പത്താറുസംവത്സരം പരശുരാമഭൂമി നൂററുപതുകാതം നാടു പരിപാലിച്ചതിൻെറശേഷം കൃഷ്ണരായർ കല്പിച്ചു. കേരളത്തിൽ പന്തിരാണ്ടു നാടുവാഴ്വാനവധിപറഞ്ഞു കല്പിച്ചിട്ടല്ലോ ബ്രാഹ്മണരു ചേരമാൻ പെരുമാളെ കൂട്ടിക്കൊണ്ടുപോയതു്. മുപ്പത്താറുസംവത്സരം വാണതിൻെറശേഷവും ബ്രാഹ്മണരും ചേരമാൻപെരുമാളും പരദേശത്തു വന്നതുമില്ലയല്ലോ; എന്നു കല്പിച്ചു് കൃഷ്ണരായർ മലയാളം അടക്കുവാൻ തക്കവണ്ണം പടകൂട്ടുകയുംചെയ്തു.

അതിൻെറശേഷം ചേരമാൻപെരുമാൾ കല്പിച്ചു മലയാളത്തിൽ ദിഗ്ജയമുള്ളവരാരുള്ളു എന്നന്വേഷിച്ചതിൻെറശേഷം, പണ്ടു കുലശേഖരപ്പെരുമാൾ വാഴുമ്പോൾ മലയാളത്തിൽ പല ദിക്കിൽനിന്നും ക്ഷത്രിയരേയും സാമന്തരേയും വരുത്തി, കരിപ്പത്തുകോവിലകത്തു് ഉദയവൎമ്മനെന്നു പേരുടയ തമ്പുരാനു ദിഗ്ജയമുണ്ടെന്നു കണ്ടു. പൂന്തുറയിൽ മാനിച്ചനെന്നും വിക്കിരനെന്നും ഇരുവർ ഏറാടിമാരുമുണ്ടു് എന്നു കണ്ടു. കരിപ്പത്തുകോവിലകത്തു ഉദയവൎമ്മനെന്ന പേരുടയ തമ്പുരാനേയും പൂന്തുറയിൽ മാനിച്ചനേയും വിക്കിരനേയും ഇവരോടുകൂടെ വരുത്തി, വളരെ പുരുഷാരത്തേയുംകൂട്ടി, പട ജയിച്ചുവരുവാൻ തക്കവണ്ണം ചേരമാൻപെരുമാളരുളിച്ചെയ്തു കല്പിച്ചയച്ചു. അതിൽ കരിപ്പത്തുകോവിലകത്തു് ഉദയവൎമ്മനെന്നു പേരുടയതമ്പുരാനും ഒരുദിക്കിൽ പടകൂട്ടി. ഏറാടിമാരും പുരുഷാരവും ഒരു ദിക്കിൽ പടകൂട്ടി. പടമലനായരും പുരുഷാരവും ഒരുദിക്കിൽ പടകൂട്ടി. പടമലനായർ ഒഴികെ ശേഷമുള്ള കാരിയക്കാററു പതിനൊന്നുപേരും

പുരുഷാരവും ഒരു ദിക്കിൽ പടകൂട്ടി. ശേഷമുള്ള കാൎയ്യക്കാറരും പതിനൊന്നുപേരും പുരുഷാരവും കൂടെച്ചെന്നു മലയാളം വിട്ടു പരദേശത്തുചെന്നു പോൎക്കളവുമുറപ്പിച്ചു. അങ്ങനെ എല്ലാവരും പട ജയിച്ചുവരികയും ചെയ്തു. അതിന്റെശേഷം അവൎക്ക് ഓരോ സമ്മാനവും കൊടുത്ത് അവരെ ഓരോ ദിക്കിൽ കല്പിച്ചു യയ്ക്കയും ചെയ്തു. ഇരുവർ ഏറാടിമാൎക്കു വളരെ സമ്മാനങ്ങളും കൊടുത്തു. അവർ എഴുതിക്കും എഴുത്തച്ഛൻ തൊടീക്കളന്ത ഉണ്ണിക്കോരൻ നമ്പിയാൎക്കും സമ്മാനങ്ങളും കൊടുത്ത് ഏറാടിമാരേയും നമ്പ്യാരേയും അയച്ചശേഷം കരിപ്പൂത്ത് കോവിലകത്തു ഉദയവൎമ്മനെന്നു പേരുടയ തമ്പുരാന്റെ ഗുണാധിക്യം ഏറെക്കണ്ടതുകൊണ്ടു ചേരമാൻപെരുമാളരുളിച്ചെയ്തു. വളൎഭട്ടണത്തു കോട്ടയിൽ ചേരമാൻപെരുമാളുടെ സമീപത്തുതന്നെ എഴുന്നള്ളിയിരിപ്പാൻ കല്പിച്ചു. ആ തമ്പുരാൻ വളൎഭട്ടണത്തുകോട്ടയിൽ ത്തന്നെ എഴുന്നള്ളിയിരിക്കയും ചെയ്തു.

ചേരമാൻപെരുമാൾക്കു മുൻപ് പതിനേഴു പെരുമാക്കന്മാർ കേരളത്തിൽ വാണു നാടു പരിപാലിച്ചുപോന്ന പെരുമാക്കന്മാർ പന്തീരാണ്ടു നാടു പരിപാലിപ്പാൻതക്കവണ്ണം കൈപിടിച്ചിരുത്തി ബ്രാഹ്മണർ അവരോധിച്ചിട്ടേയുള്ളു. ബ്രാഹ്മണർ പരശുരാമഭൂമി രക്ഷിപ്പാൻ ചേരമാൻപെരുമാളെ കല്പിക്കുമ്പോൾ രാജാംശം നീർകൊടുക്കുകയേ ചെയ്തുള്ളു. അതുകൊണ്ടു പരശുരാമഭൂമിയെ ചേരമാൻനാടായി കല്പിച്ചു. പിന്നെ ചേരമാൻ പെരുമാൾ വാഴുന്നകാലത്തു കല്പിച്ച നീതിയും നിലയും അടുക്കും ആചാരവും പല ദിക്കിലും കല്പിച്ചുകൊടുത്തപ്രകാരമുള്ള പരപ്പും വളരെപ്പറവാനുണ്ടു്.

പിന്നെയും ചേരമാൻപെരുമാൾ ചേരമാൻകോട്ടയിൽ വാഴുന്നകാലത്തു തന്റെ തിരുമനസ്സുകൊണ്ടു നിരൂപിച്ചു കല്പിച്ചു. പണ്ടു ശ്രീപരശുരാമൻ തന്റെ വീരഹത്യാദിപാപം പോക്കണമെന്നു നിശ്ചയിച്ചു കൎമ്മംചെയ്വാൻ കേരളം നൂററുപതുകാതം ഭൂമിയുണ്ടാക്കി ബ്രാഹ്മണൎക്കു ഉദകദാനം ചെയ്കയാണല്ലോ ചെയ്തതു്; ഞാനും വളരെക്കാലം ഞാനനുഭവിച്ചതിന്റെ ദോഷപരിഹാരത്തിന്നു് ആൎക്കറിവുള്ളൂ; എന്നു നിരൂപിച്ചു പല ദിക്കിൽ നിന്നും പല ശാസ്ത്രികളേയും വരുത്തി നിരൂപിച്ചതിന്റെശേഷം ചേരമാൻപെരുമാളുടെ അവസ്ഥ പല പ്രകാരേണയും നിരൂപി

ച്ചിടത്തു് ആറു ശാസ്ത്രത്തിങ്കലും മൂന്നു വേദത്തിങ്കലും ഒരു പരിഹാരവും കാണ്മാനില്ല; നാലാംവേദത്തിൽത്തന്നേ അതിന്നു പരിഹാരമുള്ളു; എന്നു ശാസ്ത്രികൾ പലരുമായി നിരൂപിച്ചു പല പ്രകാരം ഓരോരോ ശാസ്ത്രങ്ങൾ, ശാസ്ത്രികൾ ചേരമാൻപെരുമാളോടുണത്തിച്ചതിൻെറ ശേഷം, ചേരമാൻപെരുമാളുടെ തിരുമനസ്സുകൊണ്ടു നിരൂപിച്ചേടത്തുമങ്ങനെതന്നെ തിരുമനസ്സിൽ നിശ്ചയിച്ചു. അതിൻെറ ശേഷം ശാസ്ത്രികൾക്കു വളരെ സമ്മാനങ്ങളും കൊടുത്തയയ്ക്കയുംചെയ്തു.

അതിൻെറശേഷം പെരുമാളാകട്ടെ പല ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരേയും വരുത്തി സമീപത്തിങ്കൽത്തന്നെയിരുത്തി ബ്രാഹ്മണരുമായി കൂടി നിരൂപിച്ചു. ചേരമാൻപെരുമാൾക്കു നാലാം വേദത്തിൽതന്നെ നിവൃത്തിയുള്ളുവെന്നു കല്പിച്ചു. അങ്ങനെകല്പിപ്പാനുള്ള പുരാണം വളരെപ്പറവാനുണ്ടു്. പിന്നെ ചേരമാൻപെരുമാളാകട്ടെ കരിപ്പത്തുകോവിലകത്ത് ഉദയവൎമ്മനെന്നു പേരുടയ തമ്പുരാൻെറ ഗുണാധിക്യം കാൺകകൊണ്ടു പല ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരെല്ലാപേരെയും വരുത്തി ബോധിപ്പിച്ചു് അവരുടെ പ്രസാദത്തെയും വരുത്തി സമീപത്തിങ്കൽത്തന്നെയിരുത്തി. ചേരമാൻപെരുമാൾ കരിപ്പത്തുകോവിലകത്തുള്ള ഉദയവൎമ്മതമ്പുരാൻ വടക്കൻപെരുമാളെന്നു കല്പിച്ചു. കേരളരാജ്യത്തിങ്കൽ നിന്നു കോലത്തുനാട്ടിൽ വളർഭട്ടണത്തോളം വടക്കു നാടു പരിപാലിപ്പാൻ തക്കവണ്ണം കല്പിച്ചു മാടായിക്കോട്ടയിൽ കൈപിടിച്ചിരുത്തി വാഴ്ചയും കഴിച്ചു.

പിന്നെ പല ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരെക്കൊണ്ടു തിരുമുടി പഴയരിയും ചാത്തിച്ചു. വിശേഷിച്ചു് അവിടെ പയ്യന്നൂർ ഗ്രാമത്തിന്നു നമ്പിക്കൂറെന്നും കല്പിച്ചു. അവിടെ നിത്യം ആയിരം നായന്മാർ ചിരിക കെട്ടി വിശേഷിച്ചു കാണ്മാൻ കല്പിച്ചു. പിന്നെ ചേരമാൻപെരുമാളുടെ അരുളപ്പാടാൽ പല ഗ്രാമങ്ങളിലുള്ള ബ്രാഹ്മണരെല്ലാവരുംകൂടി വഴിപോലെ പ്രസാദിപ്പിച്ചു നിരൂപിച്ചു കല്പിച്ചു "കോലത്തിരി വടക്കൻപെരുമാളെ"ന്നു നിശ്ചയിച്ചു് അനുഗ്രഹവും കൊടുത്തു.

പിന്നെക്കള്ളരേയും ദുഷ്ടരേയും ശിക്ഷിച്ചു നേരും ന്യായവും നടത്തി വാണു രക്ഷിച്ചുകൊൾക എന്നു ചേരമാൻപെരുമാളരുളിച്ചെയ്തു നീരും പകൎന്നുകൊടുത്തു; കോലത്തിരി വടക്കൻപെരു

മാളെന്ന തമ്പുരാൻ വളർഭട്ടണത്തഴിയ്ക്കുവടക്കു നാട്ടു കൈകാട്ടി മൂന്നുവട്ടം നീരുവാങ്ങുകയും ചെയ്തു. "ഗു(ഉ)രുധീസമാശ്രയഃ" കലി. ചേരമാൻപെരുമാൾ കേരളം നൂററുപതുകാതം നടന്നു കണ്ടെടുത്തു. തുളുനാട്ടിൽ പെരുമ്പുഴയ്ക്കൽനിന്നു തുടങ്ങി പുതുപട്ടണത്തഴിയോളമുള്ള നാട്ട് അളന്നുകണ്ടതിൻെറശേഷം അളവുകോലൊത്തുവന്നത്. അതുകൊണ്ടു കോലൊത്തുനാട്ട് എന്നും പറയുന്നു. തുളുനാട്ടിൽ പെരുമ്പുഴയിൽനിന്നു തുടങ്ങി പുതുപട്ടണത്തഴിയോളം നാട്ടിന്ന് ഒരു കാലമെന്നും കല്പിച്ചു. വിളക്കിലെ തിരി കത്തുന്നപോലെ പ്രകാശിച്ചിരിക്കുന്നു. കോലത്തുനാട്ടു കോലത്തിരി വടക്കൻപെരുമാളെന്ന തമ്പുരാൻ മാടായികോട്ടയിൽ വാണു നാട്ടു പരിപാലിച്ചിരിക്കുമ്പോൾ ബലവീൎയ്യപരാക്രമങ്ങളെ കണ്ടു ബഹുമാനിച്ചു ചേരമാൻപെരുമാളുടെ തിരുമനസ്സു വളരെ പ്രസാദിച്ചു ഇനി കേരളം നൂററുപതുകാതം നാട്ടു പരിപാലിപ്പാൻ വ്യവസ്ഥ വരുത്തി.

ഇങ്ങനെ ചേരമാൻ പെരുമാൾ എന്ന തമ്പുരാൻ ശ്രീപരശുരാമനാൽ പടയ്ക്കപ്പെട്ടോരു കൎമ്മഭൂമി കേരളം നൂററുപതുകാതം നാടടക്കി രക്ഷിച്ചിരിക്കുംകാലം, ചേരമാൻ പെരുമാളുടെ അകമ്പടിക്കാൎയ്യക്കാർ നായരെ, പിടിച്ചു ശിക്ഷിക്കേയുള്ളു വെന്നു പെൺചൊല്ലു കേട്ടു നിശ്ചയിച്ചു. അഴിയാറെന്ന പുഴയിൽ കൊണ്ടു നിറുത്തി ശിക്ഷിപ്പാൻ തുടങ്ങുമ്പോൾ "എൻെറ ജീവിതം തന്നേ എന്നെക്കൊല്ലാവൂ" എന്നു പടമലനായർ പറഞ്ഞു. "അവൻെറ ജീവിതമടക്കിക്കൊടുക്ക"യെന്നു ചേരമാൻ പെരുമാളരുളിച്ചെയ്തു. പടമലനായരുടെ മുണ്ടു മൂടയരിഞ്ഞു് അഴിയാറെന്ന പുഴയിൽ കാട്ടി മടിപിടിച്ചു നാളും കോളും തീൎത്ത് ജീവിതമടക്കിക്കൊടുത്ത് അരിയളവും കഴിച്ചു. അന്നു അഴിയാറെന്ന പുഴയ്ക്ക് അരിയാറെന്ന പേരുണ്ടായി. പടമലനായരെ ശിക്ഷിപ്പാൻ തുടങ്ങുമ്പോൾ സ്വൎഗ്ഗത്തിങ്കൽനിന്ന് വിമാനം താഴ്ത്തി വിമാനത്തിന്മേൽ കരേറിക്കൊൾകയെന്നു ദേവകൾ പടമലനായരോടു പറഞ്ഞു. "എൻെറ അകമ്പടിസ്ഥാനം നടത്തിക്കൊൾക"യെന്നു പടമലനായർ പറഞ്ഞു വിമാനത്തിന്മേൽ കേറി. പടമലനായർ പോകുമ്പോൾ "എനിയ്ക്കെന്തേ ഗതി" എന്നു ചേരമാൻപെരുമാൾ അരുളിച്ചെയ്തതിൻെറ ശേഷം "പയ്യാരായെന്ന ചോനകനുണ്ടു്; അവിടെക്കണ്ടാൽ നാലാംവേദമുറപ്പിച്ച് അടയാളം കാട്ടിത്തരും; അതിനു വേദക്കാരക്കപ്പലിന്നു

കരയ്യേത്തിച്ചവരുമായി ഒക്കത്തക്ക അശ്ശുവിന്ന പോയികൊണ്ടാൽ പാതി മോക്ഷം കിട്ടു''മെന്നു പറഞ്ഞു പടമലനായർ സ്വൎഗ്ഗവും പുക്കു.

അതിൻെറ ശേഷം ശ്രീപരശുരാമനാൽ പടയ്ക്കപ്പെട്ടോരു കേരളത്തിൽ അറുപത്തുനാലു ഗ്രാമത്തിൽ വേദബ്രാഹ്മണരും ചേരമാൻപെരുമാളും കൂടി കൎക്കടകവ്യാഴം കുംഭമാസത്തിൽ വരുന്ന മഹാമകനാളത്തേ തീൎത്ഥമാടുകയും ചെയ്തു, പേരാററിൽ കുളിച്ച് എത്തിയ ജനങ്ങളും വേദഭൂദേവന്മാരും പെരുമാളും കൂടി അവിടെ ഇരിക്കുംകാലം, വേദിയരാൽ വേദംകൊണ്ടടഞ്ഞ ബൌദ്ധന്മാരുമായി ഒക്കത്തക്ക അശ്ശുവിന്ന പോകണമെന്നുറച്ച ചേരമാൻ പെരുമാളെന്ന തമ്പുരാൻ. അതിൻെറ ശേഷം തൻെറ രാജ്യം തനിക്കു വേണ്ടപ്പെട്ട ജനങ്ങൾക്കു പകുത്തുകൊടുക്കണമെന്നു പെരുമാളുടെ തിരുമനസ്സിൽ നിശ്ചയിച്ചു. കന്യാകുമാരി ഗോകൎണ്ണത്തിൻെറ ഇടയിൽ തെക്കു വടക്കു കേരളം കിഴക്കു പതിനെട്ടു ചരിത്തിൻകണ്ടിവാതലും, പടിഞ്ഞാറു പതിനെട്ടഴിമുഖവും, അതിനിടയിൽ പരശുരാമഭൂമി ചേരമാൻനാടു നൂററുപത്തു കാതവും, പരശുരാമപ്രതിഷ്ഠ നാലായിരത്തി നാനൂററിനാല്പത്തെട്ടു ദേവപ്രതിഷ്ഠയും നൂറെറട്ടു ദുൎഗ്ഗാലയവും മുന്നൂററുപത്തു ഭൂതപ്രതിഷ്ഠയും ആയിരത്തെട്ടു നാല്പത്തീരടിയും അറുപത്തുനാലു ഗ്രാമവും തൊണ്ണൂററാറു നഗരവും പതിനെട്ടു പെരുമാക്കന്മാരും വാണ കോട്ടപ്പടി പതിനെട്ടും രക്ഷിപ്പാനായിട്ടു ചേരമാൻപെരുമാളെന്ന തമ്പുരാൻ വടക്കൻപെരുമാളെന്നു കല്പിച്ചു. മാടായിക്കോട്ടയിൽ വാഴുന്ന തമ്പുരാൻ കരിപ്പത്തുകോവിലകത്ത് ഉദയവൎമ്മനെന്ന കോലത്തിരിത്തമ്പുരാൻ നാടു പരിപാലിപ്പാൻ കല്പിച്ചു. വളർഭട്ടണത്തുകോട്ടയുടെ വലതുഭാഗത്തു ചേരമാൻകോട്ടയിൽ കൈപിടിച്ചിരുത്തി "കിരീടപതി''യെന്നു കല്പിച്ചു. കേരളാധിപതിയാക്കി വാഴിച്ചു. പിന്നെ കന്യാകുമാരി ഗോകൎണ്ണത്തിൻെറ ഇടയിൽ അകത്തും പുറത്തും ചാന്ന ശൂദ്രൻ തൊള്ളായിരത്തിനാല്പത്തിനാലില്ലത്തിൽ മൂന്നുനൂറായിരത്തിൻ പതിനായിരം നായരെ കല്പിച്ചു. മുപ്പത്തീരായിരം നായർ അസുരജന്മമെന്നു കണ്ടു. അസുരജന്മം പിറന്ന നായർ മുപ്പത്തീരായിരത്തേയും വേറേ കല്പിച്ചു. പിന്നെ മൂന്നുനൂറായിരത്തൻപതിനായിരം മനുഷ്യജന്മം പിറന്ന നായർ മുതുകുനിവന്നവരായി ചിരിക കെട്ടി വിശേഷിച്ച കാണ്മാൻ തക്കവണ്ണം കല്പിച്ചു. മൂന്നു

ന്തറായിരത്തൻപതിനായിരം നായക്കും തലവഴക്കം കല്പിച്ചുകൊടുത്തു. പിന്നെ കന്ന്യാകുമാരീഗോകർണ്ണപൎയ്യന്തം അടക്കം ആചാരവും ഒരുപോലെ നടക്കണമെന്നു കല്പിച്ചു; ചേരമാൻ പെരുമാളുടെ കഠാരവും കൊടുത്തു.

പിന്നെ പെരുംതൃക്കോലപ്പന്റെ അംശം മേൽപ്പട്ടക്കണമെന്നു കല്പിച്ചു. പെരിഞ്ചെല്ലൂർഗ്രാമത്തിൽ പുളിമ്പടമ്പു ഗൃഹത്തിൽനായർ നമ്പൂരിപ്പാട്ടിലെ വരുത്തി പെരുംതൃക്കോലപ്പന്റെ അംശം നടത്തുവാൻ നമ്പൂരിപ്പാട്ടിലെ കണ്ടു. തമ്പുരാന്റെ തിരുമുടിയിൽ പെരുംതൃക്കോലപ്പന്റെ അരിയും ചാത്തി രാജ്യാഭിഷേകവും കഴിപ്പിച്ചു. പിന്നെ നേർവിട്ടുവന്ന സ്ത്രീ പെററുണ്ടായ പുത്രനെ നേർപെട്ട കയ്മളെന്നു കല്പിച്ചു. തമ്പുരാനെക്കൊണ്ടു കയ്മൾക്കു് അരിയും ഇടുവിച്ചു. നേർവിട്ട കയ്മളെക്കൊണ്ടു് തമ്പുരാന്റെ വലത്തെ മുയിപ്പത്തും അരിയിടിയിച്ചു. പിന്നെ ചുഴന്നുവന്ന സ്ത്രീ പെററുണ്ടായ പുത്രനെ ചുഴന്ന കയ്മളെന്നു കല്പിച്ചു. തമ്പുരാനെക്കൊണ്ടു കയ്മൾക്കും അരിയിടിയിച്ചു. കയ്മളെക്കൊണ്ടു തമ്പുരാന്റെ ഇടത്തെ മുയിപ്പത്തും അരിയിടിയിച്ചു. അങ്ങനെ കല്പിക്കാൻ കാരണം ഉത്തരഭൂമിയിങ്കൽനിന്നു് ഒരു തമ്പുരാട്ടി എഴുന്നള്ളുമ്പോൾ ഇരുവർ സ്ത്രീകൾ കൂടെ പോന്നവരികകൊണ്ടു് അവക്കു് ഒരു സ്ഥാനം കല്പിച്ചു കൊടുത്തേ മതിയാവൂ എന്നു ചേരമാൻ പെരുമാളുടെ മനസ്സിൽ നിശ്ചയിച്ചിട്ടാകുന്നതു. കോലത്തിരിത്തമ്പുരാനെക്കൊണ്ടു് ഇരുവക്കും അരിയുമിടുവിച്ചു നേർവിട്ട കയ്മളെന്നും ചുഴന്ന കയ്മളെന്നും അരുളിച്ചെയ്യിച്ചു. നേർവിട്ട കയ്മളെക്കൊണ്ടും ചുഴന്ന കയ്മളെക്കൊണ്ടും തമ്പുരാന്റെ വലത്തെ മുയിപ്പത്തും ഇടത്തെ മുയിപ്പത്തും അരിയിടുവിച്ചു. ഇവരെ ഇരുവരേയും രണ്ടു സ്വരൂപമാക്കി കല്പിച്ചു. രണ്ടു സ്വരൂപത്തിന്നും രണ്ടു ഇടവക കല്പിച്ചു കൊടുത്തു. മൈലോടത്തിടവകയെന്നും ചോനോടത്തിടവകയെന്നും കല്പിച്ചു. അവക്കു പന്തിരുകാതം നാടെന്നു കല്പിച്ചു. ഈ രണ്ടു് ഇടവകയിലും പന്തിരുക്കാതം നാട്ടിനകത്തു ഇടവാഴ്ചസ്ഥാനം നടത്തുവാനും കല്പിച്ചുകൊടുത്തു.

പിന്നെ അസുരജന്മംപിറന്ന നായരും മുതുന്നുവന്ന നായരുംമുന്നൂറീതു നായരെ കല്പിച്ചുകൊടുത്തു. അതു മതിയല്ലെന്നു കല്പിച്ചു. പിന്നെ അവരോടുകൂടെ ആയിരത്തിരുന്നൂറു നായ

രേയും കല്പിച്ചുകൊടുത്തു. അവരോടു ചേൎന്ന നായക്കു മുപ്പതി നായിരപ്രഭുവെന്നു കല്പിച്ചു. പിന്നെ ഈ രണ്ടു സ്വരൂപവും തമ്പുരാന്റെ മാടമ്പിയെന്നു കല്പിച്ചു. അവൎക്കു മററുംപല അടുക്കം ആചാരവും കല്പിച്ചുകൊടുത്തു. പിന്നെ രണ്ടിടവകയിലും രണ്ടു ദിവസം വാണാൻ. കാലാന്തരത്തിങ്കൽ പന്തീരായിരം പണം വളൎഭട്ടണത്തുകോട്ടയിൽ ഒപ്പിക്കണമെന്നു കല്പിച്ചു. രണ്ടിടവകയിലും വളൎഭട്ടണത്തുകോട്ടയിലേയ്ക്കു വിരുത്തിയും കല്പിച്ചു. അവൎക്കു രക്ഷ വളൎഭട്ടണത്തുകോട്ടയും കോലത്തിരിത്തമ്പുരാനും തന്നെ എന്നും കല്പിച്ചു.

അതിന്റെശേഷം ചേരമാൻപെരുമാളാകട്ടേ കല്പിച്ചു മൂന്നുതുറായിരത്തൻപതിനായിരം നായരേയും തലതികച്ചു ഒരു നികൽക്കൂട്ടി ഒരു കോൽക്കു് അടക്കി ശിക്ഷാരക്ഷചെയ്തു നടത്തുവാൻ തക്കവണ്ണം കല്പിച്ചു. ഒരു നായരെ തെക്കംക്കൂററിൽ കാരിഷമെന്നും കല്പിച്ചു. കോലത്തിരിത്തമ്പുരാനെക്കൊണ്ടു തിരുവെഴുത്തും കൊടുപ്പിച്ചു. പിന്നെ തൊള്ളായിരത്തിനാല്പത്തിനാലു് ഇല്ലക്കാരേയും വകഭേദങ്ങളും തിരിച്ചു കല്പിച്ചു. അകത്തു ചാരുന്നവൎക്കും പുറത്തു ചാരുന്നവൎക്കും അടുക്കം ആചാരവും നീതിയും നിലയും ഒരുപോലെ കല്പിച്ചു. തൊള്ളായിരത്തിനാല്പത്തിനാലില്ലത്തിൽ മൂത്തുനിവന്നു തെക്കംക്കൂററിക്കാരിഷമെന്നു കല്പിച്ചു. ചെങ്ങനിമുരിക്കഞ്ചേരി ചൊടവൻമുണ്ടയാടൻ; ചെങ്ങനിമുരിക്കഞ്ചേരി അകത്തു്, ചൊടവന്മുണ്ടയാടൻ പുറത്തു, ഇങ്ങനെ നാലില്ലത്തിൽ തെക്കംക്കൂററിക്കാരിഷം ഒരാചാരംകൊണ്ടു രണ്ടാളെ കല്പിച്ചു. അതിൽ ചെങ്ങനിമുരിക്കഞ്ചേരിക്കു മുൻപെന്നും കല്പിച്ചു. ചൊടവൻമുണ്ടയാടൻ പിമ്പെന്നും കല്പിച്ചു. അകത്തും പുറത്തും ചാരുന്ന ശൂദ്രർ തൊള്ളായിരത്തിനാല്പത്തിനാലില്ലം മൂന്നുതുറായിരത്തമ്പതിനായിരം നായരേയും തലതികച്ചു ഒരു നികൽക്കൂട്ടിയിരുത്തി, ശിക്ഷാരക്ഷനടത്തുവാൻ മുരിക്കഞ്ചേരി ഇല്ലത്തു് ഒരു മൂത്തുനിവന്ന നായർ തെക്കംക്കൂററിക്കാരിഷമെന്നും കല്പിച്ചു്, തമ്പുരാനെക്കൊണ്ടു തിരുവെഴുത്തു കൊടുപ്പിച്ചു. രണ്ടാമതു മുണ്ടയാടനും തിരുവെഴുത്തു കൊടുത്തു.

കോലത്തിരിത്തമ്പുരാൻ രാജ്യാഭിഷേകം കഴിഞ്ഞതിന്റെ ശേഷം മുമ്പിൽ ഒരാചാരം കല്പിച്ചു തിരുവെഴുത്തു കൊടുത്തതു

തെക്കംക്കൂററിക്കാരിഷത്തിനാകുന്നതു്. ഇതിൽ വല്യതായിട്ടൊരാചാരം ഈ സ്വരൂപത്തിങ്കലില്ലെന്നു ചേരമാൻപെരുമാളരുളിച്ചെയ്തു. അതിന്റെ ശേഷം ഈ സ്വരൂപത്തിങ്കൽ കല്പിച്ച മൎയ്യാദയ്ക്കു നീക്കം വരരുതെന്നു കല്പിച്ചു. ആചാരം പട്ടോലപ്പെട്ടവാൻ പുതുശ്ശേരിനമ്പ്യാർ നാട്ടധികാരികണക്കപ്പിള്ളയെന്നും കല്പിച്ചു. തമ്പുരാനെക്കൊണ്ടു തിരുവെഴുത്തു കൊടുപ്പിച്ചു. പിന്നെ അകത്തും പുറത്തും ചാരുന്ന ശൂദ്രർ തൊള്ളായിരത്തിനാല്പത്തിനാലില്ലത്തേയും മൂന്നുറായിരത്തൻപതിനായിരം നായരേയും നാളും പേരും തറവാട്ടും അടക്കം ആചാരവും പട്ടോലപ്പെടുകയും ചെയ്തു.

അങ്ങനെ ഇരിക്കുമ്പോൾ പടമലനായരുടെ കളരിയിൽ ഭദ്രകാളിയേയും പ്രത്യക്ഷമായിട്ടു കണ്ടു. പരദേവതയോടു വഴിപോലെ പരിപാലിപ്പാനും കല്പിച്ചു. ഈ സ്വരൂപം രക്ഷിപ്പാൻ ഇപ്പരദേവതതന്നെയെന്നു നിശ്ചയിച്ചു ക്ഷേത്രവും പണിതീൎത്തു് അവിടെ പല അടക്കം ആചാരവും കല്പിച്ചു. പിന്നെ മൂന്നുറായിരത്തൻപതിനായിരം നായരെ ക്രൂലിച്ചേയ പരദേവതയെന്നും കല്പിച്ചു. ഭഗവതിയെ കളരിയിൽ കാണ്കകൊണ്ടു് കളരിയിൽ ഭഗവതിയെന്നും കല്പിച്ചു. കോലസ്വരൂപത്തിങ്കൽ തായിപ്പരദേവത കളരിയിൽ ഭഗവതിയെന്നു കല്പിച്ചു കൊടുത്തു. പിന്നെ വളർഭട്ടണത്തുകോട്ടയിലും അവ്വണ്ണംതന്നെ കല്പിച്ചു.

ആ കല്പിച്ച അടക്കം ആചാരവും കുമാരീഗോകൎണ്ണപൎയ്യന്തം ഒരുപോലെ നടക്കണമെന്നു കല്പിച്ചു. കാഞ്ഞിരോട്ടഴി തുടങ്ങി പുതുപട്ടണത്തഴിയോളം നാടുവാഴുസ്ഥാനം കല്പിച്ചു കൊടുത്തു. കന്ന്യാകുമാരീഗോകൎണ്ണത്തോളം മേൽകോയ്മസ്ഥാനം കല്പിച്ചു കൊടുത്തു. കാശിരാമേശ്വരപൎയ്യന്തം ദാനധൎമ്മവും കല്പിച്ചു കൊടുത്തു. പിന്നെ പലദേശത്തും പലൎക്കും പല അടക്കം ആചാരവും നീതിയും നിലയും കല്പിച്ചു കൊടുത്തു. അതിന്റെ ശേഷം ചേരമാൻപെരുമാൾ കരിപ്പത്തു കോവിലകത്തു് ഉദയവൎമ്മ കോലത്തിരിത്തമ്പുരാനെ നാടു പാലിപ്പാൻ കല്പിച്ചു ചേരമാൻപെരുമാളുടെ കുഠാരവും കൊടുത്തു ചേരമാൻകോട്ടയിലിരുത്തി രാജ്യാഭിഷേകവും കഴിപ്പിച്ചു. പിന്നെ ബ്രാഹ്മ

ണരുമായി കൂടി അടിയന്തിരവുമിരുന്നു നിരൂപിച്ചു കല്പിച്ചു കള്ളരേയും ദുഷ്ടരേയും ശിക്ഷിച്ച് പശുക്കളേയും ബ്രാഹ്മണരേയും രക്ഷിച്ച് നേരും ന്യായവും നടത്തി കുമാരീഗോകർണ്ണപര്യന്തം നൂററമ്പതുകാതം നാടടക്കി വാണു രക്ഷിച്ചു കൊൾക എന്നു ചേരമാൻപരുമാളരുളിച്ചെയ്തു് അനുഗ്രഹവും കൊടുത്തു. വരുവിൽ എളംകൂറുരവായ്ക്കിൽ ചേരമാൻപട്ടംതന്നെയെന്നു നിശ്ചയിച്ചു. ഇങ്ങനെ നൂറുകൊല്ലം വാഴ്ച വാണുകൊൾക. പിന്നെ ഇക്കല്പിച്ച അടക്കവും ആചാരവും നീതിയും നിലയും നീക്കം വരാതെ നടത്തി കുലദേവത കളരിവാതുക്കൽ ഭഗവതിയേയും വഴിപോലെ സേവിച്ച്, വളർഭട്ടണത്തുകോട്ടയിൽ കല്പിച്ച ആചാരത്തിനും അംശത്തിനും കല്പനയ്ക്കും നീക്കം വരാതെ നടത്തി വഴിപോലെ പരിപാലിച്ചാൽ ഇതുപോലെ മേൽപ്പോട്ടും വാണുകൊള്ളുക. പിന്നെ വൻപൻ വാഴുവാനവകാശമെന്നും അരുളിച്ചെയ്തതിൻെറശേഷം ചേരമാൻപെരുമാൾ പലദേശത്തുള്ളവരേയും വരുത്തി കോട്ടയിൽ പലൎക്കും പല അടക്കവും ആചാരവും കല്പിച്ചു കൊടുത്തു. ചേരമാൻപെരുമാൾ എഴുന്നള്ളുമ്പോൾ അകമ്പടി കടാങ്കോട്ടുനമ്പ്യാർ വഴിയെച്ചെന്നു പല ദുശ്ശകുനങ്ങളും കാട്ടിയതിൻെറശേഷം ഈവണ്ണം ദുശ്ശകുനമുണ്ടാകാനെന്തു കാരണമെന്നു പെരുമാളുടെ തിരുമനസ്സിൽ നിരൂപിച്ചു. രണ്ടാമതു വളർഭട്ടണത്തുകോട്ടയിൽ എഴുന്നള്ളി വിചാരിച്ചതിൻെറശേഷം കടാങ്കോട്ടുനമ്പ്യാൎക്കു് ഒരു വഴി കല്പിച്ചില്ല. അതുകൊണ്ടു കടാങ്കോട്ടുനമ്പ്യാരത്രേ ദുശ്ശകുനമുണ്ടാക്കി ഭംഗം വരുത്തിയതും, എന്നു കല്പിച്ചു ഓരിക്കടാങ്കോടനെന്നും കല്പിച്ചു. മുമ്പിൽ പല പിഴയും കാട്ടുകകൊണ്ടത്രേ തമ്പുരാൻ കടാങ്കോട്ടുനമ്പ്യാൎക്കു് ഒരു വഴി കല്പിക്കാത്തതു്. അതിൻെറ ശേഷം കടാങ്കോട്ടു നമ്പ്യാർ പിഴയ്ക്കയല്ലോ ചെയ്തതു്. ഇവനു മറെറാരു ഗതിയില്ല, എന്നു തിരുമനസ്സിൽ നിശ്ചയിച്ചു. കടാങ്കോട്ടു നമ്പ്യാൎക്കു് ഒരാചാരം കല്പിച്ചു കൊടുത്തു. അതാകുന്നതു പെരുന്തൃക്കോലപ്പൻെറ അംശമെന്നും ചേരമാൻകട്ടിയ്ക്കലകത്തു് അഴിഞ്ഞ ആചാരമെന്നും കല്പിച്ചു. ചേരമാൻപെരുമാളുടെ മുദ്രമോതിരവും കൊടുത്തു കടാങ്കോട്ടുനമ്പ്യാൎക്കു പിഴയകന്ന നാട്ടിൽ കയ്മൾ(കൾ) എന്നു പെരുമാളരുളിച്ചെയ്തു.

പിന്നെ തെളിഞ്ഞു മൂന്നു നായരേയും ഇതുപോലെ കല്പിച്ചു. ഒരു ക്ഷേത്രത്തിങ്കൽ നാലാളുമായിരുന്നു പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ ഒരാളു മുൻപാക്കിക്കല്പിച്ചു. അവരുമായി കൂടി നിരൂപിച്ചുകല്പിച്ച് ആചാരംപറഞ്ഞു് അംശം മേൽപ്പെട്ടുത്തുകൊൾക, എന്നു ചേരമാൻപെരുമാളരുളിച്ചെയ്തു, കടാങ്കോട്ടു നായർക്ക് ഒരാചാരം കല്പിച്ചുകൊടുത്തു.

പിന്നെ തിരുമനസ്സുകൊണ്ടു് ഇനി യാത്രയ്ക്കു ഭംഗം വരുത്തരുതെന്നു കല്പിച്ചു ശേഷമുള്ള കാൎയ്യക്കാൎക്കു പത്താൾക്കു പത്തുദിക്കിൽ ഓരോരോ ദേശത്ത് ഓരോരോ ദേശവാസികളെന്നും കല്പിച്ചു. അവൎക്കു പല അടുക്കം ആചാരവും കല്പിച്ചു കൊടുത്തു. പിന്നെ ചേരമാൻപെരുമാൾ തന്റെ തിരുമനസ്സിൽ നിശ്ചയിച്ചു്, പതിനേഴുനാട്ടും രക്ഷിപ്പാൻ ഓരോരുത്തരെ വെവ്വേറെ തിരിച്ച് കല്പിച്ച് കൊടുക്കണമെന്നുകണ്ടു്, പെരുമാളും ബ്രാഹ്മണരും ഒക്കത്തക്ക പുറപ്പെട്ടു തിരുനാവായിമണൽപുറത്ത് എഴുന്നള്ളി ബ്രാഹ്മണരുമായി കൂടി നിരൂപിച്ച് കല്പിച്ചു.

തെക്കു വേണാട്ടടികൾക്കു് കൽക്കുളത്തുകോട്ടയുടെ വലതുഭാഗത്തു വാഴുവാൻതക്കവണ്ണം കല്പിച്ചു വളരെ വസ്തുവും കൊടുത്തു. പിന്നെ അസുരജന്മംപിറന്ന നായർ മൂന്നുന്തുറായിരം നായരെയും കല്പിച്ചു. വടക്കു കോലത്തിരി വടക്കൻപെരുമാൾക്കു് ഒരു മാററാൻ വരുമ്പോൾ കോലസ്വരൂപത്തിന്നു തുണയായിനിന്ന് അൎത്ഥവും ചിലവിട്ടുനിന്നുകൊൾക, എന്നു ചേരമാൻപെരുമാളരുളിച്ചെയ്തു കുവളരാജ്യത്തിങ്കൽ വാഴുവാൻ കല്പിച്ചു. അതിന്റെ ശേഷം ചേരമാൻപെരുമാൾ എഴുന്നള്ളുമ്പോൾ ആൎയ്യപുരത്തുനിന്നും ഒരു ക്ഷത്രിയസ്ത്രീയെ കൂട്ടിക്കൊണ്ടുപോന്നു് ബ്രാഹ്മണനെക്കൊണ്ടു വിവാഹംകഴിപ്പിച്ചശേഷം അതിൽ രണ്ടു പുരുഷന്മാരുണ്ടായി. രണ്ടു സ്ത്രീകളുമുണ്ടായതിന്റെശേഷം അതിൽ ജ്യേഷ്ഠനെ കുലശേഖരപ്പെരുമാൾ വാണു രക്ഷിച്ചു ചിത്രകൂടത്തിൽ വാഴുവാൻ കല്പിച്ച്, ചിത്രകൂടത്തിൽ കൈപിടിച്ചിരുത്തി, ക്ഷത്രിയപ്രഭുവെന്നു കല്പിച്ചു, കിരീടപതിയെന്നു കല്പിച്ചു വാഴിച്ചു. കല്പിച്ചു പിന്നെ അൻപത്തിരുകാതം നാട്ടും വളരെ പുരുഷാരത്തെയും കല്പിച്ചു. പതിനെട്ടു മാടമ്പികളെയും കല്പിച്ചു, എഴുപത്തിരണ്ടു കാൎയ്യക്കാററരേയും കല്പിച്ചുകൊടുത്തു. പെരുമ്പടപ്പു് എന്ന പേരും വിളിച്ചു. അതു് ഇങ്ങനെ കല്പിപ്പാൻ കാരണം കുലശേഖരപ്പെരു

മാരം ആൎയ്യക്ഷത്രിയനല്ലോ ആകുന്നതു്. അപ്പെരുമാരം ചിത്രകൂടത്തിൽ വാണു രക്ഷിച്ചുപോരുകയല്ലോ ചെയ്തതു്. എന്നതുകൊണ്ടു് ആൎയ്യക്ഷത്രിയരെത്തന്നെ ചിത്രകൂടത്തിൽവച്ചു വാഴിക്കണമെന്നു ബ്രാഹ്മണർ ചേരമാൻപെരുമാളോടു കല്പിച്ചതിന്റെശേഷം പെരുമാളുടെ തിരുമനസ്സിലും അവ്വണ്ണംതന്നെ നിശ്ചയിച്ചിട്ടാകുന്നതു്, പെരുമ്പടപ്പുവലിയതമ്പുരാൻ കൈപിടിച്ചിരുത്തി കിരീടപതിയായി വാഴിപ്പാൻ കാരണം.

പെരുമ്പടപ്പുസ്വരൂപത്തിന്നു കോലസ്വരൂപംതന്നെ ബന്ധുവെന്നു കല്പിച്ചു. അതിന്റെശേഷം അനുജൻ തുളുനാട്ടിൽ കവിസിംഹരചനെന്നും തുളുനാടു രക്ഷിപ്പാൻകല്പിച്ചു. പിന്നെ ഗോകൎണ്ണത്തിങ്കൽനിന്നുംതുടങ്ങി പെരുമ്പുഴയോളം തുളുനാട്ടിന്റെ മേൽക്കോയ്മസ്ഥാനം കല്പിച്ചു കൊടുത്തു. അതിനിടയിൽ പിന്നെയും നാലു പ്രഭുക്കന്മാരെ കല്പിച്ചു. ഇങ്ങനെ അഞ്ചു പ്രഭുക്കന്മാരെ കല്പിച്ചു. അതാകുന്നതു് പരമ്പര; വിട്ടർ അജിലർ സാമന്തർ കവിസിംഹരചർ; പിന്നെ ശേഷം നാലു പ്രഭുക്കന്മാരും കവിസിംഹരചൎക്കു തുണയെന്നും കല്പിച്ചു. അവൎക്കു കോലസ്വരൂപംതന്നെ ബന്ധുവെന്നും കല്പിച്ചു. അവൎക്കു പിന്നെ കല്പിച്ചുകൊടുത്ത പരമ്പര വളരെപ്പറവാനുണ്ടു്.

പെരുമ്പുഴയ്ക്കു് വടക്കു് അയ്യംപ്രഭുക്കന്മാരെ കല്പിച്ചു. അവൎക്കു് ആചാരവും നിലയും വേർതിരിച്ചു കല്പിച്ചു. അതിന്റെ ശേഷം, മെക്കൽച്ചു മുക്കാതംനാട്ടും, കൃഷ്ണരായർ പടക്കൂട്ടുമ്പോൾ ദിഗ്ജയമുണ്ടെന്നു കണ്ടു മനുഷ്യജന്മം പിറന്ന നായർക്കടയാളമിട്ടു അറുപതിനായിരം നായരേയും എഴുപത്തുരണ്ടുതറയും അകമ്പടിയും പതിനെട്ടാചാരവും കല്പിച്ചുകൊടുത്തു. പുലനാട്ടു് നല്ലൂരെന്ന കോവിലകത്തു വാഴുവാൻ തക്കവണ്ണം വല്ലഭനെന്ന രാജാവിനെ പോറളാതിരി രാജാവെന്നും കല്പിച്ചു പട്ടംകെട്ടിയതിന്റെശേഷം പുലനാട്ടു മുക്കാതംവഴി നാട്ടും, എഴുപത്തുരണ്ടുതറയും, പതിനായിരം നായരേയും രക്ഷിപ്പാനായിട്ടു പോറളാതിരിരാജാവു മൂന്നുകൂട്ടവും കൂട്ടി അഞ്ചകമ്പടിയും നടത്തി പുലനാട്ടു നല്ലൂർകോവിലകത്തു് എഴുന്നള്ളി പതിനെട്ടാചാരം നടത്തുവാനും കല്പിച്ചു. പിന്നെ ചേരമാൻപെരുമാരം പോറളാതിരിരാജാവിന്നു പതിനെട്ടാചാരം കല്പിച്ചതാകുന്നതു്—രാജ്യപരിപാലനവും, കാലംകോലും, കെണയും, ചുങ്കവും, വിരുത്തിയും, ഏഴുയും, കോഴയും, ആനയും,

വീരചങ്ങല, വിരുത്, വാദ്യം, നേമവെടി, നെററിപ്പട്ടം, പടവീട്, പറക്കംക്രുത്ത്, മുന്നിൽത്തളി, ചിരുതൈവിളി ഇങ്ങനെ പതിനെട്ടാചാരവും നടത്തിയതിൻെറശേഷം ചേരമാൻപെരുമാളാകട്ടേ കുറുമ്പനാതിരിരാജാവിന്ന ദേവജന്മംപിറന്ന നായർ മുപ്പതിനായിരം നായരേയും മുപ്പത്താറുകാതവഴി നാട്ടും കല്പിച്ചുകൊടുത്തു. പിന്നെ കൊല്ലം മുക്കാതം നാട്ട വാഴവാൻ കൊല്ലത്തുരാജാവിന്നെ കല്പിച്ചു. വയനാട്ടുകര ലോകരേയും കല്പിച്ചുകൊടുത്തു. പിന്നെ പറപ്പൂരുസ്വരൂപത്തിങ്കൽ കല്പിച്ചു. പറപ്പൂരുസ്വരൂപത്തിന്നും കോലസ്വരൂപംതന്നെ രക്ഷയെന്നും കല്പിച്ചു. പിന്നെ വെട്ടത്തുരാജാവിന്നു ഐങ്കാതം നാട്ടും കല്പിച്ചു. പിന്നെ വേണാട്ടിനോട്ട ചേത്ത് ഓണാട്ട കല്പിച്ചു. പിന്നെ ഓണനാട്ടും വേണനാട്ടും കൂടിയ നടുവിൽ പന്തളമെന്നും കല്പിച്ചു. ഐങ്കാതംവഴി നാട്ടും പന്തളരാജാവിന്ന കല്പിച്ചുകൊടുത്ത് എല്ലാവരോടും അരുളിച്ചെയ്തു.

"ഈ കേരളത്തിൽ പ്രധാനമായ രാജധാനി വളഭട്ടണത്തുകോട്ട, പ്രഭുക്കന്മാരിലും മുൻപൻ കോലത്തിരിവടക്കൻപെരുമാൾ. അതുകൊണ്ട പതിനേഴനാട്ടിലുള്ള പ്രഭുക്കന്മാരും മാടമ്പികളും നാടടക്കി വളർഭട്ടണത്തുകോട്ടയിൽ പുരുഷാന്തരത്തിങ്കൽ രാജ്യാഭിഷേകത്തിന്ന കെട്ടും കിഴിയും ഒപ്പിച്ചേപ്പൂ" എന്നും അരുളിച്ചെയ്തു. പെരുമ്പടപ്പ് എന്ന നാട്ടും ഏറാട്ട എന്ന നാട്ടും ഈ രണ്ട സ്വരൂപത്തിങ്കൽനിന്ന് ഒപ്പിക്കേണ്ടും പണം മൂവായിരത്തമുന്നൂറ്. തൃപ്പാസ്വരൂപത്തിങ്കൽനിന്ന് അത്ഥസങ്ഖ്യ ഇത്രയെന്ന കല്പിച്ചിട്ടില്ല. അതിൻെറ ഹേതു; ഇക്കേരളത്തിങ്കൽ പതിനേഴനാട്ട രക്ഷിപ്പാൻ ഓരോരുത്തരേ കല്പിക്കുമ്പോൾ കോലം, വേണാട്ട ഏറാട്ട് പെരുമ്പടപ്പ് ഇങ്ങനെ നാലുസ്വരൂപം പ്രധാനമായി കല്പിച്ചതൽ വേണാട്ടുകരെ ഐശ്വൎയ്യം കല്പിച്ചിരിക്കുന്നു. എത്ര ഒപ്പിക്കുന്നു അത്രയെന്ന കല്പിച്ചിട്ടേയുള്ളു. ശേഷമുള്ള പ്രഭുക്കന്മാരും ആയിരത്തിരുന്നൂറീതുപണം. ശേഷം വെള്ളാളസ്വരൂപത്തിങ്കലുള്ള മാടമ്പികൾ പത്തുക്രുറ് ന്നൂറീതുപണം എന്നും കല്പിച്ചു. കോലസ്വരൂപത്തിങ്കൽ രണ്ടു മാടമ്പിമാരെ കല്പിച്ചതിൽ അവർക്ക പന്തിരുകാതംവഴി നാട്ടിൽ ഇടവാഴ്ചസ്ഥാനം കല്പിക്കുമ്പോൾ മയിലേടത്തടിവിത്തവും ചോനേടത്തടിവിത്തവും മയിലേടത്തിടവകയും, ചോനേടത്തിടവകയും,

അടക്കി; പുരുഷാന്തരത്തിങ്കൽ വളർഭട്ടണത്തുകോട്ടയിൽ പന്തീരായിരം പന്തീരായിരംപണം ഒപ്പിക്കയും വേണം. അക്കല്പിച്ചതു രണ്ടിടവകയിലെ ചുങ്കവും വിരുത്തിയും ദാനവും പിഴയും മയിലേടത്തകത്തു കരുമം പറയുന്നവരും, ചോനേടത്തു കരുമം പറയുന്നവരും, എടുപ്പിച്ച് ഒപ്പിക്ക എന്നും കല്പിച്ചു. പതിനേഴനാട്ടിലും ആചാരവും നടത്തി അംശം മേൽപ്പെടുപ്പാൻ കോലത്തിരിവടക്കൻപെരുമാൾക്ക കഠാരവും കൊടുത്തിരിക്കുന്നു. ആ കല്പിച്ച കല്പനക്കും ആചാരത്തിനും അംശത്തിനും താഴ്ചയും വീഴ്ചയും വരാതെ നടത്തി പരിപാലിക്കണമെന്ന് എല്ലാവരോടും അരുളിച്ചെയ്തു. പിന്നെ വരുവിലെളംക്കൂറുവരായ്ക്കിൽ ചേരമാൻപട്ടം തന്നെ എന്നും കല്പിച്ചിരിക്കുന്നു. നൂറു കിരീടവും വച്ചു വാണോളുക എന്നു കല്പിച്ചിരിക്കുന്നു. നൂറുകിരീടം തികഞ്ഞാൽ പിന്നെ വമ്പൻ വാഴവാനവകാശം. ബൌദ്ധന്മാൎക്ക ബലവീൎയ്യമേറെക്കാണാം. "ചേരമാൻധൎമ്മഃ സേവ്യഃ"എന്നു കലിസങ്ഖ്യവരുമ്പോൾ നൂറുകിരീടം തികയും. പിന്നെ ചേരമാൻകോട്ടയിൽ പ്രതിമയുണ്ടാക്കി കീഴിൽവാണ പെരുമാക്കന്മാരെയും അവിടെ സങ്കല്പിച്ചു മുൻപിൽ കല്പിച്ച അടുക്കും ആചാരവും നീതിയും നിലയും തെറ്റാതെ കല്പിച്ചു നടന്നാൽ അൻപത്തൊന്നു കിരീടംവച്ചു വാഴും. പിന്നെ "ഗുരുധീസമര" എന്ന കലി ആദിയായിട്ടു "ചേരമാൻദേശഃ പ്രാപ്യഃ" എന്ന കലിസംഖ്യ തികയുമ്പോൾ നൂറുകിരീടം തികയും, അങ്ങനെ കോലസ്വരൂപത്തിങ്കൽ കല്പിച്ചിരിക്കുന്നു. നൂറെറാന്നുവാഴ്ച തൃപ്പാസ്വരൂപത്തിങ്കൽ കല്പിച്ചിരിക്കുന്നു. നൂററിഇരുപതുവാഴ്ച പെരുമ്പടപ്പുസ്വരൂപത്തിൽ കല്പിച്ചിരിക്കുന്നു. നൂറെറട്ടുപട്ടം നെടിയിരിപ്പിങ്കൽ കല്പിച്ചിരിക്കുന്നു. കോലസ്വരൂപത്തിങ്കൽ കല്പിച്ച സംഖ്യ തികയുമ്പോൾ ശേഷം മൂന്നു സ്വരൂപത്തിങ്കലും കല്പിച്ച വാഴ്ചയുടെ സങ്ഖ്യ തികയും.

പിന്നെ പല ദേശത്തിൽനിന്നും ബൌദ്ധന്മാർ പോന്നുവന്നു കേരളത്തിങ്കൽ ബലവീൎയ്യം നടത്തും. അതുവരാതെ ഇരിപ്പാൻ തൃപ്പാസ്വരൂപത്തിങ്കലെ ഐശ്വൎയ്യം ചെലവിട്ടു ഈശ്വരസേവ ചെയ്താൽ ഗുണം കാണാം. പെരുമ്പടപ്പിൽസ്വരൂപത്തിൽ ബ്രാഹ്മണരെപ്പോലെ രക്ഷിച്ചു യാഗാദികൎമ്മം ചെയ്യിപ്പിച്ചാൽ ജയം കാണാം. നെടിയിരുപ്പുസ്വരൂപത്തിങ്കൽ നിത്യം വാൾ പൂജിച്ചു പെരുംതൃക്കോലപ്പനേയും വഴിപോലെ സേവ

ച്ചാൽ ജയം കാണാം. കോലസ്വരൂപത്തിങ്കൽ വളർഭട്ടണത്തു കോട്ടയിൽ ചേരമാൻകോട്ടയിൽ പ്രതിമ തീൎത്തു കീഴിൽ വാണ പെരുമാക്കന്മാരെയും അവിടെ സങ്കല്പിച്ച് അവിടെ വഴിപോലെ സേവിച്ചാൽ കോലസ്വരൂപത്തിങ്കൽ കല്പിച്ച മൎയ്യാദയും കല്പനയും നീക്കംവരാതെ നടത്തി ഈശ്വരസേവയും ചെയ്തു, അസ്തമിച്ചാൽ ബ്രാഹ്മണർ, പതിനെട്ടാം കോട്ടയിൽനിന്നു ദീപപ്രദക്ഷിണം ചെയ്താൽ ഗുണം കാണാം. അതു ഇങ്ങനെ കല്പിപ്പാൻ ശ്രീപരശുരാമന്റെ വീരഹത്യാദോഷം പോകണമെന്നു കല്പിച്ചു. കൎമ്മം ചെയ്വാൻ തക്കവണ്ണം കുമാരീഗോകൎണ്ണപൎയ്യന്തം നൂററുപതുകാതം നാട്ടു കൎമ്മഭൂമിയുണ്ടാക്കി; കൎമ്മം ചെയ്വാൻതക്കവണ്ണം ബ്രാഹ്മണരെ കല്പിച്ചു. ബ്രാഹ്മണൎക്കു ഉദകദാനം ചെയ്തു പല രക്ഷയും ശിക്ഷയും കല്പിച്ചു. ബ്രാഹ്മണരെത്തന്നെ പരിപാലിപ്പാനും കല്പിച്ചു. അതിന്റെ ശേഷം ബ്രാഹ്മണരോടു ചേരമാൻപെരുമാൾ നീരു വാങ്ങുകയല്ലോ ചെയ്തതു്. ചേരമാൻപെരുമാൾ രാജ്യാംശം നീരു കോലത്തിരിവടക്കൻപെരുമാൾക്കു കൊടുത്തിട്ടേയുള്ളു. ഇങ്ങനെ ഓരോരോ പരമ്പര പലപ്രകാരത്തിൽ വിചാരിച്ചാലും ഇക്കേരളത്തിങ്കൽ കോലത്തിരിവടക്കൻപെരുമാൾതന്നെ പ്രധാനം.

ഇക്കേരളത്തിൽ പ്രധാനമായോരു രാജധാനി വളർഭട്ടണത്തു കോട്ടയാകുന്നതു്. അവിടെ കല്പിച്ച കല്പനയും ആചാരത്തിനും നീക്കം വരുന്നാൾ പതിനേഴുനാട്ടിലും രാജലക്ഷ്മിയും വീൎയ്യലക്ഷ്മിയും കുറഞ്ഞുകാണും. ബൌദ്ധന്മാൎക്കു ബലവീൎയ്യം വൎദ്ധിച്ചിരിക്കയും ചെയ്യും. ഇക്കൎമ്മഭൂമി ക്ഷയിക്കും. ക്ഷയിക്കാതെ ഇരിപ്പാൻ സത്കൎമ്മങ്ങൾ ചെയ്തുകൊള്ളുക. കൎമ്മഭൂമി ക്ഷയിക്കരുതെന്നു കല്പിച്ചു പല രക്ഷയും ശിക്ഷയും കല്പിച്ചു. പ്രഭുക്കന്മാരേയും ബ്രാഹ്മണരേയും വഴിപോലെ ബോധിപ്പിച്ചുകൊടുത്തു.

പിന്നെ തെക്കൻകൂറു കല്പിച്ചു. തെക്കൻകൂററിലേയ്ക്കു നൂറായിരം നായരേയും കല്പിച്ചുകൊടുത്തു. ആറും നാലും പത്തുഗ്രാമത്തിൽ പതിന്നാലു ഗോത്രത്തിൽ ഇടപ്പള്ളി നമ്പ്യാതിരികുലം മുൻപാകുന്നതു്. പരശുരാമഭൂമി രക്ഷിപ്പാൻ ആയുധം കൊടുത്തതിൽ ഇടപ്പള്ളിനമ്പ്യാതിരിക്കല്ലോ മുൻപാകുന്നതു്. പരശുരാമൻ ഇടപ്പള്ളിനമ്പ്യാതിരിക്കു വെട്ടിജ്ജയിപ്പാ

നായിട്ടു വാളു കൊടുത്തു് തോററാൽ പട്ടിണികഴിപ്പാനായിട്ടു ചമതയും കൊടുക്കയല്ലോ ചെയ്തതു്. ആ കല്പിച്ച കല്പനയ്ക്കു നീക്കം വരുത്തി നടക്കരുതെന്നു കല്പിച്ചു പെരുമാളു്. അതുപോലെതന്നെ ഇടപ്പള്ളിനമ്പ്യാതിരിക്കും കല്പിച്ചുകൊടുത്തതിന്റെശേഷം ചേരമാൻപെരുമാളും ബ്രാഹ്മണരുമായിക്കൂടി നിരൂപിച്ചു. ഇക്കേരളത്തിങ്കൽ പ്രധാനമായിട്ടൊരു വേല കല്പിക്കണം. അതു പതിനേഴനാട്ടിലുള്ള പ്രജകളും ബ്രാഹ്മണരും വഴിപോലെ അനുസരിക്കണം — എന്നു കല്പിച്ചു. അതെവിടെ കല്പിക്കുന്നു എന്നു നിരൂപിച്ചതിന്റെശേഷം, കേരളത്തിൽ പ്രധാനമായി സത്യഭൂമിയാകുന്നതു തിരുനാവായി മണല്പുറം. അവിടെ കല്പിക്ക എന്നു നിശ്ചയിച്ചു. അവിടെ പന്തീരാണ്ടു നാടു പരിപാലിപ്പാൻ കൎക്കടകവ്യാഴം പ്രമാണമായിട്ടല്ലോ കല്പിച്ചതു്. അതുകൊണ്ടു കൎക്കടകവ്യാഴം കുംഭമാസത്തിൽ വരുന്ന മകത്തുനാൾ മഹാമഹവേലയെന്നും കല്പിച്ചു. ആ വേല വഴിപോലെ ആചരിച്ചുനടത്തുവാൻ ഒരു രാജാവിനെ കല്പിക്കണമെന്നു നിശ്ചയിച്ചതിന്റെശേഷം പെരുമാളുടെ സമീപത്തു തന്നേ നില്ക്കുന്നു വള്ളുവക്കോനാതിരിരാജാവു്. വള്ളുവക്കോനാതിരിരാജാവിന്റെ ബലവീൎയ്യപരാക്രമങ്ങളെ കണ്ടപ്പോൾ ഈ വേല നടത്തുവാൻ തക്കവണ്ണം ബ്രാഹ്മണരും പെരുമാളുമായി നിരൂപിച്ചു വള്ളുവക്കോനാതിരിരാജാവിനെ കല്പിക്കയും ചെയ്തു.

തിരുനാവായിമണല്പുറവും മററു പല നാടും പല അലങ്കാരവും കല്പിച്ചുകൊടുത്തു. പിന്നെ ആറങ്ങോട്ടു സ്വരൂപമെന്നും കല്പിച്ചു. ആ സ്വരൂപം രക്ഷിപ്പാൻ തിരുമാന്ധാംകുന്നത്തു ഭഗവതിയെത്തന്നെ സ്ഥാനപരദേവതയായും കല്പിച്ചുകൊടുത്തു. തിരുനാവായിമണല്പുറത്തുനിന്നു മഹാമകവേല നടത്തുവാൻ വള്ളുവക്കോനാതിരിരാജാവിനെ കല്പിച്ചു രക്ഷയും ശിക്ഷയും കല്പിച്ചു. രക്ഷ കോലസ്വരൂപമെന്നും കല്പിച്ചു. അലങ്കാരം പെരുമ്പടപ്പുസ്വരൂപമെന്നും കല്പിച്ചു. നടത്തുവാൻ ചൊവ്വരക്കൂററിൽ വള്ളുവക്കോനാതിരി രാജാവും പതിനേഴുനാട്ടിൽ ഓരോരോ പ്രഭുക്കന്മാരെയും കല്പിച്ചു. അവരെ ഓരോരോ ദേശത്തിരുത്തി വാഴിക്കയും ചെയ്തു. ചേരമാൻപെരുമാളും ബ്രാഹ്മണരും വള്ളുവക്കോനാതിരിരാജാവോടുകൂടി പെരുമാൾ ചിത്രകൂടത്തിൽ എഴുന്നള്ളിയിരിക്കുമ്പോൾ പൂന്തുറയിൽ മാനച്ചനെന്നും വിക്കി

രവനെന്നും ഇരുവർ ഏറാടിമാരും തൊടിക്കളത്തു ഉണിക്കോരൻ നമ്പ്യാരും കൂടി തൃക്കാരിയൂർ ചെന്നു സഭയും വന്ദിച്ചു തൃക്കാരിയൂരപ്പനേയും തൊഴുതു ചിത്രകൂടത്തിൽ ചെന്നു ചേരമാൻപെരുമാളെ കണ്ടതിന്റെ ശേഷം ചേരമാൻപെരുമാളരുളിച്ചെയ്തു:— കന്യാകുമാരീഗോകർണ്ണത്തിന്റെ ഇടയിൽ നമ്മുടെ രാജ്യം വേണ്ടപ്പെട്ട ജനങ്ങൾക്ക പകുത്തുകൊടുത്തു. ഇനി കോഴിക്കൂകുന്നദേശവും ചുള്ളിക്കാട്ടുമുണ്ട്. അതു നിങ്ങൾക്ക തരാമെന്നു പെരുമാളരുളിച്ചെയ്തു. അതു മതിയെന്നു നിശ്ചയിച്ചതിന്റെ ശേഷം, ചേരമാൻപെരുമാളാകട്ടെ വള്ളുവക്കോനാതിരിരാജാവിനെ കൂടെനിത്തി കോഴിക്കോട്ടും ചുള്ളിക്കാട്ടും വള്ളിമാറാടിയും കന്യാകുമാരീഗോകർണ്ണത്തിന്റെ ഇടയിൽ തെക്കവടക്ക് ആനക്കോലാൽ മുക്കോൽ വഴിയും ചേരമാൻപെരുമാൾ വാളിന്മേൽ നീരു പകന്നുകൊടുത്തു. നിങ്ങൾ ചത്തും കൊന്നും അടക്കിക്കൊൾക എന്നു ചേരമാൻപെരുമാളരുളിച്ചെയ്തു. വാളിന്മേൽ നീരും പകന്നു കൊടുത്തതിന്റെ ശേഷം വള്ളുവക്കോനാതിരിരാജാവ് ആവാഹിച്ചു നീർ മുൻപിനാൽ വാങ്ങിക്കുടിച്ചുകൊണ്ടാൻ. തൊടിക്കളത്ത് ഉണിക്കോരൻനമ്പ്യാരോട് അന്നേരം ചേരമാൻപെരുമാളരുളിച്ചെയ്തു:— കള്ളരേയും ദുഷ്ടരേയും ശിക്ഷിച്ചു പശുക്കളേയും ബ്രാഹ്മണരേയും രക്ഷിച്ചു നേരും ന്യായവും നടത്തി അറുപത്തുനാലു ഗ്രാമത്തിൽ ബ്രാഹ്മണരെ ആനന്ദിപ്പിച്ച് ഏകച്ഛത്രാധിപതിയായി ആഴിചൂഴ്വും ഊഴിയിങ്കൽ കുമാരീഗോകർണ്ണപര്യന്തം അടക്കി വാണുകൊള്ളുക എന്ന് ആജ്ഞയും നരപതിയംശത്തോടുകൂടി വാണുകൊള്ളുക എന്നനുജ്ഞയും അരുളിച്ചെയ്തു. മാനവിക്കനെന്ന രാജാവിനു വാളു കൊടുത്തു. വിക്കിരവനെന്ന രാജാവിനു നീരു കൊടുത്തു. അതു കണ്ടപ്പോൾ വള്ളുവക്കോനാതിരിരാജാവു ചേരമാൻപെരുമാളോടുണർത്തിച്ചു:— "വെട്ടിജ്ജയിച്ചുകൊൾക എന്നിട്ടല്ലോ വാളു കൊടുത്തതു; ഇനി എനിക്ക ഒരു രക്ഷ കല്പിക്കേണം." എന്ന് ഉണർത്തിച്ചതിന്റെ ശേഷം ചേരമാൻപെരുമാളാകട്ടെ "തടുത്തു നിന്നുകൊൾക" എന്നു കല്പിച്ചു. വള്ളുവക്കോനാതിരിരാജാവിനു പരിശയും കൊടുത്തു. തടുത്തു രക്ഷിപ്പാനായിട്ടു പരിശ വള്ളുവക്കോനാതിരിരാജാവിനു കൊടുത്തതിന്റെ ശേഷം ചേരമാൻപെരുമാളും ബ്രാഹ്മണരും മററു ചില പ്രഭുക്കന്മാരും കൂടിയ സഭയിന്നു കുന്നലക്കോനാതിരി

രാജാവു വാളെടുത്തുകൊൾക എന്നു പറഞ്ഞു. വള്ളുവക്കോനാതിരിരാജാവിന്റെ പരിശയ്ക്കു മൂന്നു വെട്ടുകൊടുത്തു. അതുകൊണ്ടപ്പോൾ എല്ലാപേരും വളരെ ബഹുമാനിച്ചു. ഇനിമേൽ ഇക്കേരളത്തിൽ വാഴുന്ന പ്രഭുക്കന്മാരെ ഒക്കെയും ജയിപ്പാൻ മതി എന്നു നിശ്ചയിച്ചതിന്റെശേഷം ചേരമാൻപെരുമാളരുളിച്ചെയ്തു:—തെക്കു വേണാട്ടടികളും വടക്കു കോലത്തിരിവടക്കൻപെരുമാളും ഇരുവർ ഒഴികെ ശേഷമുള്ള രാജാക്കന്മാരോടു വെട്ടിജ്ജയിച്ചുകൊൾക എന്നരുളിച്ചെയ്തു. പിന്നെ ശേഷമുള്ള പ്രഭുക്കന്മാരെ പലരേയും വരുത്തി പലവഴിയും ബോധിപ്പിച്ചു. ഇക്കേരളത്തിൽ പ്രധാനമായോരു രാജധാനി വളർഭട്ടണത്തുകോട്ടയാകുന്നതു്. മുൻപിൽ വളഭൻപെരുമാൾ വളർഭട്ടണത്തുകോട്ട തീർത്തപ്പോൾ ഇനിമേൽ കേരളത്തിങ്കൽ വാഴുന്ന രാജാക്കന്മാൎക്കു കുലരാജധാനിയെന്നും കല്പിച്ചിരിക്കുന്നു. അതുപോലെ ഞാനും കല്പിച്ചു. പിന്നെ പന്തീരാണ്ടു പന്തീരാണ്ടു തികയുമ്പോൾ എല്ലാപേരും നാടടക്കി കെട്ടും കിഴിയും വളർഭട്ടണത്തുകോട്ടയിൽ ഒപ്പിച്ചേല്പൂ എന്നു പെരുമാളും എല്ലാവരോടും അരുളിച്ചെയ്തു. എല്ലാവരും അവ്വണ്ണംതന്നെ കല്പിക്കയും ചെയ്തു. പിന്നെ കുന്നലക്കോനാതിരിരാജാവിന്റെ ബലവീൎയ്യപരാക്രമം കണ്ടപ്പോൾ നെടിയിരിപ്പിൽ സ്വരൂപമെന്നും കല്പിച്ചു. ഏറാടി നാടുവാഴുകകൊണ്ടു് ഏറനാടെന്നു കല്പിച്ചു. പിന്നെ ഇക്കേരളത്തിങ്കൽ നാലു സ്വരൂപവും പ്രധാനമായി കല്പിച്ചു. അതായതു് തെക്കു വേണാട്ട്, വടക്കു കോലത്തുനാട്ട്, പിന്നെ പെരുമ്പടപ്പുനാട്ട്, പിന്നെ ഏറനാട്ട്. ഇങ്ങനെ നാലു സ്വരൂപവും കേരളത്തിൽ പ്രധാനമായി കല്പിച്ചതിൽ കോലസ്വരൂപത്തിനു മുൻപു കല്പന എന്നു കല്പിച്ചു. പിന്നെ കോലസ്വരൂപമെന്നും കല്പിച്ചു. കോലസ്വരൂപത്തിന് അണഞ്ഞ നാട്ട് അഞ്ചെന്നും കല്പിച്ചു. വടക്കു കോലത്തുനാടു, തെക്കു വേണാട്ട് പെരുമ്പടപ്പുനാട്ട് ഏറനാട്ട് പുലനാട്ട്. ഈ അഞ്ചു നാടും കോലത്തുനാട്ടിനു ചെറുനാടെന്നും കല്പിച്ചു. ഈ അണഞ്ഞ അഞ്ചുനാട്ടിലും മികച്ച നാടു പുലനാടെന്നു പറയുന്നു. അതിനു കാരണം മനുഷ്യജന്മം പിറന്ന നായർ പ്രധാനമായ നായൎക്കു അടയാളമിട്ടു പതിനായിരം നായരേയും മുക്കാതം വഴി നാടും എഴുപത്തുരണ്ടു തറയും മൂന്നു കൂട്ടവും അഞ്ചുകമ്പടിയും പതിനെട്ടാ

ചാരവും കല്പിക്കകൊണ്ടും, മററുപല ശിക്ഷാരക്ഷയും അടുക്കും ആചാരവും ഏറ്റെറ കാൺകകൊണ്ടും പുലനാടത്രേ മികച്ചനാട് എന്നു പറയുന്നു. അഞ്ചുനാട്ടിലും പ്രധാനം കോലത്തുനാടെന്നു ചേരമാൻപെരുമാളും ബ്രാഹ്മണരും കൂടെ കല്പിച്ചിരിക്കുന്നു. അതിന്റെ പുറമേ രാജ്യമുണ്ടെന്നും പറയുന്നു. മികച്ചനാട് അഞ്ചുനാടെന്നു പറയുന്നതു് കേരളത്തിനു അണഞ്ഞനാട് അഞ്ചു നാടെന്നു പറയുന്നു. പാണ്ടിനാട് കൊങ്കനാട് വടക്ക് ആയ്യനാട് എന്നും പറയുന്നു. പുന്നനാട് ഇവയെല്ലാം കേരളത്തിൽ അണഞ്ഞനാടെന്നു പറയുന്നതു്. പിന്നെ കേരളത്തിങ്കൽ കോലത്തിനു അണഞ്ഞനാട് അഞ്ച് എന്നു ചേരമാൻപെരുമാൾ കല്പിച്ചിരിക്കുന്നു. അതിൽ മികച്ചനാടു കോലൊത്തുനാട്.

അതിന്റെശേഷം ചേരമാൻപെരുമാളാകട്ടേ പതിനേഴു നാട്ടും പതിനെട്ടു കോട്ടപ്പടിയും രക്ഷിപ്പാനായിട്ടു പതിനേഴുനാട്ടിലും ഓരോരോ പ്രഭുക്കന്മാരെ കല്പിച്ചു വാഴിക്കയും ചെയ്തു. പിന്നെ മാനച്ചനെന്ന രാജാവിന്റെ ബലവീൎയ്യപരാക്രമങ്ങളെ കാൺകകൊണ്ട് കുന്നലക്കോനാതിരിരാജാവെന്നും കല്പിച്ചു. കോഴിക്കോട്ടു വാണു വെട്ടിജ്ജയിച്ചു നാടടക്കുവാൻതക്കവണ്ണം ചേരമാൻപെരുമാളു കൊടുത്തു. നെടിയിരിപ്പുസ്വരൂപമെന്നും കല്പിച്ചു. ആ സ്വരൂപത്തിനു പല അടുക്കും ആചാരവും പ്രധാനമായി കല്പിച്ചുകൊടുത്തു. ഇങ്ങനെ പതിനേഴുനാട്ടിൽ പതിനെട്ടു രാജാക്കന്മാരേയും കല്പിച്ചു. പിന്നെ നമ്പി നമ്പിടി നമ്പൂരി നമ്പ്യാതിരി എന്നിങ്ങനെയുള്ളവൎക്കു പതിനേഴുനാട്ടിലും ഓരോരോ ദേശവും കല്പിച്ചു. അവർ ഓരോരോ സ്വരൂപത്തിനു മാടമ്പിയാക്കി കല്പിച്ചു. രക്ഷയ്ക്കും ശിക്ഷയ്ക്കും മതിയല്ല. വെള്ളാളൎക്കും പതിനേഴു നാട്ടിലും പല ദേശത്തും ഇടവാഴ്ചസ്ഥാനം കല്പിച്ചുകൊടുത്തു. അവരെക്കൊണ്ടു വകഭേദങ്ങളും തിരിച്ചു കല്പിച്ചു വാഴുവാനും കൎത്താവെന്നും കയ്മളെന്നും നമ്പിയാരെന്നും നായരെന്നും മേനോനെന്നും പിള്ളയെന്നും പണിക്കരെന്നും പല ദിക്കിലവൎക്കും പല പേരും കല്പിച്ചു. പിന്നെ പതിനേഴുനാട്ടിലും കല്പിച്ചു കല്പനയ്ക്കും അടുക്കും ആചാരത്തിനും നീതിക്കും നിലയ്ക്കും വാട്ടംവരാതെ നടത്തണമെന്നു കല്പിച്ചു. കന്യാകുമാരീഗോകൎണ്ണത്തിന്റെ ഇടയിൽ ചേരമാൻനാട്ടിനകത്തു ചേരമാൻപെരുമാൾ കല്പിച്ചു മൎയ്യാദയും അടുക്കും ആചാരവും പട്ടോലപ്പെടുവാൻ തക്കവണ്ണം

നാലാളെയും കല്പിച്ചു. കോലം വേണാട്ട പെരിമ്പടപ്പ് ഏറനാട്ട് ഈ നാലുസ്വരൂപത്തിലും നാലാളെ കല്പിച്ചതാകുന്നിതു്. കോല സ്വരൂപത്തിങ്കൽ പുതുശ്ശേരിനമ്പ്യാരു നാട്ടധികാരി കണക്കപ്പിള്ള എന്നും കല്പിച്ചു. വേണാട്ടു തൃപ്പാസ്വരൂപത്തിങ്കൽ കേളോത്ത് ഓമനപുതിയകോയിക്കൽ പണ്ടാരപ്പിള്ളയെന്നും കല്പിച്ചു. പിന്നെ പെരുമ്പടപ്പിൽസ്വരൂപത്തിങ്കൽ പാലിയത്തുമേനോനെന്നും കല്പിച്ചു. നെടിയിരിപ്പുസ്വരൂപത്തിങ്കൽ മങ്ങാട്ടു രയരച്ചമേനോനെന്നും കല്പിച്ചു. ഇങ്ങനെ നാലുസ്വരൂപത്തിങ്കലും ആചാരം പട്ടോലപ്പെടുവാൻ ആളെ കല്പിച്ചതിൽ മങ്ങാട്ടു രയരച്ചമേനോന്ന പ്രഭുത്വം കൂടെ കല്പിച്ചിരിക്കുന്നു. അതുകൊണ്ടു ശേഷം മൂന്നാളുകളും മങ്ങാട്ടു രയരച്ചമേനോന്നു വഴക്കം ചെയ്യേയ്ക്കയെന്നും കല്പിച്ചു.

പിന്നെ കൎക്കടകവ്യാഴം മകരമാസത്തിൽ വരുന്ന സത്പൂയത്തുനാൾ തിരുനാവായിമണല്പുറത്ത് ഇന്നാലു പട്ടോലക്കാരും ഒരു നിലയിൽ കൂടി, ഇന്നാലു പട്ടോലയും നിവൎന്നു കുമാരീഗോകൎണ്ണത്തിനകത്തു കല്പിച്ച മൎയ്യാദയും അടക്കും ആചാരവും മേല്പെട്ടുത്തു പതിനേഴനാട്ടിലുള്ള പ്രഭുക്കളേയും അറുപത്തുനാലു ഗ്രാമത്തിലുള്ള വേദബ്രാഹ്മണരേയും നമ്പി നമ്പിടി നമ്പൂരി നമ്പിയാതിരി എന്നിങ്ങനെയുള്ള മാടമ്പിയായി കല്പിച്ചവരേയും മററു ശേഷമുള്ള പ്രഭുക്കന്മാരേയും അടക്കം ആചാരവും ബോധിപ്പിച്ചു. ചൊവ്വരക്കൂററിൽ വള്ളുവക്കോനാതിരിരാജാവിൻെറ തൃക്കൈകൊടയ്ക്കു വേലയായി തിരുനാവായി മണല്പുറത്തുകൂടി. പിന്നെ പതിനേഴനാട്ടിലുള്ള പ്രഭുക്കൾക്ക് ഒക്കെയും അലങ്കാരമായൊരു മഹാമകവേല നടത്തുവാനും കല്പിച്ചു. പിന്നെ കോലസ്വരൂപത്തിങ്കൽ വളൎഭട്ടണത്തുകോട്ടയിൽ കാലാന്തരത്തിങ്കൽ പതിനേഴുനാട്ടിലുള്ള പ്രഭുക്കന്മാരുടേയും കുറവുതീൎത്തു കെട്ടും കിഴിയും അവിടെ കല്പിച്ചു. മാടമ്പികളും ലോകരും കേരളത്തിങ്കൽ കല്പിച്ച മൎയ്യാദയും അടക്കം ആചാരവും പട്ടോലപ്പെട്ടുത്തു. പട്ടോലക്കാരരു നാലുപേരും വളൎഭട്ടണത്തുകോട്ടയിൽ ചേരമാൻകോട്ടയിൽ പതിനേഴുനാട്ടിൻെറ കുറവുംതീൎത്തു. പതിനേഴുനാട്ടിലുള്ള മാടമ്പികളും കെട്ടും കിഴിയും വച്ചു. കോലത്തിരിവടക്കൻപെരുമാളുടെ തൃക്കാൽ കണ്ടു വഴക്കം ചെയ്തു. കുമാരീഗോകൎണ്ണത്തിൻെറ ഇടയിൽ അകത്തും പുറത്തും ചാന്ന ശൂദ്രർ തൊള്ളായിരത്തിനാല്പത്തിനാലില്ലം, മൂന്നന്ത

ത്തൻപതിനായിരം നായർ മുതുനിവന്നനായർ, കോലത്തിരിവടക്കൻപെരുമാൾക്കു തലവഴക്കം കല്പിച്ച നായരുമായിക്കൂടി, തെക്കുംക്കൂററിൽ കാരിഷത്തിൻെറ വായിലെ നാവിന്നും വലത്തെക്കൈയ്യും വഴക്കാചെയ്യ്, വായും കയ്യും അടക്കി ഒരു നിരായായിരന്നു പട്ടോലയും, നിവന്ന പട്ടോലനാലും ഒരു നിലയായി കല്പിച്ചു. കോലസ്വരൂപത്തിങ്കൽ പുതുശ്ശേരിനമ്പ്യാർ നാട്ടധികാരികണക്കപ്പിള്ളയുടെ പട്ടോല മുൻപാകി ആചാരം മേല്പെട്ടുത്തു. പതിനേഴനാട്ടിൽ കല്പിച്ച മാടമ്പികൾക്കും ശേഷമുള്ള നായൎക്കും അട്ടത്തതിനെ കൊട്ടുത്തു. പിന്നെ കോലസ്വരൂപത്തിൽ കല്പിച്ച നായർ മൂന്നുറായിരത്തമ്പതിനായിരം നായൎക്കും തെക്കുംകൂറിൽ കാരിഷത്തെക്കൊണ്ട് ഒരുകോൽക്കു് അടക്കിച്ച് അവരെകൊണ്ടു തലവഴക്കം കഴിപ്പിച്ചു. കന്യാകുമാരിഗോകൎണ്ണത്തിൻെറ ഇടയിൽമേൽക്കോയ്മസ്ഥാനം നടത്തുവാൻ വളർഭട്ടണത്തുകോട്ടയിൽ കോലത്തിരിവടക്കൻപെരുമാൾക്കു രാജ്യാഭിഷേകം കഴിപ്പാൻ അറുപത്തുനാലുഗ്രാമത്തിൻെറ കുറവും തീൎത്തുപോരുന്ന വേദബ്രാഹ്മണരേയും നമ്പി, നമ്പിടി, നമ്പൂരി, നമ്പിയാതിരി എന്നിങ്ങനെയുള്ളവരേയും ശേഷമുള്ള പ്രഭുക്കന്മാരേയും പതിനേഴനാട്ടിൽ കല്പിച്ച മാടമ്പികളേയും ബോധിപ്പിച്ചു. തിരുനാവായിമണല്പുറത്തുനിന്നു കല്പിച്ച കല്പനയും അട്ടക്കും ആചാരവും മേൽപ്പെട്ടപ്പാൻ നാലുപട്ടോലക്കാരേയും കല്പിച്ചു. കോലം വേണാട്ട പെരുമ്പടപ്പ് ഏറനാട്ട് ഈ നാലുസ്വരൂപത്തിനും, കമ്മട്ടം തുറന്നു നാണിയമടിച്ചു നാണിയം നടത്തുവാനും കല്പിച്ചു.

പിന്നെ വളർഭട്ടണത്തുകോട്ടയിൽ കമ്മട്ടംഅടിച്ച നാണിയം കുമാരീഗോകൎണ്ണപൎയ്യന്തം നടത്തണമെന്നും കല്പിച്ചു. പിന്നെ പലദിക്കിലും പലൎക്കു പല ശിക്ഷയും കല്പിച്ചു. പിന്നെ നായർ തങ്ങളിൽ ആരോരോ ക്രുദ്ധചൊല്ലി വിവാദമുണ്ടായാൽ കോലസ്വരൂപത്തിങ്കൽ ഒരു നാല്പത്തീരടിയിൽകൊണ്ടുക്കൂട്ടി അതിൻെറ മൊഴി ചൊല്ലി നായർ തങ്ങളിൽ കുറിച്ചു ജയിച്ചുകൊൾക. കുറിച്ചു ജയിക്കുന്നവൎക്കു മൊഴിയെന്നും കല്പിച്ചു. നായരുടെ തലവഴക്കം കോലത്തിരിവടക്കൻപെരുമാൾ കല്പിക്കകൊണ്ടു കോലസ്വരൂപത്തിന് എഴുത്തിന് അവകാശമെന്നും കല്പിച്ചു. പതിനേഴനാട്ടിലുള്ള നായരു തങ്ങളിൽ വിവാദമുണ്ടായാൽ കോലസ്വരൂപത്തിങ്കൽ വളർഭട്ടണത്തുകോട്ടയിൽ കെട്ടും കിഴിയും ഒപ്പിച്ചതിൻെറശേഷം വഴിയും മൊഴിയും കോലത്തിരിവടക്കൻപെരുമാളോട്ട് ഉണ്ണ

ത്തീട്ട്, നായരുടെ തലവഴക്കം കഴിപ്പിച്ചു, നായക്കൂട്ടത്തതിനെ കൊടുത്തു വഴിയും മൊഴിയും തിരിച്ചുകൊള്ളുക എന്നും കല്പിച്ചു അങ്കം കോലസ്വരൂപത്തിന്നുതന്നെയെന്നും കല്പിച്ചു. പിന്നെ വെള്ളാളസ്വരൂപത്തിങ്കൽ ചെന്നു നായക്ക് ഒരു പഴ കിഴാകകൊണ്ട്, അവരും തിരുനാവായിമണല്പുറത്തു ചെന്നു പെരുമാളും തൃക്കാൽകണ്ടു തൊഴുതതിന്റെശേഷം അവൎക്കും പതിനെട്ടുനാട്ടിലും പാട്ടം മുന്നാഴിയും കല്പിച്ചുകൊടുത്തു. മുന്നാഴിപ്പാട്ടിന്നും പതിനെട്ടാചാരമെന്നും കല്പിച്ചു. അതു് എന്തെല്ലാമെന്നു—മുൻപിൽ ചെന്നു അവസ്ഥ പറക. പിറ്റെന്നാൾ ചെന്നു വീട്ടിൽപാൎക്ക. പിറ്റെന്നാൾ വഴിയേ പാൎക്ക. വഴിയെ പാൎത്താൽ അനുവദിയാതെ കുളിച്ചുവെങ്കിൽ തെരുപ്പിക്ക. പിറ്റെന്നാൾ കുളിച്ചുണ്മാൻ കൊടുത്തുവെങ്കിൽ ഉണ്മാൻ സമ്മതിക്കാം. പിന്നെ ഒരു കോട്ടിൽ കയ്യേററാൽ കുറിക്ക. പിന്നെ മുന്നാഴിക്കാരൻ കോട്ടിലുറപ്പിച്ചുനിൽക്ക. അവിടെ തീൎന്നില്ലെങ്കിൽ പിന്നെ അക്കോട്ടിലുടയവരും മുന്നാഴിക്കാരനു മനസ്സുചെന്ന കോട്ടിലുടയവൻ മുതലാളെ വരുത്തി കൂടി പറയിക്കകൊണ്ട് അവനെയും മുതലാളെയും കൂടിവച്ചു കോട്ടിലുടയവൻ കാൎയ്യം കയ്യേററു കുറിക്ക. പിന്നെ കോട്ടിലുടയവൻ മുന്നാഴിക്കാരനു ചെലവിനു കൊടുത്തു മുന്നാഴിക്കാരനെ പിരിക്ക. കുറിക്കൊക്ക പെട്ടാൽ കോട്ടിലുടയവൻആളെക്കൂട്ടി മുന്നാഴിക്കാരനെ അയയ്ക്ക. ചെന്നാൽ കണ്ടതുമില്ലെങ്കിൽ അന്നു് അവസ്ഥ പറക. പിറ്റെന്നാളും വീടു പാൎക്ക. പിന്നെ കോളാളെ കാണാഞ്ഞിൽ അന്യായക്കുറ പറഞ്ഞു നിന്നു് ഒരു പട്ടിണി അവിടെത്തന്നെ കഴിച്ചു പിറ്റെന്നാൾ തണ്ണീർകോരുകയും വെച്ചൂട്ടും വിലക്കുക. പിന്നെ കാൎയ്യം പറഞ്ഞില്ലെങ്കിലും തടുത്താൽ നിന്നില്ലെങ്കിലും വിലക്കിയാൽ വിരോധം നീക്കീടുകയും നാലയൽപക്കത്തും നാലാളെയും ബോധിപ്പിച്ചു് അന്യായക്കുറ പ്രവൎത്തിച്ചുകൊള്ളുക. അഞ്ചുഭയത്തിന്നും നിലത്തിന്നും വിരോധം കൂടാതെ മററു പലപ്രകാരം ഓരോ അന്യായക്കുറ ക്രമത്താലെ ചെയ്തുകൊള്ളുക. അഞ്ചുഭയത്തിന്നും കുടിയിരിപ്പിന്നും വിരോധം വരുത്തുകിലും ഈവണ്ണമെല്ലാം ക്രമത്തോടെ ചെയ്തിട്ടില്ലെങ്കിൽ അതിക്രമമായ്വരും. അതിനാൽ മുതലും മുന്നാഴിയും ഒഴിഞ്ഞുപോകും. പിന്നെ അവർ കോയിക്കൽ ചെല്ലും. അവിടെ കേൾപ്പിക്കും. അവിടെ നേരും ന്യായവും കേൾപ്പിച്ചാൽ ഒരു പിഴയ്ക്കു കോട്ടിലെ ന്യായവും കോയ്മയിലും

ചെല്ലും. കോയ്മമൎയ്യാദ കോട്ടിലും ചെല്ലും. പിന്നെ നട്ടവൻ കൂടേണ്ടതാകുന്നതു. ഇടത്തിലും "മഠത്തിലും പടക്കോട്ടിലും വിധിക്കോട്ടിലും" എന്നിങ്ങനെ എല്ലാമുള്ളിടത്താകുന്നു നട്ടക്കൂട്ടം കൂടേണ്ടുന്ന സ്ഥാനങ്ങളെന്നറിക. പിന്നേതിൽ കൂട്ടംകൂടേണ്ടതു വാഴപ്പുറമ്പത്തു വിട്ടും പടിക്കലും ചങ്ങാതി വീണേടത്തും വീഴ്വം വീണേടത്തും മാടിവിളിച്ചിടത്തും ഈരപ്പള്ളിയിലും ഓലപ്പടകളിലും ഇങ്ങനെയെല്ലാമുള്ളിടത്തല്ലോ ലോകരേ കൂട്ടമെന്നും കല്പിച്ചതാകുന്നതു്. ശേഷമെന്നും ഇങ്ങനെ പലതും പറവാനുണ്ടല്ലോ.

ചേരമാൻപെരുമാളാകട്ടെ ഇക്കേരളത്തിങ്കൽ എഴുപത്തിരുകുലത്തിനും പല ദിക്കിൽ പല പ്രകാരമോരോരോ മൎയ്യാദയും മട്ടും ആചാരവും കല്പിച്ചുകൊടുത്തപ്രകാരമുള്ള പരമ്പര വളരെ പറവാനുണ്ടു്. പിന്നെ ചേരമാൻപെരുമാളാകട്ടേ പതിനേഴനാട്ടും രക്ഷിപ്പാനായിട്ടു പതിനേഴനാട്ടിലും ഓരോരോ പ്രഭുക്കന്മാരെ കല്പിക്കയെന്നു് ആ തിരുമനസ്സിൽ നിശ്ചയിച്ചതിന്റെ ശേഷം, മുൻപിനാൽ ഇക്കേരളത്തിങ്കൽ മേൽക്കോയ്മസ്ഥാനം നടത്തി നാട്ടു പരിപാലിപ്പാൻ കല്പിച്ചതു കോലത്തിരിവടക്കൻ പെരുമാൾക്കാകുന്നതു്. തെക്കു വേണാട്ടടികളെ കല്പിച്ചു. പിന്നെ പെരുമ്പടപ്പുസ്വരൂപത്തിൽ കല്പിച്ചു. പിന്നെ തുളുനാട്ടിൽ കവിസിംഹർപ്രഭുവെ കല്പിച്ചു. പിന്നെ തുളുനാട്ടുവമ്പരെന്ന പ്രഭുവെ കല്പിച്ചു. പിന്നെ അജിലരപ്രഭുവെ കല്പിച്ചു. പിന്നെ സവിട്ടർപ്രഭുവെ കല്പിച്ചു. പിന്നെ സാമന്തരെന്ന പ്രഭുവെ കല്പിച്ചു. പിന്നെ കുറുംബർസ്വരൂപത്തേ കല്പിച്ചു. പിന്നെ വെട്ടത്തുസ്വരൂപത്തെ കല്പിച്ചു. പിന്നെ ഓണനാട്ടു കായംകുളത്തു് ഏറായിസ്വരൂപത്തെ കല്പിച്ചു. പിന്നെ തെക്കുംകൂറു കല്പിച്ചു. പിന്നെ പന്തളത്തുരാജാവിനെ കല്പിച്ചു. പിന്നെ ആറങ്ങോട്ടുസ്വരൂപത്തെ കല്പിച്ചു. പതിനേഴ പ്രഭുക്കന്മാരെ കല്പിച്ചതിന്റെശേഷം നെടിയിരിപ്പുസ്വരൂപത്തെ കല്പിച്ചു. അവിടെ പെരുംതൃക്കോവിലപ്പന്റെ അംശമെന്നും കല്പിച്ചു. അങ്ങിനെ കല്പിച്ചതിന്നു് എന്തു കാരണമെന്നു:— മുൻപിനാലാൎയ്യപ്പെരുമാൾ വാഴുന്നകാലത്തു നൂററവുപത്തു കാതവും നടന്നു നാട്ടു കണ്ടു പതിനേഴനാടാക്കി. പതിനേഴനാട്ടുകൊണ്ടു പതിനെട്ടു ഖണ്ഡമാക്കിക്കല്പിക്കുമ്പോൾ അതിലൊരു ഖണ്ഡം പെരുംതൃക്കോവിലപ്പന്നു് എന്നല്ലോ കല്പിച്ചതു്. പിന്നെ പതിനേഴ നാട്ടിനും രക്ഷ പെരുംതൃക്കോവിലപ്പൻതന്നെയെന്നും കല്പിച്ചു. അതി

ന്റെശേഷമല്ലോ ചേരമാൻപെരുമാൾ ശ്രീപരശുരാമഭൂമി നൂററരുപത്തുകാതംവഴി നാട്ട രക്ഷിപ്പാനായിട്ടു ബ്രാഹ്മണരോടു നീരു വാങ്ങിയതു്. അതുകൊണ്ടു പതിനേഴുനാട്ടിലും ഓരോരോ നാട്ടിൽ ഓരോരുത്തരെയല്ലോ വാഴിക്കയെന്നു നിശ്ചയിച്ചു. പതിനേഴുനാട്ടിൽ പതിനേഴ പ്രഭുക്കന്മാരെ കല്പിച്ചതിന്റെശേഷമല്ലോ നെടിയിരിപ്പുസ്വരൂപത്തെ കല്പിച്ചതു്. അതുകൊണ്ടേ പെരുംതൃക്കോവിലപ്പന്റെ അംശമെന്നു കണ്ടതു്.

എങ്കിലോ പണ്ടു ശ്രീപരശുരാമനാൽ പടയ്ക്കപ്പെട്ടോരു കർമ്മഭൂമി കേരളം നൂററരുപതു കാതം വഴി നാട്ടു പരിപാലിച്ചതിന്റെശേഷം ചേരമാൻപെരുമാൾ പതിനേഴുനാട്ടിലും ഓരോരോ പ്രഭുക്കന്മാരെ കല്പിച്ചു വാഴിക്കയും ചെയ്തു. അഞ്ചുവഴി ക്ഷത്രിയരേയും, എട്ടുവഴി സാമന്തന്മാരെയും പതിനെട്ടുനാട്ടിലും വെവ്വേറെ തിരിച്ചു കല്പിച്ചു. ആറുവഴി വെള്ളാളൎക്കു ഇട വാഴ്ചസ്ഥാനവും കല്പിച്ചു കൊടുത്തു. പതിനേഴ്നാട്ടിലുള്ള പ്രഭുക്കന്മാരേയും നമ്പി, നമ്പിടി, നമ്പ്യാതിരി എന്നിങ്ങനെയുള്ളവരേയും പതിനേഴനാട്ടിലും കല്പിച്ചു. മാടമ്പികളേയും തിരുനാവായി മണല്പുറത്തു വരുത്തി, അറുപത്തുനാലു ഗ്രാമത്തിൽ ബ്രാഹ്മണരേയും അവിടെ വരുത്തി; എല്ലാവരേയും ബോധിപ്പിച്ചു. പതിനേഴ നാട്ടിലും പല രക്ഷയും ശിക്ഷയും കല്പിച്ചു. പതിനേഴനാട്ടിലുള്ള പ്രഭുക്കന്മാരെക്കൊണ്ടു പല സമയവും സത്യവും കഴിപ്പിച്ചു ബ്രാഹ്മണരെ ബോധിപ്പിച്ചു. പതിനേഴനാടും പതിനെട്ടു കോട്ടപ്പടിയും രക്ഷിപ്പാൻ പതിനേഴനാട്ടിലും ഓരോരോ പ്രഭുക്കന്മാരെയും കല്പിച്ചു. അറുപത്തുനാലു ഗ്രാമത്തിൽ വേദബ്രാഹ്മണരേയും ആനന്ദിപ്പിച്ചു. അവരുടെ അനുഗ്രഹത്തോടും ചേരമാൻപെരുമാൾ തിരുനാവായിമണല്പുറത്തുനിന്നു തിരുവഞ്ചിക്കുളത്തെഴുന്നള്ളി. തിരുവഞ്ചിക്കുളത്തിന്നു വേദക്കാരുടെ കപ്പൽ കരയ്ക്കെത്തിച്ചു. തിരുവഞ്ചാഴിമുഖത്തുനിന്നും വേദക്കാരുമായി ചേരമാൻ പെരുമാൾ അശ്രുവിന്നു എഴുന്നള്ളുകയും ചെയ്തു. "ചേരമാന്ദേശഃ പ്രാപ്യഃ" എന്നു കലി. ചേരമാൻ പെരുമാൾ അശ്രുവിന്നു എഴുന്നള്ളിയശേഷം, നാട്ടിൽ വൎത്തമാനം വളരെ പറവാനുണ്ടുതേ. കോലസ്വരൂപത്തിങ്കൽ നടന്ന മൎയ്യാദയെ പറയുന്നു.

എങ്കിലോ പണ്ടു ശ്രീപരശുരാമഭൂമി കേരളം നൂററരുപതു കാതം നാട്ടു തെക്കുവടക്കു കന്യാകുമാരീഗോകൎണ്ണത്തിന്റെ

യിടയിൽ ചേരമാൻ നാട്ടുവാണു രക്ഷിപ്പാനായിട്ടു കരിപ്പത്തുകോവിലകത്തു് ഉദയവർമ്മകോലത്തിരി വടക്കൻ പെരുമാളെ തമ്പുരാൻ വളർഭട്ടണത്തുകോട്ടയിൽ ചേരമാൻകട്ടിലയ്ക്കകത്തു കൈപിടിച്ചിരുത്തി കിരീടപതിയാക്കി കേരളാധിപതിയെന്നു കല്പിച്ചു. രാജ്യാഭിഷേകവും കഴിപ്പിച്ചു, കുമാരീഗോകർണ്ണപര്യന്തം മേൽക്കോയ്മസ്ഥാനവും പതിച്ചുകൊടുത്തു, ചേരമാൻപെരുമാളെന്ന തമ്പുരാൻ അസ്തുവിനു എഴുന്നള്ളിയശേഷം നമ്മുടെ തമ്പുരാൻ കോലത്തിരിത്തമ്പുരാൻ വളർഭട്ടണത്തുകോട്ടയിൽ മൂപ്പത്തെവർ പരദേവതമാർ പരിപാലിച്ച്, ശാശ്വതത്തു പൂജയും വിളക്കും ശീവേലിയും കഴിപ്പിച്ചു സ്ഥാനദൈവത്തിനും സ്ഥലപരദേവതമാൎക്കും ചെയ്യേണ്ടും പാട്ടുംകൂത്തും വേലയും വിളക്കും ഊട്ടും നിറയും കൊടുപ്പിച്ചു. പിന്നെ കല്പിച്ചു കല്പനയ്ക്കും അടുക്കും ആചാരത്തിനും അംശത്തിനും അവകാശത്തിനും താഴ്ചയും വീഴ്ചയും വരാതെ രക്ഷിച്ചു പരിപാലിക്കണമേയെന്നു തിരുമനസ്സിൽ കരുതി, മൂന്നുന്തുറായിരത്തൻപത്തിനായിരം നായരെയും തലതികളുക്കൂട്ടി ഒരു കോൽക്കാക്കി അടക്കി അവരെക്കൊണ്ടു് ഓരോരോ വകഭേദങ്ങളും തിരിച്ചു കല്പിച്ചു ഓരോ സ്ഥാനം ചൊല്ലിയും കൂറുചൊല്ലിയും തങ്ങളിൽ തങ്ങളിൽ പിണങ്ങി സ്ഥാനത്തിനും തറവാട്ടിനും കല്പനയ്ക്കും നീക്കം വരരുതെന്നും കല്പിച്ചു. അകത്തു ചാരുന്നവരേയും പുറത്തു ചാരുന്നവരേയും ഒരുപോലെ കല്പിച്ചു. തെക്കുംകൂറ്റിൽ കാരിഷം ഒരാചാരംകൊണ്ടു രണ്ടാളെ കല്പിച്ചതിൽ മുരുക്കുംചേരികാരിഷത്തിന്നു മുൻപ് എന്നതല്ലോ കല്പിച്ചതു്. മുണ്ടയാടൻകാരിഷത്തിന്നു പിൻപു എന്നും കല്പിച്ചു. ഇന്നാലില്ലത്തിലും, ചെങ്ങുനിമുരിക്കഞ്ചേരി അകത്തതിൽ മുരിക്കഞ്ചേരിക്കു മുൻപ്. ചെങ്ങുനീരു പിൻപു ചൊടവൻ. മുണ്ടയാടൻ പുറത്തു അതിൽ മുണ്ടയാടനു മുൻപു. ചൊടവനു പിൻപ് അകത്തും പുറത്തും ഈ നാലില്ലത്തിനും കൂടി ഒരാചാരം തെക്കുംകൂറ്റിൽ കാരിഷമെന്നും കല്പിച്ചു. അതിൽ ചെങ്ങുനിമുരിക്കഞ്ചേരിക്കു മുൻപും കയ്യുമെന്നും കല്പിച്ചു. ചൊടവൻമുണ്ടായാടനു പിൻപും കല്പനയെന്നും കല്പിച്ചു. കോട്ടയിൽ പലൎക്കും പല അടുക്കും ആചാരവും കല്പിച്ചു.

... ... ... ... ... ... ... ... ... ... ... ...
... ... ... ... ... ... ... ... ... ... ... ...

# LIST OF MALAYALAM PUBLICATIONS FOR SALE

## ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—ഗുരുദക്ഷിണപ്പാട്ട് | 0 | 7 | 0 |
| No. 2—ശതമുഖരാമായണം (കിളിപ്പാട്ട്) | 0 | 7 | 0 |
| No. 3—ഭദ്രോത്പത്തി (കിളിപ്പാട്ട്) | 0 | 10 | 0 |
| No. 4—പാർവ്വതീപരിണയം (കിളിപ്പാട്ട്) | 0 | 12 | 0 |
| No. 5—പടപ്പാട്ട് (കിളിപ്പാട്ട്) | 0 | 14 | 0 |
| No. 6—കല്യാണസൌഗന്ധികം (ഭാഷാചമ്പു) | 0 | 6 | 0 |
| No. 7—പ്രഹ്ളാദചരിതം (ഹംസപ്പാട്ട്) | 0 | 5 | 0 |
| No. 8—ഗിരിജാകല്യാണം (ഗീതപ്രബന്ധം) | 1 | 0 | 8 |
| No. 9—വ്യവഹാരമാല (സ്മൃതിഗ്രന്ഥം) | 3 | 1 | 8 |
| No. 10—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൧-ാംവാല്യം | 1 | 0 | 8 |
| No. 11—കൃഷ്ണലീല (ഗീതപ്രബന്ധം) | 0 | 4 | 0 |
| No. 12—വിംശതി (സവ്യാഖ്യാനം) | 0 | 7 | 0 |
| No. 13—മോക്ഷദായകം (കിളിപ്പാട്ട്) | 0 | 8 | 0 |
| No. 14—ശ്രീമദ്ഭാഗവതം ഭാഷാ (ഗദ്യം) ൨-ാംവാല്യം | 1 | 7 | 10 |
| No. 15—ഭാഷാരാമായണചമ്പു (ബാലകാണ്ഡം) | 1 | 7 | 10 |
| No. 16—പാർവ്വതീപാണിഗ്രഹണം (ആറുവൃത്തം) | 0 | 4 | 0 |
| No. 17—പ്രൈഷം (ഭാഷ്യഭൂഷിതം) | 0 | 7 | 0 |
| No. 18—ഭീഷ്മോപദേശം (ഹംസപ്പാട്ട്) | 0 | 12 | 0 |
| No. 19—ഭാഷാരാമായണചമ്പു (അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം) | 1 | 7 | 10 |
| No. 20—ഭാഷാരാമായണചമ്പു (സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം) | 1 | 7 | 10 |
| No. 21—വിഷ്ണുഗീത (ഹംസപ്പാട്ട്) (രണ്ടാംപതിപ്പ്) | 0 | 14 | 0 |
| No. 22—തത്ത്വമസിവ്യാഖ്യാനവും തത്ത്വമസിമഹാവാക്യക്കട്ടിളയും | 0 | 4 | 0 |
| No. 23—ബ്രഹ്മാനന്ദവിവേകസമുദ്രം | 0 | 4 | 0 |
| No. 24—കണ്ണശ്ശഭാരതം (ഒന്നാംഭാഗം) | 0 | 14 | 4 |
| No. 25—രണ്ടു ഭാഷാചമ്പുക്കൾ (ദ്വിതീയസംസ്കരണം) | 0 | 4 | 0 |

## ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—വൈദ്യമഞ്ജരി | 1 | 7 | 10 |
| No. 2—ജാതകപദ്ധതി (സവ്യാഖ്യാനം) | 0 | 21 | 0 |
| No. 3—ഭാഷാജാതകപദ്ധതി | 1 | 0 | 8 |
| No. 4—പ്രശ്നഭാഷ | 0 | 5 | 0 |
| No. 5—മുഹൂർത്തപദവി (സവ്യാഖ്യാനം) | 0 | 10 | 0 |
| No. 6—ബാലശങ്കരം (പൂർവ്വഭാഗം) | 0 | 14 | 0 |
| No. 7—ആര്യഭടീയം ഗീതികാപാദം (സവ്യാഖ്യാനം) | 0 | 4 | 0 |
| No. 8—രസവൈശേഷികം (വൈദ്യം) (ഭാഷ്യസഹിതം) | 2 | 1 | 0 |
| No. 9—ജ്യോത്സ്നിക (വിഷവൈദ്യം) | 0 | 14 | 0 |
| No. 10—തന്ത്രയുക്തിവിചാരം (വൈദ്യം) | 0 | 10 | 11 |
| No. 11—പ്രശ്നസാരം | 0 | 14 | 0 |
| No. 12—കൌടലീയം (ഭാഷാവ്യാഖ്യാനസഹിതം) ൧-ാംവാല്യം | 1 | 0 | 8 |
| No. 13—ബാലശങ്കരം (മദ്ധ്യമഭാഗം) | 2 | 1 | 0 |
| No. 14—നാരായണീയം (സവ്യാഖ്യാനം പ്രഥമഭാഗം) | 4 | 2 | 0 |
| No. 15—ബാലശങ്കരം (അന്തിമഭാഗം) | 0 | 10 | 0 |
| No. 16—അഷ്ടാങ്ഗസാരം ഭാഷ | 0 | 4 | 0 |
| No. 17—നാരായണീയം (സവ്യാഖ്യാനം ദ്വിതീയഭാഗം) | 3 | 1 | 8 |
| No. 18—കേരളചരിതം | 0 | 4 | 0 |
| No. 19—യോഗാമൃതം | 1 | 0 | 0 |

## ശ്രീചിത്രോദയമഞ്ജരീഭാഷാഗ്രന്ഥാവലി.

| | രൂ. | ച. | കാ. |
|---|---|---|---|
| No. 1—കണ്ണശ്ശഭാഗവതം (൧-ാംഭാഗം) | 1 | 0 | 8 |
| No. 2—രാസക്രീഡ (കഥകളി) | 0 | 4 | 0 |
| No. 3—പലവക ഒററശ്ലോകങ്ങൾ | 0 | 4 | 0 |
| No. 4—രാമചരിതം | 3 | 1 | 8 |
| No. 5—ഭരതവാക്യം | 0 | 4 | 0 |
| No. 6—നാരായണീയം (സവ്യാഖ്യാനം തൃതീയഭാഗം) | 2 | 15 | 4 |

| | രൂ. | ച. | കാ. |
|---|---|---|---|
| No. 7—നാരായണീയം (സവ്യാഖ്യാനം ചതുർത്ഥഭാഗം) | 3 | 1 | 8 |
| No. 8—ബ്രഹ്മാണ്ഡപുരാണം ഭാഷാ | 0 | 7 | 0 |
| No. 9—ഹര്യക്ഷമാസസമരോത്സവം | 0 | 4 | 0 |
| No. 10—പരമാർത്ഥസാരം ഭാഷാ | 0 | 4 | 0 |
| No. 11—ആത്മബോധം (ഭാഷാവ്യാഖ്യാസഹിതം) | 0 | 4 | 0 |
| No. 12—ദേവീമാഹാത്മ്യം ടി | 1 | 0 | 8 |
| No. 13—വലവീശുപുരാണം | 0 | 7 | 2 |
| No. 14—നാരായണീയം (സവ്യാഖ്യാനം ൫-ാം ഭാഗം.) | 3 | 1 | 8 |
| No. 15—ഭഗവദ്ഗീതാ (ഭാഷാവ്യാഖ്യാസഹിതം) | 1 | 0 | 0 |
| No. 16—നാരായണീയം (ലക്ഷ്മീവിലാസവ്യാഖ്യാനസഹിതം) (ഷഷ്ഠഭാഗം) | 3 | 14 | 4 |
| No. 17—കണ്ണശ്ശഭാഗവതം (൨-ാംഭാഗം) | 1 | 8 | 0 |
| No. 18—നാരായണീയം (ലക്ഷ്മീവിലാസവ്യാഖ്യാനസഹിതം) (സപ്തമഭാഗം) | 4 | 0 | 0 |
| No. 19—കൌടലീയം (ഭാഷാവ്യാഖ്യാനസഹിതം) രണ്ടാംവാല്യം | 1 | 14 | 4 |

## IN THE PRESS

൧. ജ്യോത്സ്നിക (ദ്വിതീയസംസ്കരണം)

൨. തന്ത്രസമുച്ചയം (ഭാഷാവ്യാഖ്യാനസഹിതം)

൩. ശേഷസമുച്ചയം ടി

ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൧൮.

# കേരളചരിത്രം



6055

ആക്ടിങ് ക്യൂറേട്ടർ

കെ. മഹാദേവശാസ്ത്രികൾ

പരിശോധിച്ചു്

മഹോന്നതമഹാമഹിമശ്രീ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതു്.

---

ദ്വിതീയസംസ്കരണം

---

തിരുവനന്തപുരം:

തിരുവിതാംകൂർ സക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു്,

൧൧൧൨.